# സുന്നത്ത്

## സ്വർഗത്തിന്റെ താക്കോൽ

{مفتاح الجنة في الاحتجاج بالسنة}

[ Malayalam – മലയാളം – مليالم ]

### തയ്യാറാക്കിയത്:

ഇമാം ജലാലുദ്ദീൻ അബ്ദുർറഹ്മാൻ സുയൂത്തി(ﷺ)

إعداد: امام جلالدين عبد الرحمان الصيوطى

### വിവർത്തനം:

ശമീർ മദീനി

ترجمة : شمير مديني


**Daawa books**

**P.B. No: 1981**
Vyttila, Kochi
Ph: 0091-484-2301275
Email: info@dawabooks.org

مكتب الدعوة ، جمعية مشكاة الحق

كوجين ، كيرلا ، الهند

islamhouse

1433هـ - 2012م

المكتب التعاوني للدعوة وتوعية الجاليات بالربوة
Islamic Propagation Office in Rabwah
P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com




## താളുകളിൽ


പ്രസാധകക്കുറിപ്പ്- (3)

സ്വർഗത്തിന്റെ താക്കോൽ (4)

സുന്നത്തിനെ കുറിച്ച് ഇമാം ശാഫിഈ(ﷺ)യുടെ വാക്കുകൾ (7)

സുന്നത്തിന്റെ പ്രമാണികതയെ സംബന്ധിച്ച് ഇമാം ബൈഹഖി(ﷺ)യുടെ വാക്കുകൾ(12)

ഖുർആൻ മാത്രം സ്വീകരിച്ചാൽ മതി എന്ന് പറയുന്നവർക്കുള്ള മറുപടിയും അതിന്റെ ബാലിശത വിശദമാക്കലും (15)

നബിയുടെ സുന്നത്തുകൾ പഠിപ്പിക്കലും അത് പിൻപറ്റേണ്ടതിന്റെ അനിവാര്യതയും(17)

സുന്നത്തിന്റെ വിവിധ രീതികൾ (24)

നബി(ﷺ)യെ അനുസരിക്കാനുള്ള അല്ലാഹുവിന്റെ കൽപനയും നബി(ﷺ) യ്ക്കുള്ള അനുസരണം അല്ലാഹുവിനുള്ള അനുസരണമാണ് (30)

ഹദീഥുകൾ കയ്യൊഴിക്കുന്ന ചിലർ തെളിവാക്കുന്ന, സുന്നത്ത് ഖുർആനുമായി ഒത്തുനോക്കണമെന്ന ദുർബല റിപ്പോർട്ടിന്റെ ബാലിശത (40)

സലഫുകൾ സുന്നത്തിലേക്ക് (52)

സഹാബത്തിന്റെ ഇജ്മാഅ് (65)

ഹദീഥും നസ്ഖും (81)

ഖുർആൻ എങ്ങനെ മനസ്സിലാക്കണം? (86)

സുന്നത്തും പൂർവികരായ ഇമാമീങ്ങളും (93)

സലഫുകളുടെ രീതി (106)

ഖുർആനിന്റെ ആശയ വ്യക്തതയ്ക്ക് സുന്നത്ത് (111)

സുന്നത്തിനെതിരാവുന്നതിന്റെ ഗൗരവം (115)

നബി(ﷺ) യിൽ നിന്നുള്ള ഹദീഥ് ലഭിച്ചിട്ട് അതിനെ ആദരിക്കുകയോ ബഹുമാനിക്കുകയോ ചെയ്യാത്തവർക്ക് ശിക്ഷ (116)

ഹദീഥ് സംരക്ഷണത്തിൽ പൂർവ്വികരുടെ ത്യാഗ പരിശ്രമങ്ങൾ (117)

'രിസാലത്തുൽ ഖുശൈരി'യിൽ നിന്നുമെടുത്ത ഏതാനും വാചകങ്ങൾ (133)

സ്വഹാബത്തിന്റെ മഹത്വം (135)

ഉപസംഹാരം (137)

**പ്രസാധകക്കുറിപ്പ്-**

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد لله.

വിശുദ്ധ ഖുർആനും തിരു സുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ,പ്രവാചകന്റെ(ﷺ) പ്രത്യേകമായ അംഗീകാരത്തിന് വിധേയമായ ആദിമ തലമുറക്കാർ മനസ്സിലാക്കിയതു പോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്.ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയില്ല, പ്രമാണ ബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ-**



# സ്വർഗത്തിന്റെ താക്കോൽ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അവനിലാണെന്റെ വിശ്വാസം. അവൻ തെരഞ്ഞെടുത്ത അവന്റെ ദാസന്മാർക്ക് രക്ഷയുണ്ടാവട്ടെ!

അറിയുക വിജ്ഞാനങ്ങളിൽ ചിലത് ഔഷധം പോലെയും അഭിപ്രായങ്ങളിൽ ചിലത് ശൗച്യാലയം പോലെയുമാണ്. അനിവാര്യ സന്ദർഭങ്ങളിലല്ലാതെ അവയെ സ്മരിക്കുകയില്ല.

ഈ കാലഘട്ടത്തിൽ അടിച്ചുവീശിക്കൊണ്ടിരിക്കുന്നതും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുറെ കാലങ്ങളായി നശിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യമാണ് മതവിരോധിയായ ഒരു റാഫിദി തന്റെ സംസാരത്തിൽ അധികരിപ്പിച്ച സംഗതി. അഥവാ നബി(ﷺ)യുടെ സുന്നത്തും ഹദീഥുകളും അല്ലാഹു അവയ്ക്ക് ഔന്നത്യവും മാന്യതയും അധികരിപ്പിക്കട്ടെ! പ്രമാണയോഗ്യമല്ലെന്നും പ്രാമാണികത വിശുദ്ധ ഖുർആന് മാത്രമാണ് എന്നുമുള്ള വാദം!

അതിന് തെളിവെന്നോണം അയാൾ ഒരു ഹദീഥ് ഉദ്ധരിക്കുകയും ചെയ്തു.

''എന്നിൽ നിന്ന് നിങ്ങളുടെയടുക്കലെത്തുന്ന ഹദീഥുകൾ ഖുർആനുമായി ഒത്തുനോക്കുക. അവയ്ക്ക് വല്ല അടിസ്ഥാനവും കാണുന്നുവെങ്കിൽ അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. അല്ലാത്തപക്ഷം അവ തള്ളിക്കളയുക.''[1]

---

(1) ഈ ഹദീഥ് മനുഷ്യനിർമിതമായ വ്യാജ ഹദീഥ് (മൗളൂഅ്) ആണ്. ഉഖൈലി(﵁) പറയുന്നു: ഇതിന് ശരിയായ ഒരു പരമ്പര (സനദ്) ഇല്ല. സ്വാഗാനി(﵁) പറയുന്നു: ''ഇത് മൗ

ഈ സംസാരം മൊത്തം ഇതേപോലെ അയാളിൽ നിന്ന് ഞാൻ കേട്ടതാണ്. ഞാനല്ലാത്ത വേറെയും കുറെ ആളുകൾ അത് കേട്ടിട്ടുണ്ട്. അവരിൽ ചിലർ അതിന് തീരെ വില കൽപിച്ചിട്ടില്ല. മറ്റു ചിലരാകട്ടെ ഇതിന്റെ അടിസ്ഥാനമെന്തെന്നോ ഈ വാക്കുകൾ എവിടെ നിന്നു വന്നുവെന്നോ അറിയാത്തവരാണ്. അതിനാൽ ആ വാദഗതിയുടെ അടിസ്ഥാനമെന്തെന്നും അതിന്റെ നിരർഥകതയും ആളുകൾക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തീർച്ചയായും ഈ വാദഗതി അതിവിനാശകാരിയാണ്.

അറിയുക! അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ!. നബി (ﷺ)യുടെ ഹദീഥുകൾ- അത് അവിടുത്തെ വാക്കുകളോ പ്രവർത്തികളോ ആകട്ടെ. പ്രമാണമാണ് എന്ന(നിദാന ശാസ്ത്രത്തിൽ സുപരിചിതമായ നിബന്ധനകളോടെ)തിനെ ആരെങ്കിലും നിഷേധിച്ചാൽ അവൻ സത്യനിഷേധിയായി ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്തുപോയി. ജൂത-ക്രൈസ്തവരോടൊപ്പമോ അതല്ലെങ്കിൽ അയാൾ ഉദ്ദേശിക്കുന്ന മറ്റ് വല്ല അവിശ്വാസികളുടെ കൂടെയോ ആയിരിക്കും അവർ പരലോകത്ത് ഒരുമിച്ചു കൂട്ടപ്പെടുക.

ഇമാംശാഫിഈ(؆) ഒരിക്കൽ ഒരു ഹദീഥ് ഉദ്ധരിക്കുകയും അത് സ്വഹീഹാണെന്ന് പറയുകയും ചെയ്തു. അപ്പോൾ ഒ

ളൂഅ് ആണ്.'' വിശദവിവരത്തിന്, ശൗക്കാനിയുടെ അൽ ഫവാളദുൽ മജ്മുഅ: പേ: 278, 791; സഖാവിയുടെ അൽമഖാസ്വിദുൽ ഹസന പേ: 36, തംയീസു ത്വയ്യിബ് മിനൽ ഖബീഥ് പേ: 13, കശ്ഫുൽ ഖഫാഅ് ഹ:നം: 220, തദ്ക്കിറത്തുൽ മൗബൂഅത്ത് പേ; 28, ഇമാം ശാഫിഇയുടെ അർരിസാല പേ: 224, ലിസാനുൽ മീസാൻ 1/455, ഔനുൽ മഅ്ബുദ് 4/329, മജ്മഉസ്സവാ ഇദ് 1/170, ഇബ്നു ഹസമിന്റെ 'അൽ ഇഹ്കാം' 2/76, സുന നു ദ്ദാറഖുത്നി 4/208, അഹാദീഥുൽ ഖൂസ്സാസ് ന:51, കർമിയുടെ അൽഫവാഇദുൽ മൗളൂഅ: ന:152, ഇബ്നുൽ ജസിയുടെ 'അൽമൗളൂഅനത്ത്, ബൈഹബിയുടെ ദലാഇലുനുബുവ്വ 1/27 തുടങ്ങിയ ഗ്രന്ഥങ്ങൾ കാണുക.



രാൾ അദ്ദേഹത്തോട് ചോദിച്ചു: ''അല്ലയോ അബൂഅബ്ദില്ല! അത് തന്നെയാണോ താങ്കളുടെ അഭിപ്രായം?'' ആകെ അസ്വസ്ഥനായിട്ട് അദ്ദേഹം പറഞ്ഞു. ''ഹേ മനുഷ്യാ എന്നെ ഒരു ക്രിസ്ത്യാനിയായിട്ടാണോ നീ ഗണിച്ചത്? വല്ല ക്രൈസ്തവ ദേവാലയത്തിൽ നിന്നും വന്നവനാണ് ഞാനെന്നാണോ നിന്റെ വിചാരം? എന്റെ അരയിൽ കൃസ്തീയ പുരോഹിതന്മാരുടെ വല്ല ബെൽറ്റും നീ കാണുന്നുണ്ടോ? നബി(ﷺ) യിൽ നിന്നുള്ള ഒരു ഹദീഥ് ഞാൻ റിപ്പോർട്ടു ചെയ്യുകയും എന്നിട്ട് ഞാൻ അതനുസരിച്ച് പറയാതിരിക്കുകയും ചെയ്യുകയോ?!'' (പേ: 83 നോക്കുക)

**മതവിരോധികളുടെയും തീവ്ര റാഫിദികളുടെയും വാദം**

ഈ അപകടകാരിയായ വാദഗതിയുടെ അടിസ്ഥാനം: മതവിരോധികളും ഒരു വിഭാഗം തീവ്രറാഫിദികളും സുന്നത്ത് പ്രമാണമായംഗീകരിക്കുന്നതിനെ എതിർക്കുകയും പ്രാമാണികത ഖുർആനിൽ പരിമിതപ്പെടുത്തുകയും ചെയ്തു. അവർക്കതിൽ വ്യത്യസ്ത ലക്ഷ്യങ്ങളാണുള്ളത്. അവരിൽ ചിലരുടെ വിശ്വാസം പ്രവാചകത്വം(നബൂവ്വത്ത്) അലി(ؓ)നാണ് എന്നാണ്.ജിബ്‌രീൽ (؈)ന് പിഴവുപറ്റി മുഹമ്മദ് നബി(ﷺ)ക്ക് നൽകിപ്പോയതാണത്രെ അത്! അതിക്രമകാരികൾ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നൊക്കെ അല്ലാഹു എത്രയോ ഉന്നതനും മഹാനുമാണ്!

അവരിൽ ചിലർ പ്രവാചകത്വം മുഹമ്മദ് നബി(ﷺ)യ്ക്ക് തന്നെയെന്ന് അംഗീകരിക്കുന്നുണ്ട്. പക്ഷെ, അവർ പറയുന്നത് നബി(ﷺ)യ്ക്ക് ശേഷം ഖിലാഫത്ത് അലി(ؓ)വിന് അവകാശപ്പെട്ടതായിരുന്നു എന്നാണ്.സ്വഹാബികൾ ആ ഖിലാഫത്തിനെ അലി(ؓ)വിന് നൽകാതെ അബൂബക്കർ(ؓ)ന് നൽകുക വഴി അവർ അവിശ്വാസികളാവുകയും അനീതി പ്രവർത്തിക്കുകയും ചെയ്തുവെന്നും അർഹന്റെ അവകാശത്തെ തട്ടിയെടുത്തു എന്നുമാ

ണ് ഈ ദോഷൈകദൃക്കുകൾ പറയുന്നത്! അലി(ﷺ)നെയും അവർ കാഫിറെന്ന് പറയുന്നു!(അല്ലാഹു അവരെ ശപിക്കട്ടെ) കാരണം അലി(ﷺ) തന്റെ അവകാശം ആവശ്യപ്പെടാതിരുന്നതു കൊണ്ടാണത്രെ! തദടിസ്ഥാനത്തിൽ അവർ ഹദീഥ് നിഷേധത്തിന് അടിത്തറയിട്ടു. കാരണം അവരുടെ വാദമനുസരിച്ച് അവയൊക്കെ കാഫിറീങ്ങളുടെ റിപ്പോർട്ടുകളാണ്! ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

കുറെ കാലങ്ങളായി ജനങ്ങൾ ആശ്വാസത്തിലായിരുന്ന, ഈ പിഴച്ചവാദഗതിയുടെ അടിസ്ഥാനം ഇപ്പോൾ വിശദീകരിക്കൽ അനിവാര്യമായില്ലായിരുന്നുവെങ്കിൽ ഇത് ഉദ്ധരിക്കൽ അനുവദനീയമാണെന്ന് ഞാൻ കരുതുന്നില്ല.

ഈ ചിന്താഗതിക്കാർ നാല് ഇമാമീങ്ങളുടെ കാലത്തും ശേഷമുള്ള പണ്ഡിതന്മാരുടെ കാലത്തും ധാരാളമായി ഉണ്ടായിരുന്നു. നാല് ഇമാമീങ്ങളും അവരുടെ ശിഷ്യന്മാരും അവരുടെ ക്ലാസുകളിലും സംവാദങ്ങളിലും രചനകളിലും അവർക്കുള്ള മറുപടി നൽകാൻ തയ്യാറായി. ഇൻശാ അല്ലാഹ്. അവയിൽ ചിലത് നാം വഴിയെ ഉദ്ധരിക്കാം. അല്ലാഹു അനുഗ്രഹിക്കട്ടെ!

## സുന്നത്തിനെ കുറിച്ച്
## ഇമാം ശാഫിഈ(ﷺ)യുടെ വാക്കുകൾ

ഇമാം ശാഫി(ﷺ) തന്റെ 'അർരിസാല'യിൽ പറഞ്ഞതും ഇമാം ബൈഹഖി(ﷺ) അദ്ദേഹത്തിൽ നിന്നും തന്റെ 'അൽമദ്ഖലി' ൽ ഉദ്ധരിക്കുകയും ചെയ്തത്:[2]

[2] ഇമാം ബൈഹഖി ദലാഇലുൽ നുബുവ്വ (1/20) ഫസ്ലുൻ ഫീഖബൂലിൽ അഖ്ബാർ എന്ന ശീർഷകത്തിൻ കീഴിലും ഇതുദ്ധരിച്ചിട്ടുണ്ട്.



അല്ലാഹു തന്റെ മതത്തിലും നിർബന്ധ കൽപനകളിലും തന്റെ ഗ്രന്ഥത്തിലുമൊക്കെ നബി(ﷺ)യെ ഉന്നത സ്ഥാനത്താണ് അവരോധിച്ചിട്ടുള്ളത്. അങ്ങനെ തന്റെ ദൂതനെ അവൻ ദീനിന്റെ പതാകയാക്കി.ആ ദൂതനെ അനുസരിക്കൽ നിർബന്ധവും ധിക്കരിക്കൽ നിഷിദ്ധവുമാക്കി പറയുകവഴി ആ പ്രവാചകന്റെ മഹത്വം വ്യക്തമാക്കുകയും ചെയ്തു അല്ലാഹുവിൽ വിശ്വസിക്കുന്നതോടൊപ്പം തന്റെ ആ ദൂതനിൽ വിശ്വസിക്കുക എന്നുകൂടി ചേർത്തു.

അല്ലാഹു തആല പറയുന്നു.

فَآمِنُواْ بِاللّهِ وَرُسُلِهِ وَلاَ تَقُولُواْ ثَلاَثَةٌ انتَهُواْ خَيْرًا لَّكُمْ إِنَّمَا اللّهُ إِلَـهٌ وَاحِدٌ سُبْحَانَهُ أَن يَكُونَ لَهُ وَلَدٌ (سورة النساء : 171)

വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്.മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക.ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെമതി. (അന്നിസാഅ് :171)

إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللَّهِ وَرَسُولِهِ وَإِذَا كَانُوا مَعَهُ عَلَى أَمْرٍ جَامِعٍ لَمْ يَذْهَبُوا حَتَّى يَسْتَأْذِنُوهُ (سورة النور : 62)

അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചവർ മാത്രമാകുന്നു സത്യവിശ്വാസികൾ.അദ്ദേഹത്തോടൊപ്പം അവർ വല്ല പൊതുകാര്യത്തിലും ഏർപെട്ടിരിക്കുകയാണെങ്കിൽ അദ്ദേഹത്തോട് അനുവാദം ചോദിക്കാതെ അവർ പിരിഞ്ഞു പോകുകയില്ല. തീർച്ചയായും നിന്നോട് അനുവാദം ചോദിക്കുന്നവരാരോ അവരാകുന്നു അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നവർ. അങ്ങനെ അവരുടെ എന്തെങ്കിലും ആവശ്യത്തിന് വേണ്ടി (പിരിഞ്ഞ് പോകാൻ) അവർ നിന്നോട് അനുവാദം ചോദിക്കുകയാണെങ്കിൽ അവരിൽ നീ ഉദ്ദേശിക്കുന്നവർക്ക് നീ അനുവാദം നൽകുകയും, അവർക്ക് (അന്നൂർ:62)

അങ്ങനെ അല്ലാഹു, പരിപൂർണ ഈമാനിന്റെ (വിശ്വാസത്തിന്റെ) പ്രാരംഭം അല്ലാഹുവിൽ വിശ്വസിക്കലും അതോടൊപ്പം തന്റെ ദൂതനിൽ വിശ്വസിക്കലുമാക്കുകയും മറ്റുള്ളവ അതിന്റെ അനുബന്ധമാക്കുകയും ചെയ്തു.

ഇമാം ശാഫിഈ(رحمه الله) പറയുന്നു:'തന്റെ വഹ്‌യും പ്രവാചക ചര്യകളും പിൻപറ്റുക എന്നത് ജനങ്ങൾക്ക് അല്ലാഹു ബാധ്യതയാക്കി. അവൻ തന്റെ ഗ്രന്ഥത്തിൽ പറയുന്നു.

لَقَدْ مَنَّ اللّهُ عَلَى الْمُؤمِنِينَ إِذْ بَعَثَ فِيهِمْ رَسُولاً مِّنْ أَنفُسِهِمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُـزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِن كَانُواْ مِن قَبْلُ لَفِي ضَلالٍ مُّبِينٍ (سورة آل عمران : 164)

തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപിക്കുകയും, അവരെ സംസ്കരിക്കുകയും,അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ).അവരാകട്ടെ മുമ്പ് വ്യക്തമായ വഴി കേടിൽ തന്നെയായിരുന്നു. (ആലുഇംറാൻ:164)



ഇതിനു പുറമെ നിരവധി അയത്തുകളിൽ 'കിതാബി'നെ (ഖുർആൻ)യും 'ഹിക്മത്തി'നെ (സുന്നത്ത്)യും പരാമർശിച്ചു.

ഇമാം ശാഫിഈ(رحمه الله) പറയുന്നു. ''അല്ലാഹു 'കിതാബി' നെക്കുറിച്ചു പറഞ്ഞത്, അത് ഖുർആനാണ്. 'ഹിക്മത്തി'നെ കുറിച്ച് പറഞ്ഞത്- ഖുർആൻ പണ്ഡിതന്മാരുടെ കൂട്ടത്തിൽപ്പെട്ട ഞാൻ തൃപ്തിപ്പെടുന്ന ഒരാൾ പറഞ്ഞത് ഞാൻ കേട്ടതു പോലെ നബി(ﷺ)യുടെ സുന്നത്താണ്. അദ്ദേഹം പറഞ്ഞു. അല്ലാഹു പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ فَـإِن تَنَـازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّهِ وَالرَّسُولِ(سورة النساء : 59)

സത്യവിശ്വാസികളേ,നിങ്ങൾ അല്ലാഹുവെ അനുസരിക്കുക.(അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. (അന്നിസാഅ്:59)

ചില പണ്ഡിതന്മാർ പറയുന്നു.

''കൈ കാര്യ കർത്താക്കൾ'' അഥവാ നബി(ﷺ) യുടെ നിയുക്ത സംഘങ്ങളുടെ നായകന്മാർ.

''നിങ്ങൾ അഭിപ്രായ വ്യത്യാസത്തിലായാൽ'' അതായത്, നിങ്ങൾ വല്ല കാര്യത്തിലും ഭിന്നിച്ചാൽ. അഥവാ അവരും അവർ അനുസരിക്കാൻ നിർദേശിക്കപ്പെട്ട നായകന്മാരും. അല്ലാഹുവാണ് കൂടുതലായി അറിയുന്നവൻ.-''അല്ലാഹുവിലേക്കും റസൂലിലേക്കും നിങ്ങൾ അത് മടക്കുക''. അതായത്, അല്ലാഹു പറഞ്ഞതിലേക്കും നബി(ﷺ) പറഞ്ഞതിലേക്കും.

പിന്നീടദ്ദേഹം തുടർന്നു. എന്നിട്ടു പറഞ്ഞു നബി(ﷺ)യെ അനുസരിക്കൽ അല്ലാഹുവിനെ അനുസരിക്കൽ തന്നെയാണെന്ന് അല്ലാഹു അവരെ അറിയിച്ചു.

അല്ലാഹു പറയുന്നു.

فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا (سورة النساء : 65)

ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരുവിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല. (അന്നിസാഅ്:65)[3]

പ്രവാചക കൽപനകൾ പിൻപറ്റൽ നിർബന്ധമാണെന്നതിന് തെളിവായി വീണ്ടും അല്ലാഹുവിന്റെ വചനം അദ്ദേഹം ഉദ്ധരിക്കുന്നു.

لاَ تَجْعَلُوا دُعَاء الرَّسُولِ بَيْنَكُمْ كَدُعَاء بَعْضِكُم بَعْضًا قَدْ يَعْلَمُ اللَّهُ الَّذِينَ يَتَسَلَّلُونَ مِنكُمْ لِوَاذًا فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ (سورة النور : 63)

പക്ഷെ, അവരുടെ ഹൃദയങ്ങൾ ഈ കാര്യത്തെപ്പറ്റി അശ്രദ്ധയിലാകുന്നു. അവർക്ക് അത് കൂടാതെയുള്ള ചില പ്രവൃത്തികളാണുള്ളത്. അവർ അത് ചെയ്തു കൊണ്ടിരിക്കുകയാകുന്നു. (അന്നൂർ:63)[4]

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (سورة الحشر : 7)

നിങ്ങൾക്കും അവരിൽ നിന്ന് നിങ്ങൾ ശത്രുത പുലർത്തിയവർക്കുമിടയിൽ അല്ലാഹു സ്നേഹ ബന്ധമുണ്ടാക്കിയേക്കാം. അല്ലാഹു കഴിവുള്ളവനാണ്.അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (അൽഹശ്ർ:7)[5]

പ്രവാചകനെ അനുസരിക്കലും ആജ്ഞകൾ പിൻപറ്റലും നിർബന്ധമാണെന്നറിയിക്കുന്ന വേറെയും ആയത്തുകളുമുണ്ട്. തന്റെ പ്രവാചകനെ അനുസരിക്കൽ അല്ലാഹു നിർബന്ധമാക്കിയതു കൊണ്ടുതന്നെ ഒരാൾക്കും അദ്ദേഹത്തിന്റെ കൽപനകളെ തിരസ്കരിക്കാവതല്ല.

### സുന്നത്തിന്റെ പ്രമാണികതയെ സംബന്ധിച്ച് ഇമാം ബൈഹഖി(റ) യുടെ വാക്കുകൾ

സുന്നത്തിന്റെ പ്രമാണികത സ്ഥിരീകരിച്ച ശേഷം ഇമാം ബൈഹഖി(റ) പറയുന്നു.

സുന്നത്തു കൊണ്ട് തെളിവ് സ്ഥിരപ്പെടുകയില്ലായിരുന്നുവെങ്കിൽ തന്റെ പ്രഭാഷണത്തിൽ സന്നിഹിതരായവരെ ദീൻ കാര്യങ്ങൾ പഠിപ്പിച്ചശേഷം നബി(ﷺ)ഇപ്രകാരം പറയില്ലായിരുന്നു.

(3) ഇമാം ശാഫിഈ(റ) യുടെ അർരിസാല പേ: 82 നോക്കുക.

(4) അർരിസാല പേ: 83,84 നോക്കുക

(5) ഇമാം ബൈഹഖി(റ)യുടെ 'ദലാഇലുന്നുബുവ്വ 1/20-22 കാണുക.

‘‘അറിയുക! നിങ്ങളിൽ ഹാജരുള്ളവർ ഹാജരില്ലാത്തവർക്ക് വിവരമെത്തിക്കട്ടെ’’[(6)]

പിന്നെ മറ്റൊരു ഹദീഥ് അദ്ദേഹം ഉദ്ധരിക്കുന്നു.

‘‘നമ്മിൽ നിന്ന് ഒരു ഹദീഥ് കേൾക്കുകയും എന്നിട്ട് കേട്ട പോലെ തന്നെ മറ്റുള്ളവർക്ക് അത് എത്തിച്ചുകൊടുക്കുകയും ചെയ്തയാളെ അല്ലാഹു പ്രശോഭിപ്പിക്കട്ടെ! വാർത്ത എത്തുന്ന എത്രയെത്രയാളുകളാണ് നേരിട്ടു കേൾക്കുന്നവരെക്കാൾ ശ്രദ്ധയുള്ളവർ.’’[(7)]

വഴിയെ നാം വിവരിക്കാൻ പോകുന്നതു പോലെ ഈ ഹദീഥ് ‘മുതവാത്തിറാ‘ണ്.

ഇമാം ശാഫിഈ(رحمه الله) പറയുന്നു. ‘‘നബി(ﷺ) തന്റെ വാക്കുകൾ ശ്രദ്ധിച്ച് കേൾക്കുവാനും അത് ഹൃദിസ്ഥമാക്കുവാനും മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുവാനും പ്രേരിപ്പിക്കുമ്പോൾ,അത് ആർക്കാണോ എത്തിച്ചുകൊടുക്കുന്നത് അവർക്ക് അതിലൂടെ തെളിവും രേഖയും സ്ഥിരപ്പെടുകയില്ലെങ്കിൽ അതിന് അവിടുന്ന് കൽപിക്കുകയില്ല.കാരണം നബി(ﷺ)യിൽ നിന്ന് മറ്റുള്ളവരിലേക്ക് എത്തിച്ചു കൊടുക്കുവാനുള്ള കാര്യങ്ങൾ ചെയ്യൽ അനുവദനീയമായ കാര്യങ്ങളോ (ഹലാൽ) ഒഴിവാക്കേണ്ട നിഷിദ്ധങ്ങളോ(ഹറാം) നടപ്പിലാക്കേണ്ടുന്ന ശിക്ഷകളോ,സ്വീകരിക്കുകയും കൊടുക്കുകയും ചെയ്യേണ്ടുന്ന ധനത്തെ സംബന്ധിച്ചോ, മതപരവും ഭൗതികവുമായ ഉപദേശങ്ങളോ ഒക്കെ ആയിരിക്കും.’’[(8)]

(6) ബുഖാരി, കിതാബുൽ ഇൽമ്. മുസ്‌ലിം കിതാബുൽ ഖസാമത്ത്, ഇബ്ന മാജ: മുഖദിമയിലെ 18-ാം അദ്ധ്യായത്തിൽ. ഇമാം അഹ്മദ് മുസ്നദിലും, ബൈഹഖി ദലാഇലുന്നുബുവ്വ 1/23ലും ഉദ്ധരിച്ചത്.

(7) ഇബ്നുമാജ സുനനിന്റെ മുഖദ്ദിമയിലും ഹ:ന:232, ദാരിമി തന്റെ സുനനിലും,-മുഖദ്ദിമ 1/66-തിർമിദി-കിതാബുൽ ഇൽമ്, ഹ:ന:2657, അഹ്മദ് 1/427, ഇബ്നു ഹിബ്ബാൻ, ഹ:ന:66 അബൂദാവൂദ്,-കിതാബുൽ ഇൽമ്. ഹ:3660, ഇബ്നു അബ്ദിൽ ബർറ് ‘ജാമിഉ ബയാനിൽ ഇൽമ്’ 1/40 ബൈഹഖി ദലാഇലുന്നുബുവ്വ 1/23ലും ഉദ്ധരിച്ചത്. ശൈഖ് അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.



പിന്നീട് ഇമാം ബൈഹഖി(رحمه الله) അബൂറാഫിഅ്(رضي الله عنه)വിൽ നിന്ന് ഒരു ഹദീഥ് ഉദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു: ‘‘തന്റെ കട്ടിലിൽ ചാരിയിരിക്കെ അയാളുടെ അടുക്കലേക്ക് ഞാൻ കൽപിച്ചതോ വിലക്കിയതോ ആയഎന്റെ വല്ല കാര്യവുമെത്തിയാൽ ‘എനിക്കറിയില്ല, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (ഖുർആനിൽ) കണ്ടത് നമുക്ക് പിൻപറ്റാം.’എന്നു പറയുന്ന നിലയിൽ നിങ്ങളിലാരേയും ഞാൻ കാണാതിരിക്കട്ടെ.’’[(9)]

മിഖ്ദാമുബ്നു മദഹ്ദീ കരിബ(رضي الله عنه)യിൽനിന്ന് മറ്റൊരു ഹദീഥും ഉദ്ധരിക്കുന്നു. നിശ്ചയം, നബി(ﷺ) ഖൈബറിന്റെ അന്ന് കുറെ കാര്യങ്ങൾ നിഷിദ്ധ(ഹറാം)മാക്കുകയുണ്ടായി. അതിൽപ്പെട്ടതാണ് നാടൻ കഴുതയും മറ്റും പിന്നെ റസൂലുല്ലാഹി(ﷺ)പറഞ്ഞു.

‘‘ഒരാൾ തന്റെ ചാരുകട്ടിലിൽ ഇരുന്നുകൊണ്ട് എന്റെ ഹദീഥിനെ കുറിച്ച് സംസാരിക്കുന്ന കാലം വരാനിരിക്കുന്നു.അങ്ങനെ അയാൾ പറയും: ‘‘നമുക്കിടയിൽ അല്ലാഹുവിന്റെ ഗ്രന്ഥം (ഖുർആൻ)ഉണ്ടല്ലൊ അതിൽ ഹലാലായി കാണുന്നത് ഹലാലായി നമുക്ക് കണക്കാക്കാം. അതിൽ ഹറാമെന്ന് കാണുന്നത് ഹറാമായും നമുക്ക് സ്വീകരിക്കാം.’’എന്നിട്ട് നബി(ﷺ) പറഞ്ഞു:അ

(8) അർരിസാല പേ:402, 203 കാണുക.

(9) അബൂദാവൂദ് തന്റെ സുനനിൽ കിതാബുസ്സുന്ന ഹ:ന: 4605, ഹാക്കിം മുസത്ദറ്കിൽ 1/108,109ലും ഇബ്നുമാജ: സുനനിന്റെ മുഖദ്ദിമയിൽ ന:13, തിർമിദി സുനനിൽ കിതാബുൽ ഇൽമിലും, ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിൽ ന:13, അഹ്മദ് മുസ്നദിൽ 6/8 ബൈഹഖിദലാ ഇലുന്നുബുവ്വ 1/24ലും അർരിസാല പേ:403, 404ലും ഉദ്ധരിച്ചത്.

റിയുക! അല്ലാഹുവിന്റെ റസൂൽ(ﷺ) ഹറാമാക്കിയത് അല്ലാഹു ഹറാമാക്കിയ പോലെ തന്നെയാണ്.''[11]

### ഖുർആൻ മാത്രം സ്വീകരിച്ചാൽ മതി എന്ന് പറയുന്നവർക്കുള്ള മറുപടിയും അതിന്റെ ബാലിശത വിശദമാക്കലും

ബൈഹഖി(رحمه الله) പറയുന്നു.മുകളിൽ പറഞ്ഞത് ശേഷം വരാനിരിക്കുന്ന,തന്റെ ഹദീഥുകളെ തിരസ്കരിക്കുന്ന ബിദ്അത്തിന്റെ ആളുകളെ കുറിച്ച് നബി(ﷺ) പറഞ്ഞ ഹദീഥാണ്. അത് സത്യമായി പുലരുന്നതാണ് പിന്നീട് കണ്ടത്.

ശേഷം ഇമാം ബൈഹഖി(رحمه الله) ശബീബ്ബ്നു അബീ ഫുദാലത്തുൽ മക്കിയിൽ നിന്ന് തന്റെ പരമ്പര (സനദ്)യോടുകൂടി ഉദ്ധരിക്കുന്നു.

ഇംറാനുബ്നു ഹുസ്വൈൻ(رضي الله عنه) ശഫാഅത്തിനെ കുറിച്ച് സംസാരിച്ചു. അപ്പോൾ സദസ്സിൽ നിന്നൊരാൾ ചോദിച്ചു: അല്ലയോ അബൂന്നുജൈദ്! താങ്കൾ ഞങ്ങളോട് കുറേ ഹദീഥുകൾ പറയുകയുണ്ടായി. ഞങ്ങൾ അവയ്ക്കൊന്നിനും യാതൊരടിസ്ഥാനവും വിശുദ്ധ ഖുർആനിൽ കാണുന്നില്ലല്ലോ?

അപ്പോൾ സ്വഹാബിയായ ഇംറാൻ കോപാകുലനായി ആ മനുഷ്യനോടു ചോദിച്ചു. ''നീ ഖുർആൻ വായിച്ചിട്ടുണ്ടോ?'' അയാൾ പറഞ്ഞു: ''അതെ, ഉണ്ട്.'' അദ്ദേഹം ചോദിച്ചു: ''അതിൽ നീ ഇശാഅ് നാല് റകഅത്താണെന്ന് കണ്ടുവോ?'' ''മഗ്രിബ് മൂന്നു റകഅത്താണെന്നും സുബ്ഹി രണ്ട് റകഅത്താണെന്നും ദു

[11] അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ: ഹ:ന:12, ഹാക്കിം, ജാമിഉസ്സഗീർ ഹ:ന:8186- ശൈഖ് അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്.



ഹ്ർ നാലു റകഅത്താണെന്നും അസ്വർ നാല് റകഅത്താണെന്നുമൊക്കെ നീ അതിൽ കാണുന്നുണ്ടോ?!'' അയാൾ പറഞ്ഞു: ''ഇല്ല.''

ഇംറാൻ(رضي الله عنه) ചോദിച്ചു: ''അപ്പോൾ നിങ്ങൾ അതൊക്കെ ആരിൽ നിന്നാണ് സ്വീകരിച്ചത്? ഞങ്ങളിൽ നിന്നല്ലേ അതൊക്കെ നിങ്ങൾക്ക് കിട്ടിയത്? ഞങ്ങളാകട്ടെ അത് റസൂലുല്ലാഹി(ﷺ) യിൽ നിന്നും സ്വീകരിക്കുകയും ചെയ്തു. അപ്രകാരം തന്നെ നാൽപത് ആടുകൾക്ക് ഒരു ആട് സകാത്ത് കൊടുക്കണം എന്നത് നിങ്ങൾ ഖുർആനിൽ കണ്ടിട്ടുണ്ടോ? ഇത്രയെണ്ണത്തിന് ഇത്ര ഒട്ടകമെന്നും ഇത്രയ്ക്ക് ഇത്ര ദിർഹം എന്നും?'' അയാൾ പറഞ്ഞു: ''ഇല്ല.''

അദ്ദേഹം ചോദിച്ചു: ''എങ്കിൽ അത് ആരിൽ നിന്നാണ് നിങ്ങൾക്ക് കിട്ടിയത്? നിങ്ങൾക്ക് ഞങ്ങളിൽ നിന്നും ഞങ്ങൾക്ക് നബി(ﷺ)യിൽ നിന്നും കിട്ടിയതല്ലെ അവ?''

തുടർന്നദ്ദേഹം ചോദിച്ചു: ''വിശുദ്ധ ഖുർആനിൽ

وَلْيَطَّوَّفُوا بِالْبَيْتِ الْعَتِيقِ (سورة الحج : 29)

''പുരാതന ഭവനത്തെ(കഅ്ബാലയത്തെ) നിങ്ങൾ ത്വവാഫ് ചെയ്യുക'' (22:29) എന്ന് നിങ്ങൾ കാണുന്നില്ലേ? അതിലെവിടെയെങ്കിലും നിങ്ങൾ ഏഴ് ത്വവാഫ് ചെയ്യുക എന്നും മഖാമു ഇബ്റാഹിമിന്റെ പിന്നിൽ നിന്ന് രണ്ടു റകഅത്ത് നമസ്കരിക്കുകയും ചെയ്യുക എന്നും കണ്ടിട്ടുണ്ടോ? [12]

അല്ലാഹു ഖുർആനിൽ പറഞ്ഞത് നിങ്ങൾ കേട്ടില്ലേ?

[12] അബൂദാവൂദ് തന്റെ സുനനിലും-കിതാബുസ്സകാത്തിലും ജിഹാദിലും- തിർമിദി തന്റെ സുനനിലും-കിതാബുനിക്കാഹ്,-നസാഇ തന്റെ സുനനിലും-കിതാബുനിക്കാഹ് കിതാബുൽ ഖൈൽ, - ഇമാം അഹ്മദ് മുസ്നദിലും-2/59, 180, 215, 216; 3/162, 197; 4/429, 439, 443- ബൈഹഖി 'ദലാഇലുന്നുബുവ്വ 1/25,26 ലും ഉദ്ധരിച്ചത്.

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (سورة الحشر : 7)

നിങ്ങൾക്കും അവരിൽ നിന്ന് നിങ്ങൾ ശത്രുത പുലർത്തിയവർക്കുമിടയിൽ അല്ലാഹു സ്നേഹ ബന്ധമുണ്ടാക്കിയേക്കാം. അല്ലാഹു കഴിവുള്ളവനാണ്.അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.(അൽഹശർ:7) ഇംറാൻ(ﷺ) തുടർന്നു പറഞ്ഞു. ‘‘നിങ്ങൾക്ക് യാതൊരറിവുമില്ലാത്ത കുറെ കാര്യങ്ങൾ ഞങ്ങൾ നബി(ﷺ)യിൽ നിന്ന് മനസ്സിലാക്കിയിട്ടുണ്ട്.’’

ശേഷം ഇമാം ബൈഹഖി(ﷺ) പറഞ്ഞു. ‘‘ഹദീഥ് ഖുർആനുമായി ഒത്തുനോക്കണമെന്ന് പറഞ്ഞുകൊണ്ടു ഉദ്ധരിക്കപ്പെടുന്ന റിപ്പോർട്ട് നിരർഥകവും അസ്വീകാര്യവുമാണ്. അതിന്റെ നിരർഥകത അതിൽ തന്നെ പ്രതിഫലിക്കുന്നുണ്ട്.കാരണം ഖുർആനിൽ ഒരു സൂചനയുമില്ല ഹദീഥ് ഖുർആനുമായി ഒത്തു നോക്കണമെന്ന കാര്യത്തിൽ.’’ ബൈഹഖി(ﷺ) പറഞ്ഞ വാക്കുകൾ ഇവിടെ അവസാനിക്കുന്നു. ‘‘അൽ മദ്ഖൽ ഇലാ ദലാഇലിന്നുബുവ്വ മദ്ഖിൽ അസ്സഗീറിൽ’’ എന്ന ഗ്രന്ഥത്തിൽ.

‘‘അൽമദ്ഖൽ അൽകബീർ’’ അഥവാ ‘അൽമദ്ഖൽ ഇലസ്സുനൻ’ എന്ന ഗ്രന്ഥത്തിൽ ഇതിനേക്കാൾ വിശദമായി ഈ വിഷയം അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്.

അദ്ദേഹം പറയുന്നു.

**നബി(ﷺ) യുടെ സുന്നത്തുകൾ പഠിപ്പിക്കലും**
**അത് പിൻപറ്റേണ്ടതിന്റെ അനിവാര്യതയും**

അല്ലാഹു പറയുന്നു:



لَقَدْ مَنَّ اللهُ عَلَى الْمُؤمِنِينَ إِذْ بَعَثَ فِيهِمْ رَسُولاً مِّنْ أَنفُسِهِمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ (سورة آل عمران : 164)

നിങ്ങൾക്കും അവരിൽ നിന്ന് നിങ്ങൾ ശത്രുത പുലർത്തിയവർക്കുമിടയിൽ അല്ലാഹു സ്നേഹബന്ധമുണ്ടാക്കിയേക്കാം. അല്ലാഹു കഴിവുള്ളവനാണ്.അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (ആലുഇംറാൻ :164)

ഇമാം ശാഫിഈ(ﷺ) പറയുന്നു.‘‘ഖുർആനെ കുറിച്ചറിയുന്നവരുടെ കൂട്ടത്തിൽ ഞാനിഷ്ടപ്പെടുന്ന ഒരാൾപറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; ഹിക്മത്ത് എന്നതിന്റെ വിവക്ഷ നബി(ﷺ)യുടെ സുന്നത്താണെന്ന്.

ശേഷം തന്റെ സനദു(പരമ്പര)കളിലൂടെ ഹസൻ(ﷺ) ഖതാദ(ﷺ) യഹ്യബ്നു അബീ കഥീർ(ﷺ) മുതലായവരിൽ നിന്നുദ്ധരിക്കുന്നു. അവർ പറഞ്ഞു: ഈ ആയത്തിൽ ഹിക്മത്ത് എന്ന് പറഞ്ഞത് സുന്നത്തിനെ കുറിച്ചാണ്.

ശേഷം തന്റെ സനദു(പരമ്പര)സഹിതം മിഖ്ദാമുബ്നു മഅ്ദീ കരിബ(ﷺ) നബി(ﷺ)യിൽ നിന്നും റിപ്പോർട്ടു ചെയ്യുന്ന ഹദീഥ് ഉദ്ധരിച്ചു.

നബി(ﷺ) പറയുന്നു:‘‘അറിയുക! എനിക്ക് വേദഗ്രന്ഥവും അതോടൊപ്പം അതിനു സമാനമായതും നൽകപ്പെട്ടിരിക്കുന്നു. അറിയുക! എനിക്ക് ഖുർആനും അതിനു സമാനമായതും നൽകപ്പെട്ടിരിക്കുന്നു.

അറിയുക.വയറുനിറച്ച ഒരാൾ തന്റെ ചാരുകട്ടിലിൽ ഇരിക്കുന്ന കാലം വരാനിരിക്കുന്നു. അയാൾ പറയും:‘‘നിങ്ങൾ ഈ

ഖുർആൻ സ്വീകരിക്കുക. അതിൽ ഹലാലായി കാണുന്നത് ഹലാലായും (അനുവദിനീയം)അതിൽ ഹറാമായി കാണുന്നത് ഹറാമായും (നിഷിദ്ധം) പരിഗണിക്കുക.'' എന്നാൽ അറിയുക! നിങ്ങൾക്ക് നാടൻ കഴുത ഹലാലല്ല. വന്യജീവികളുടെ കൂട്ടത്തിൽ തേറ്റ കൊണ്ട് ഇരപിടിക്കുന്ന ഒന്നും അനുവദനീയമല്ല. കളഞ്ഞു കിട്ടിയ സ്വത്തും അനുവദനീയമല്ല.''[13]

ശേഷം മറ്റൊരു സനദിലൂടെ മിഖ്ദാമുബ്നു മഅ്ദീ കരിബ(رضي الله عنه)യിൽ നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. നബി(ﷺ) ഖൈബർ ദിനത്തിൽ കുറെ സംഗതികൾ നിഷിദ്ധമാക്കി. നാടൻ കഴുതയും മറ്റും അതിൽപ്പെട്ടതാണ്. എന്നിട്ട് നബി(ﷺ)ൽ നിന്ന് മുകളിലുദ്ധരിച്ച ഹദീഥ് പറഞ്ഞു.

ബൈഹഖി(رحمه الله) പറയുന്നു. സ്വഹീഹായ പരമ്പര (സനദ്) യിലൂടെ, അബൂദാവൂദ്(رحمه الله) തന്റെ സുനനിലും ഇതുദ്ധരിച്ചിട്ടുണ്ട്.

ഞാൻ (സുയൂത്വി(رحمه الله) പറയട്ടെ; ഹാക്കിമും ഇതുദ്ധരിച്ചിട്ടുണ്ട്.

ശേഷം ബൈഹഖി തന്റെ സനദിലൂടെ അബൂഹുറൈയ്റ(رضي الله عنه)യിൽ നിന്ന് റിപ്പോർട്ടു ചെയ്യുന്നു.

നബി(ﷺ) പറഞ്ഞു: ''തീർച്ചയായും ഞാൻ നിങ്ങളിൽ രണ്ട് കാര്യം വിട്ടേച്ചു പോവുകയാണ്.അവയ്ക്കുശേഷം ഒരിക്കലും നിങ്ങൾ വഴിപിഴച്ചുകയേയില്ല. അതായത്, അല്ലാഹുവിന്റെ കിതാബും(ഖുർആൻ) എന്റെ സുന്നത്തും. ഹനബിന്റെ അടുക്ക

[13] അഹ്മദ്, അബൂദാവൂദ്, ഹാക്കിം, തിർമിദി ഈ ഹദീദ് സ്വഹീഹാണെന്ന് അൽബാനി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ''അൽഹദീഥു ഹുജ്ജത്തുൻ ബിനഫ്സിഹി'' പേ: 36 കാണുക.



ൽ വരുന്നതുവരെ(അഥവാ ഖിയാമത്ത് നാൾവരെ) അവ രണ്ടും വേർപിരിയുകയേയില്ല.''ഹാക്കിം 'മുസ്തദ്റക്കി'ൽ ഉദ്ധരിച്ചത്.[14]

ഇബ്നു അബ്ബാസ്(رضي الله عنه)യിൽ നിന്നും, അദ്ദേഹം തന്റെ സനദിലൂടെ ഇപ്രകാരം ഉദ്ധരിക്കുന്നു.നബി(ﷺ) ഹജ്ജത്തുൽ വദാഇൽ ജനങ്ങളോട് ഖുത്ബ നിർവഹിച്ചുകൊണ്ടിരിക്കെ പറഞ്ഞു: ''അല്ലയോ ജനങ്ങളേ, ഞാൻ നിങ്ങളിൽ ഒരു കാര്യം ഉപേക്ഷിച്ചു പോവുകയാണ്. അത് നിങ്ങൾ മുറുകെ പിടിക്കുന്നിടത്തോളം നിങ്ങളൊരിക്കലും വഴിപിഴക്കുകയേയില്ല. അല്ലാഹുവിന്റെ കിതാബും എന്റെ സുന്നത്തുമാണത്.'' (ഹാക്കിം ഉദ്ധരിച്ചത്.)[15]

പിന്നെ, ഉർവ്വ(رضي الله عنه)യിൽ നിന്നും തന്റെ സനദിലൂടെ വീണ്ടും ബൈഹഖി ഉദ്ധരിക്കുന്നു.

നബി(ﷺ) ഹജ്ജത്തുൽ വദാഇൽ പ്രസംഗിക്കവെ പറഞ്ഞു:

''ഞാൻ നിങ്ങളിൽ രണ്ടു കാര്യങ്ങൾ വിട്ടേച്ചു പോകുന്നു.അത് മുറുകെപിടിക്കുന്നിടത്തോളം നിങ്ങളൊരിക്കലും വഴിപിഴക്കുകയേ ഇല്ല.അല്ലാഹുവിന്റെ കിതാബും നിങ്ങളുടെ പ്രവാചകന്റെ സുന്നത്തുമാണത്. അല്ലയോ ജനങ്ങളേ ഞാൻ നിങ്ങളോട് പറഞ്ഞത് നിങ്ങൾ കേൾക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുക.[16]

മാലിക്കുബ്നു അനസ് പറയുന്നത് കേട്ടതായി ഇബ്നു വഹബിൽ നിന്ന് തന്റെ സനദിലൂടെ ബൈഹഖി ഉദ്ധരിക്കുന്നു.

[14] ജാമിഉസ്സഗീർ 3382, ഫൈദുൽ ഖദീർ 3/240, 241 നോക്കുക. ശൈഖ് അൽബാനി (സ്വഹീഉൽജാമീഇ സ്സഗീർ ന:3232 ൽ) ഇത് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്.

[15] മുമ്പ് കൊടുത്ത തഖ്രീജ് നോക്കുക.

[16] ഇമാം ബൈഹഖി ദലാഇലുൽ നുബുവ്വ (1/20) ഫസ്ലുൻ ഫീഖബൂലിൽ അഖ്ബാർ എന്ന ശീർഷകത്തിൻ കീഴിലും ഇതുദ്ധരിച്ചിട്ടുണ്ട്.

‘‘നബി(ﷺ) ഹജ്ജത്തുൽ വദാഇൽ പറഞ്ഞത് ഞാൻ നിർബന്ധപൂർവ്വം സ്വീകരിക്കുന്നു.

രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടേച്ചു പോകുന്നു. അവ മുറുകെ പിടിക്കുന്നിടത്തോളം നിങ്ങൾ വഴിപിഴക്കുകയേയില്ല. അല്ലാഹുവിന്റെ കിതാബും നബി(ﷺ)യുടെ സുന്നത്തുമാണത്.’’

ഇർബാദ് ബ്നു സാരിയ(﵁) പറയുന്നതായി തന്റെ സനദിലൂടെ ബൈഹഖി ഉദ്ധരിക്കുന്നു. ഒരിക്കൽ നബി(ﷺ) ഞങ്ങൾക്ക് ഇമാമായി നമസ്കരിച്ചശേഷം ഞങ്ങൾക്ക് അഭിമുഖമായി തിരിഞ്ഞു. അങ്ങനെ വളരെ അർഥവത്തായ ഒരു ഉപദേശം ഞങ്ങൾക്ക് നൽകി. (ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ഒരു ഉപദേശം ഞങ്ങൾക്ക് നൽകി). ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ഹൃദയങ്ങൾ വിറക്കുകയും ചെയ്തു.അപ്പോൾ ഒരാൾ ചോദിച്ചു. ‘‘അല്ലാഹുവിന്റെ റസൂലേ, ഇതൊരു വിടവാങ്ങൽ ഉപദേശം പോലെയുണ്ടല്ലൊ, എന്താണ് അങ്ങ് ഞങ്ങളോട് കൽപിക്കുന്നത്?’’ നബി(ﷺ)പറഞ്ഞു: ‘‘ഞാൻ നിങ്ങളോട് അല്ലാഹുവിനെ സൂക്ഷിക്കുവാനും(നേതൃത്വത്തെ)കേട്ട് അനുസരിക്കുവാനും ഉപദേശിക്കുന്നു. ഉണക്ക മുന്തിരി പോലുള്ള തലയുമായി ഒരു എത്യോപ്യൻ അടിമയാണ് നിങ്ങളുടെ നേതാവ് എങ്കിലും.തീർച്ചയായും എനിക്ക് ശേഷം നിങ്ങളിൽ ആർ ജീവിച്ചിരിക്കുന്നുവോ അവർക്ക് നിരവധി ഭിന്നതകൾ കാണാവുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തും സന്മാർഗികളായ ഖുലഫാ ഉർറാശിദീങ്ങളുടെ സുന്നത്തും പിൻപറ്റുക. അവ നിങ്ങൾ മുറുകെപിടിക്കുക. നിങ്ങളുടെ അണപ്പല്ലുകൾ കൊണ്ടതിനെ കടിച്ചു പിടിക്കുക.നൂതനമായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക.തീർച്ചയായും എല്ലാ നൂതന കാര്യങ്ങളും ബിദ്അത്ത് (അനാചാരം) ആകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടുമാകുന്നു.’’



ഞാൻ (സുയൂത്വി(﵀))പറയട്ടെ; ഈ ഹദീഥ് അബൂദാവൂദും ഇബ്നു മാജയും ഹാക്കിമും ഉദ്ധരിച്ചിട്ടുണ്ട്.(17)

ബൈഹഖി(﵀) ആയിശ(﵂)യിൽനിന്ന് തന്റെ സനദിലൂടെ വീണ്ടും ഉദ്ധരിക്കുന്നു.നബി(ﷺ) പറഞ്ഞു:‘ആറു വിഭാഗം-അല്ലാഹു അവരെ ശപിക്കട്ടെ! പ്രവാചകന്മാരൊക്കെയും പ്രാർഥനക്കുത്തരം ചെയ്യപ്പെടുന്നവരാണ്.(അഥവാ അവരുടെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുന്നതാണ്.) (1) അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കൂട്ടിച്ചേർത്ത് വർദ്ധിപ്പിക്കുന്നവർ (2) അല്ലാഹുവിന്റെ ഖദ്റിനെ നിഷേധിക്കുന്നവർ (3) അല്ലാഹു പ്രതാപം നൽകിയവരെ നിന്ദിക്കുവാനും നിന്ദിച്ചവരെ പ്രതാപിയാക്കുവാനും വേണ്ടി അധികാരമുപയോഗിച്ച് ആധിപത്യം സ്ഥാപിക്കുന്നവർ (4) അല്ലാഹു പവിത്രത കൽപിച്ചവയുടെ പവിത്രതയെ നിരാകരിച്ചവർ (5) എന്റെ കുടുംബത്തോട്, അല്ലാഹു നിഷിദ്ധമാക്കിയത് അനുവദനീയമായി ഗണിച്ചവർ (അഥവാ അവരെ ഉപദ്രവിക്കുകയും ചീത്തവിളിക്കുകയും ചെയ്യുന്നവർ) (6) എന്റെ സുന്നത്തിനെ കയ്യൊഴിച്ചവർ.

ഞാൻ (സൂയുത്വി(﵀) പറയട്ടെ; ഇത് ത്വബ്റാനിയും ഹാക്കിമും ഉദ്ധരിച്ചിട്ടുണ്ട്. ഹാക്കിം ഇത് സ്വഹീഹാണെന്നും പറഞ്ഞിട്ടുണ്ട്.(18)

(17) അഹ്മദ്, അബൂദാവൂദ്, തിർമിദി, ഇബ്നുമാജ മുതലായവർ ഉദ്ധരിച്ചത്. ശൈഖ് അൽബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്. ളിലാലുൽ ജന്ന ന:54, അസ്സ്വഹീഹ: 6/526 ഹ:ന: 2735 നോക്കുക.

(18) തിർമിദി, ഹാക്കിം മുതലായവർ ഉദ്ധരിച്ചത്. ഈ ഹദീഥ് ദുർബലമാണെന്ന് ശൈഖ് അൽബാനി പ്രസ്താവിച്ചിട്ടുണ്ട്. ദഈഫുൽജാമി ഇസ്സഗീർ ഹ :ന:3248, സിൽസിലത്തുദ്ദഈഫ ഹ:ന: 3689 ഇവ കാണുക.

ഹാക്കിം ഹദീഥുകൾ സ്വഹീഹാണെന്ന് പറയുന്നതിൽ വേണ്ടത്ര കണിശത പുലർത്താത്തയാളാണ് എന്നകാര്യം പണ്ഡിതന്മാർ ഉണർത്തിയിട്ടുള്ളത് വായനക്കാർ ഓർക്കുമല്ലോ വി.വ.)

ബൈഹഖി(ﷺ) തന്റെ സനദിലൂടെ അബ്ദുല്ലാഹിബ്നു അംറി(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു.

നബി(ﷺ) പറഞ്ഞു: ''നിശ്ചയം, ഓരോ പ്രവർത്തനത്തിനും ഒരു ഉന്മേഷമുണ്ട്. ഓരോ ഉന്മേഷത്തിനും ഒരു സമയമുണ്ട്. ആരുടെയെങ്കിലും സമയം എന്റെ സുന്നത്തിലേക്കായാൽ അവൻ സന്മാർഗം പ്രാപിച്ചു. അതല്ലാത്ത മറ്റു വല്ലതിലേക്കുമായാൽ അവൻ നശിച്ചു.''[19]

വീണ്ടും അദ്ദേഹം തന്റെ സനദിലൂടെ അനസ് ബ്നു മാലിക്(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു: ''ആരെങ്കിലും എന്റെ സുന്നത്തിനെ ജീവിപ്പിച്ചാൽ അവൻ എന്നെ സ്നേഹിച്ചു.ആരെങ്കിലും എന്നെ സ്നേഹിച്ചാൽ അയാൾ എന്നോടൊപ്പം സ്വർഗത്തിലായിരിക്കും.''

ഞാൻ (സുയൂത്വി(ﷺ) പറയട്ടെ; ഇത് തിർമിദിയും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. [20]

[19] ഇമാം അഹ്മദ് – മുസ്നദിലും 6477, 6764, 6958, ഖുദാഇ 'മുസ്നദുശ്ശിഹാബി'ലും 1026, 1027, ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിലും ന:653 ഇബ്നു ഖുസൈമ (ന:2105 സ്വഹീഹിലും ത്വഹാവി മുശ്കിലുൽ ആഥാറിലും 52/88, 89. ഇബ്നു അബി ആസ്വിം അസ്സുന്നയിലും 51 ഉദ്ധരിച്ചത്. ശൈഖ് അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. സ്വഹീഹുൽ ജാമി ഉസ്സ്വഗീർ (2152) ദിലാലുൽ ജന്ന ഹ:ന: 51 നോക്കുക.

[20] ഈ ഹദീഥ് 'ദഈഫ്' (ദുർബലം) ആണെന്ന് ശൈഖ് അൽ ബാനി(ﷺ) വ്യക്തമാക്കിയിട്ടുണ്ട്. സ്വഹീഹുവ ദഈഫുൽ ജാമി ഇസ്സ്വഗീർ (5360)സിൽ സിലത്തു ദ്ദഈഫ (4538) എന്നിവ നോക്കുക.



അബൂഹുറൈയ്റ(ﷺ)യിൽ നിന്ന് ബൈഹഖി(ﷺ) തന്റെ സനദിലൂടെ ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു: 'എന്റെ ഉമ്മത്ത് കുഴപ്പത്തിലാകുന്ന സന്ദർഭത്തിൽഎന്റെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുന്നവന് നൂറ് രക്തസാക്ഷിയുടെ (ശഹീദ്) പ്രതിഫലമുണ്ട്.'

ഞാൻ(സുയൂത്വി) പറയട്ടെ;ഇത് ത്വബ്റാനിയും ഉദ്ധരിച്ചിട്ടുണ്ട്.[21]

**സുന്നത്തിന്റെ വിവിധ രീതികൾ**

ഇമാം ശാഫിഈ(ﷺ) പറഞ്ഞു. നബി(ﷺ)യുടെ സുന്നത്ത് മൂന്ന് രൂപത്തിലാണ്.

**ഒന്ന്:** അല്ലാഹു ഖുർആനിലൂടെ വ്യക്തമാക്കിയതും; അതുപോലെ തന്നെ നബി(ﷺ)സുന്നത്തിലൂടെയും വ്യക്തമാക്കിയ കാര്യങ്ങൾ.

രണ്ട്: അല്ലാഹു ഖുർആനിൽ മൊത്തത്തിൽ പറയുകയും നബി(ﷺ) അതിന്റെ, അല്ലാഹു ഉദ്ദേശിക്കുന്ന താല്പര്യമെന്തെന്നും, വ്യാപകാർഥത്തിലാണോ അതല്ല പ്രത്യേകമായിട്ടാണോ എങ്ങനെയാണത് നിർബന്ധമാവുക എന്നും എങ്ങനെയാണ് മനുഷ്യന്മാർ അത് ചെയ്യണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കിയ കാര്യങ്ങൾ.

[21] ഈ ഹദീഥ് ദഈഫ് (ദുർബലം) ആണെന്ന് ശൈഖ് അൽബാനി പ്രസ്താവിച്ചിട്ടുണ്ട്. അൽ ജാമിഉസ്സ്വഗീർ (4127, 5913) സിൽസില ദഈഫ: 1/497 ഹ:ന:327 നോക്കുക. ഇബ്നു അബ്ബാസ്(ﷺ)ൽ നിന്നും ഇതുപോലെ റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്.അതും അങ്ങേയറ്റം ദുർബലമാണ്. ദഈഫു ത്തർഗീബു വത്തർഹീബ് ന:30, സിൽസില ദഈഫ ന:326 കാണുക.

മൂന്ന്: ഖുർആനിൽ വ്യക്തമായ പരാമർശമില്ലാത്തതും നബി(ﷺ) സുന്നത്തിലൂടെ പഠിപ്പിച്ചതുമായ കാര്യങ്ങൾ

ചില പണ്ഡിതന്മാർ പറഞ്ഞത്; നബി(ﷺ)യെ അനുസരിക്കൽ നിർബന്ധമാക്കിയതിലൂടെയും അല്ലാഹുവിന്റെ പ്രീതിക്കനുസരിച്ചേ പ്രവാചകൻ പ്രവർത്തിക്കുകയുള്ളുവെന്ന് അല്ലാഹുവിന് അറിയാവുന്നതിനാലും ഖുർആനിൽ വ്യക്തമായ പരാമർശങ്ങളില്ലാത്ത കാര്യങ്ങളിലും സുന്നത്തിലൂടെ വിവരണം നൽകുന്നതിന് അല്ലാഹു നബി(ﷺ)യെ ചുമതലപ്പെടുത്തി.

വേറെ ചിലർ പറഞ്ഞത്: വിശുദ്ധ ഖുർആനിൽ ഒരു അടിസ്ഥാനമുണ്ടായിട്ടല്ലാതെ നബി(ﷺ) ഒരു കാര്യവും ചര്യ(സുന്നത്ത്)യാക്കിയിട്ടില്ല. നമസ്കാരം നിർബന്ധമാക്കി എന്ന അടിസ്ഥാനത്തിൻമേൽ നബി(ﷺ)യുടെ സുന്നത്ത് അതിന്റെ എണ്ണവും കർമവും വിശദീകരിച്ച് കാണിച്ചതുപോലെ. അപ്രകാരം തന്നെയാണ് കച്ചവടങ്ങളിലും മറ്റ് മതനിയമങ്ങളിലുമൊക്കെ നബി(ﷺ) ചര്യയാക്കി കാണിച്ചതും. കാരണം അല്ലാഹു തആലാ പറയുന്നു:

لاَ تَأْكُلُواْ أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ إِلاَّ أَن تَكُونَ تِجَارَةً عَن تَرَاضٍ مِّنكُمْ (سورة النساء : 29)

സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടു കൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങൾ അന്യോന്യം എടുത്ത് തിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു.(4:29)

وَأَحَلَّ اللهُ الْبَيْعَ وَحَرَّمَ الرِّبَا (سورة البقرة : 275)



‘‘കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്.’’ (2:275)

നമസ്കാരത്തിന്റെ കാര്യത്തിൽ നബി(ﷺ) വിശദീകരിച്ച പോലെ അല്ലാഹു അനുവദിച്ചതും വിലക്കിയതുമായ കച്ചവടങ്ങളെ സംബന്ധിച്ചും അവിടുന്ന് വിശദീകരിച്ചു.

മറ്റു ചിലർ പറഞ്ഞത്, അല്ലാഹുവിന്റെ രിസാലത്ത് (സന്ദേശം) അദ്ദേഹത്തിന് വന്നെത്തുകയും അല്ലാഹുവിന്റെ തീരുമാനപ്രകാരം അതിലൂടെ പ്രവാചകന്റെ സുന്നത്ത് സ്ഥിരപ്പെടുത്തുകയും ചെയ്തുവെന്നാണ്.

വേറെ ചിലർ പറഞ്ഞത്;നബി(ﷺ) ചര്യയാക്കിയതൊക്കെ അല്ലാഹു അദ്ദേഹത്തിന്റെ മനസ്സിൽ ഇട്ടുകൊടുത്ത കാര്യങ്ങളാണ്. അല്ലാഹു നബി(ﷺ)യ്ക്ക് ഇട്ടുകൊടുത്ത ഹിക്മത്താണ് അവിടുത്തെ സുന്നത്ത്.(ഇവിടെ അദ്ദേഹത്തിന്റെ വാക്കുകളുടെ ഉദ്ധരണി സമാപിക്കുന്നു.)

ശേഷം ബൈഹഖി തന്റെ സനദിലൂടെ ഉമറുബ്നുൽ ഖത്വാബ്(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു.അദ്ദേഹം മിമ്പറിൽ വെച്ച് പറഞ്ഞു. ‘‘അല്ലയോ ജനങ്ങളേ, തീർച്ചയായും നല്ല അഭിപ്രായം നബി(ﷺ)യിൽ നിന്നുള്ളതാണ്.അതാണ് ശരി.കാരണം അല്ലാഹു തആലയാണ് നബി(ﷺ)യ്ക്ക് അത് നൽകുന്നത്. എന്നാൽ നമ്മുടെ അഭിപ്രായങ്ങളാകട്ടെ അവ ഊഹങ്ങളും നാട്യങ്ങളുമാകുന്നു.‘‘

നബി(ﷺ)യുടെ വിധി

അദ്ദേഹം (ബൈഹഖി) തന്റെ സനദിലൂടെ ശഅബിയിൽ നിന്നുമുദ്ധരിക്കുന്നു: ‘‘നബി(ﷺ) വിധി തീർപ്പുകൽപിക്കുമായിരുന്നു.ഈ വിധിയല്ലാത്ത മറ്റൊന്നുമായി ഖുർആൻ അവതരിക്കും.

അപ്പോൾ ഖുർആനിന്റെ വിധി സ്വീകരിക്കും.നബി(ﷺ)യുടെ ആദ്യ വിധി തിരസ്കരിക്കുകയുമില്ല.

അല്ലാഹുവിന്റെ നിർദേശപ്രകാരമല്ലാതെ നബി(ﷺ) സുന്നത്ത് ആചരിച്ചിട്ടില്ല എന്ന അഭിപ്രായക്കാർ തെളിവാക്കുന്നത് നബി(ﷺ)യുടെ വാക്ക് തന്നെയാണ്.അല്ലാഹുവിന്റെ ആ നിർദേശം ഒന്നുകിൽ നബി(ﷺ)യ്ക്ക് വഹ്‌യായി ഇറങ്ങിയിട്ട് ജനങ്ങൾക്ക് ഓതിക്കേൾപ്പിക്കുന്നവയാകാം. അല്ലെങ്കിൽ ഇന്നത് ചെയ്യണമെന്നുള്ള അല്ലാഹുവിന്റെ സുസ്ഥിരമായ സന്ദേശം(രിസാലത്ത്)മുഖേനയുമാകാം.അതായത് വ്യഭിചാരിയുടെ സംഭവത്തിൽ നബി(ﷺ)പറഞ്ഞ,ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീഥ്. ''തീർച്ചയായും ഞാൻ നിങ്ങൾക്കിടയിൽ അല്ലാഹുവിന്റെ നിയമമനുസരിച്ച് വിധിക്കുക തന്നെ ചെയ്യും.[22]

ശേഷം നബി(ﷺ) അടിക്കുവാനും നാടു കടത്തുവാനും വിധിച്ചു. നാടുകടത്തലാകട്ടെ ഖുർആനിലില്ല താനും!

അപ്രകാരം തന്നെ ഇമാം ബുഖാരിയും മുസ്ലിമും യഅ്‌ല ബ്നു ഉമയ്യ(﵁)യിൽ നിന്ന് റിപ്പോർട്ടു ചെയ്തതും തെളിവാക്കാറുണ്ട്.

നബി(ﷺ) ജിഇർറാനു എന്ന സ്ഥലത്ത് (മക്കയോടടുത്തുള്ള സ്ഥലം) ആയിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെയടുക്കലേക്ക് ഉംറയ്ക്കും വേണ്ടി ഇഹ്റാം കെട്ടിയിരിക്കെ സുഗന്ധം പൂ

[22] ബുഖാരി- കതാബുസ്സുൽഹ, ശുറൂത്വ, ഈമാൻ, ഹുദൂദ്, അഹ്കാം, ആഹാദ്, ഇഅ്തിസ്വാം, മുസ്ലിം-കിതാബുൽഹുദൂദ്-അബൂദാവൂദ്-കിതാബുൽ അക്ദിയ, ഹുദൂദ്, തിർമിദി-കിതാബുൽ അഹ്കാം, നസാഇ കിതാബുൽ ഖുദാത്ത്. ഇബ്നുമാജ: കിതാബുൽ ഹുദൂദ്, ദാരിമി-മുഖദ്ദിമയിലും ഹുദൂദിലും, മാലിക് മുവത്വഇൽ കിതാബുൽ ഹുദൂദ്, അഹ്മദ് 4/115, 116, 5/230, 242



ശിയ ജുബ്ബയും ധരിച്ച് ഒരാൾ വന്നു.എന്നിട്ടയാൾ പറഞ്ഞു:''അല്ലാഹുവിന്റെ റസൂലേ, സുഗന്ധം പൂശിയ ജുബ്ബയുമായി ഉംറയ്ക്ക് ഇഹ്റാമിൽ പ്രവേശിച്ച ഒരാളെ കുറിച്ച് നിങ്ങൾ എന്തു പറയുന്നു?''

وَأَتِمُّواْ الْحَجَّ وَالْعُمْرَةَ لِلّهِ(سورة البقرة : 196)

നബി(ﷺ) അൽപനേരം അയാളെ നോക്കിയ ശേഷം ഒന്നും മിണ്ടിയില്ല. അപ്പോഴേക്കും വഹ്‌യ് വന്നു. അല്ലാഹു ആയത്തിറക്കി ''നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറഃയും പൂർണ്ണമായി നിർവഹിക്കുക.'' (2:196) എന്നിട്ടു ചോദിച്ചു: അൽപം മുമ്പ് എന്നോട് ഉംറയെ കുറിച്ച് ചോദിച്ചയാൾ എവിടെ?'' നിന്റെ ദേഹത്തുള്ള സുഗന്ധം നീ മൂന്ന് പ്രാവശ്യം കഴുകിക്കളയുക. ജുബ്ബ അഴിച്ച് മാറ്റുകയും ചെയ്യുക. ശേഷം നീ ഹജ്ജിൽ ചെയ്യാറുള്ളതു പോലെ ഉംറയിലും ചെയ്തു കൊള്ളുക.[23]

ശേഷം ബൈഹഖി തന്റെ സനദിലൂടെ ത്വാവൂസ്(﵀)ൽ നിന്നും ഉദ്ധരിക്കുന്നു. അതായത്, അദ്ദേഹത്തിന്റെ അടുക്കൽ ദിയ (നഷ്ടപരിഹാരം)ത്തിനെ കുറിച്ച് വഹ്‌യിറങ്ങിയതും നബി(ﷺ) നിർണയിച്ച സ്വദഖയുടെയും 'ദിയ'യുടെയും ഓഹരിയെ സംബന്ധിച്ചും ഗ്രന്ഥമുണ്ടെന്നും അത് വഹ്‌യിലൂടെ അവതരിച്ചതാണെന്നും.

ഹസ്സാൻ ബ്നു അത്വിയ്യ(﵀)യിൽ നിന്നും ഉദ്ധരിക്കുന്നു. ജിബ്‌രീൽ(﵇) സുന്നത്തുമായി നബി(ﷺ)യുടെ അടുക്കൽ ഇറങ്ങുമായിരുന്നു;ഖുർആനുമായി അദ്ദേഹത്തിന്റെ അടുക്കൽ ഇറങ്ങുമായിരുന്നതു പോലെ. അങ്ങനെ ഖുർആൻ അദ്ദേഹത്തിന് പഠി

[23] ബുഖാരി - കിതാബുൽ ഹജ്ജ്, മുസ്‌ലിം-കിതാബുൽ ഹജ്ജ്, അബൂദാവൂദ് - കിതാബുൽ മനാസിക്ക്, നസാഇ - കിതാബുൽ മനാസിക്ക്.

പ്പിക്കാറുണ്ടായിരുന്നതുപോലെ. സുന്നത്തും അദ്ദേഹത്തെ പഠിപ്പിക്കാറുണ്ടായിരുന്നു.(ദാരിമി തന്റെ സുനനിൽ ഉദ്ധരിച്ചത്)

ബൈഹഖി വീണ്ടും തന്റെ സനദിലൂടെ ഖാസിമുബ്നു മുഖൈമിറയിൽ നിന്നും അദ്ദേഹം ഫുദൈല(ﷺ)യിൽ നിന്നും ഉദ്ധരിക്കുന്നു. വരൾച്ചയുടെ വർഷത്തിൽ നബി(ﷺ)യോട് പറയപ്പെട്ടു. പ്രവാചകരേ, ഞങ്ങൾ വളരെ പ്രയാസത്തിലാണ്.അവിടുന്ന് പറഞ്ഞു

ബൈഹഖി തന്റെ സനദിലൂടെ മുത്വലിബ്ബ്നു ഹൻത്വബ്(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു: അല്ലാഹു നിങ്ങളോട് കൽപിച്ചിട്ടുള്ള ഒരു കാര്യവും ഞാൻ നിങ്ങളോട് കൽപിക്കാതെ വിട്ടിട്ടില്ല. അല്ലാഹു നിങ്ങളോട് വിലക്കിയിട്ടുള്ള ഒരു കാര്യവും ഞാൻ നിങ്ങളോട് വിരോധിക്കാതെയും വിട്ടിട്ടില്ല.

ഒരാളും തന്നെ അയാളുടെ 'രിസ്ഖ്' (ഉപജീവനം) പൂർത്തിയാക്കിയിട്ടല്ലാതെ മരിച്ചു പോവുകയേയില്ല എന്നും ആയതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും രിസ്ഖ് തേടുന്നത് നല്ല രീതിയിലായിരിക്കണമെന്നും റൂഹുൽ അമീൻ (ജിബ്രീൽ-ﷺ-) എനിക്ക് ബോധനം നൽകി.

ഇമാം ശാഫിഈ(ﷺ) പറയുന്നു. ''സുന്നത്ത് മുഴുവനും ഈ ആശയങ്ങളിലേതെങ്കിലുമൊന്നിന് പുറത്തേക്കു പോകുന്നില്ല. അതായത് ഞാൻ വ്യത്യസ്തരായ പണ്ഡിതന്മാരിൽ നിന്നുദ്ധരിച്ച ഈ ആശയങ്ങൾക്ക് പുറത്തേക്ക്. നബി(ﷺ) സുന്നത്തായി പഠിപ്പിച്ചവയെല്ലാം നാം പിൻപറ്റുവാൻ അല്ലാഹു നമ്മോടു നിർബന്ധിച്ചിരിക്കുന്നു. നബി(ﷺ)യെ പിൻപറ്റുന്നതിലാണ് അല്ലാഹുവിനുള്ള അനുസരണം,അവൻ നിശ്ചയിച്ചത്. അദ്ദേഹത്തെ പിൻപറ്റാതെ എതിരു പ്രവർത്തിക്കുന്നത് അല്ലാഹുവിനോടുള്ള അ



നുസരണക്കേടായും അവൻ നിശ്ചയിച്ചു. ആർക്കും അതിന് യാതൊരു ഒഴികഴിവുമില്ല. നബി(ﷺ)യുടെ സുന്നത്തുകൾ പിൻപറ്റാതെയുള്ള യാതൊരു വഴിയും ഒരാൾക്കും അല്ലാഹു നിശ്ചയിച്ചുകൊടുത്തിട്ടില്ല.

**നബി(ﷺ)യെ അനുസരിക്കാനുള്ള അല്ലാഹുവിന്റെ കൽപനയും നബി(ﷺ)യ്ക്കുള്ള അനുസരണം അല്ലാഹുവിനുള്ള അനുസരണമാണ്**

അല്ലാഹു പറയുന്നു.

إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللَّهَ يَدُ اللَّهِ فَوْقَ أَيْدِيهِمْ فَمَن نَّكَثَ فَإِنَّمَا يَنكُثُ عَلَىٰ نَفْسِهِ وَمَنْ أَوْفَىٰ بِمَا عَاهَدَ عَلَيْهُ اللَّهَ فَسَيُؤْتِيهِ أَجْرًا عَظِيمًا (سورة الفتح : 10)

തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്.അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്. അതിനാൽ ആരെങ്കിലും (അത്) ലംഘിക്കുന്നപക്ഷം ലംഘിക്കുന്നതിന്റെ ദോഷഫലം അവന് തന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിൽ ഏർപെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (അൽഫത്ഹ് ; 10)

مَّنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ(سورة النساء : 80)

(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. (അന്നിസാഅ് : 80)

ഇമാം ശാഫിഈ(﵀) പറയുന്നു. റസൂലിനുള്ള ബൈഅത്ത്(കരാർ) തനിക്കുള്ള ബൈഅത്താണെന്നും,റസൂലിനുള്ള അനുസരണം തനിക്കുള്ള അനുസരണമാണെന്നും അല്ലാഹു അവരെ അറിയിക്കുകയാണ്.

അല്ലാഹു പറയുന്നു

فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا (سورة النساء : 65)

ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും,നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല. (അന്നിസാഅ് : 65)

നമുക്ക് കിട്ടിയ വിവരമനുസരിച്ച് ഇമാം ശാഫിഈ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഒരു സ്ഥലത്തിന്റെ കാര്യത്തിൽ സുബൈർ(﵁)നോട് തർക്കിച്ച ഒരാളുടെ വിഷയത്തിലാണ് ഈ ആയത്ത് അവതരിച്ചത്.അങ്ങനെ നബി(ﷺ) പ്രസ്തുത ഭൂമി സുബൈർ(﵁)ന് അനുകൂലമായി വിധിച്ചു. ഈ വിധിയാകട്ടെ നബി(ﷺ)യിൽ നിന്നുള്ള ഒരു സുന്നത്താണ്.ഖുർആനിൽ വ്യക്തമായി വന്ന ഒരു വിധിയല്ല. എന്നിരുന്നിട്ടു കൂടി ആ വിധി സർവ്വാത്മനാ അംഗീകരിച്ചില്ലെങ്കിൽ വിശ്വാസിയാവുകയില്ലെന്നാണ് അല്ലാഹു ആയത്തിലൂടെ അറിയിക്കുന്നത്.

അബ്ദുല്ലാഹി ബ്നു സുബൈർ(﵁)ൽ നിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ടു ചെയ്യുന്നു. അൻസ്വാരികളിൽ



പ്പെട്ട ഒരാൾ സുബൈർ(﵁)വുമായി ഈത്തപ്പനത്തോട്ടം നനക്കുന്നതിന് വെള്ളം കൊണ്ടുവരുന്ന ഒരുചാലിന്റെ വിഷയത്തിൽ തർക്കിച്ചു.

അൻസ്വാരി(﵁) പറഞ്ഞു: 'വെള്ളം വിട്ടുതരിക അത് ഒഴുകട്ടെ!'

സുബൈർ(﵁) അതംഗീകരിച്ചില്ല. അങ്ങനെ തർക്കം നബി(ﷺ)യുടെ അടുക്കലെത്തി.അപ്പോൾ റസൂലുല്ലാഹി(ﷺ) പറഞ്ഞു. ''സുബൈറേ, നീ നനച്ചു കൊള്ളുക.ശേഷം നിന്റെ അയൽക്കാരന് കൊടുക്കുക. സുബൈർ(﵁)ന്റെ പറമ്പിലൂടെയായിരുന്നു വെള്ളം പോയിരുന്നത്.തന്റെ കൃഷി നനച്ച ശേഷം വിട്ടുകൊടുക്കാൻ വേണ്ടിയാണ് അദ്ദേഹം ശ്രമിച്ചത്.അൻസ്വാരി(﵁)യാകട്ടെ അതിനെ എതിർത്തു. (അതായിരുന്നു അവർ തമ്മിലുള്ള തർക്കം.) അപ്പോൾ അൻസ്വാരി പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, സുബൈർ താങ്കളുടെ അമ്മായിയുടെ മകനാണെങ്കിലും അപ്പോൾ നബി(ﷺ)യുടെ മുഖം വിവർണമായി എന്നിട്ടു പറഞ്ഞു.''സുബൈറേ, നീ നനച്ചുകൊള്ളുക. എന്നിട്ട് നീ വെള്ളം കെട്ടി നിർത്തുക.''[24]

സുബൈർ(﵁) പറയുന്നു.അല്ലാഹുവാണെ, ഞാൻ വിചാരി ക്കുന്നത് ഈആയത്ത്

فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ (سورة النساء : 65)

ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധിക

[24] ബുഖാരി തന്റെ സ്വഹീഹിൽ ഫ:ന:2360-കിതാബുത്താഫ്സീർ, സുൽഹ്, മുസാക്വാത്ത്, മുസ്‌ലിം-കിതാബുൽ ഫദാഇൽ ഹ:129, അബൂദാവൂദ്-കിതാബുൽ അക്വ്‌രിയ്യ, തിർമിദി തന്റെ സുന്നത്തിൽ കിതാബുൽ അഹ്കാം, തിഫ്സീർ സൂറത്തു നിസാഅ്, നസാഇതന്റെ സുന്നത്തിൽ കിതാബുൽ ക്വുദാത്ത്, ഇബ്നുമാജ തന്റെ സുനതിൽ-മുഖദിമയിലും കിതാബുർഹുനിലും. ഇമാം അഹ്മദ്-മുസ്നദിൽ 1/166, 4/5ലും റിപ്പോർട്ടു ചെയ്തത്.)

ർത്താവാക്കുകയും,നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല.(4:65) ആ സംഭവത്തിലാണ് അവതരിച്ചത് എന്നാണ്.

ഇമാം ബുഖാരിയും മുസ്‌ലിമും അബൂഹു റൈയ്റ(ﷺ) യിൽ നിന്ന് ഉദ്ധരിക്കുന്നു.

നബി(ﷺ) പറഞ്ഞു ''ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിച്ചാൽ അവൻ അല്ലാഹുവിനെയാണ് ധിക്കരിച്ചത്.''[25]

ഇമാം ബുഖാരി ജാബിറുബ്നുഅബ്ദില്ല(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു.

അദ്ദേഹം പറഞ്ഞു. കുറെ മലക്കുകൾ അല്ലാഹുവിന്റെ ഒരു പ്രവാചകന്റെ(ﷺ) അടുക്കൽ വന്നു.അദ്ദേഹമാകട്ടെ ഉറങ്ങുകയായിരുന്നു. അപ്പോൾ അവർ പരസ്പരം പറഞ്ഞു:''അദ്ദേഹം ഉറങ്ങുകയാണ്. ചിലർ പറഞ്ഞു: 'കണ്ണുകൾക്കേ നിദ്ര ബാധിച്ചിട്ടുള്ളൂ മനസ്സുറങ്ങിയിട്ടില്ല'' എന്നിട്ടവർ പറഞ്ഞു. നിങ്ങളുടെ ഈ കൂട്ടുകാരന് ഒരു ഉപമയുണ്ട്.അത് അദ്ദേഹത്തിന് വിവരിച്ചുകൊടുക്കുക. അങ്ങനെയവർ പറഞ്ഞു. അദ്ദേഹത്തിന്റെ ഉപമ ഒരു വീട് കെട്ടിയ മനുഷ്യന്റേതു പോലെയാണ്. എന്നിട്ടയാൾ അതിൽ ഒരു സദ്യയുണ്ടാക്കി. അതിലേക്ക് ക്ഷണിക്കാൻ ആളെ അയ

[25] ബുഖാരി തന്റെ സ്വഹീഹിൽ-കിതാബുൽ അഹ്കാം, ജിഹാദ്, നസാഇ തന്റെ സുനനിൽ-കിതാബുൽ ബൈഅത്തിലും ഇസ്തിആദത്തിലും. ഇബ്നുമാജഃ മുഖദിമയിലും കിതാബുൽ ജിഹാദിലും, അഹ്മദ് മുസ്നദിൽ 2/253, 270, 313, 380, 416, 467, 471, 511 ലും ഉദ്ധരിച്ചത്.



ക്കുകയും ചെയ്തു. അങ്ങനെ ആ ക്ഷണം സ്വീകരിച്ച് വീട്ടിലെത്തിയവർ ആ സദ്യയിൽ നിന്നും ഭക്ഷിച്ചു. ക്ഷണം സ്വകരിക്കാത്തവർ വീട്ടിലെത്തിയില്ല.സദ്യയുണ്ണാൻ സാധിച്ചതുമില്ല. എന്നിട്ട് അവർ(മലക്കുകൾ) പറഞ്ഞു: ഇതിന്റെ വ്യാഖ്യാനം നിങ്ങൾ അദ്ദേഹത്തിന് മനസ്സിലാക്കി കൊടുക്കുക. അപ്പോൾ ചിലർ പറഞ്ഞു. അദ്ദേഹം നിദ്രയിലാണ്. മറ്റു ചിലർ പറഞ്ഞു: കണ്ണുകൾക്കേ നിദ്ര ബാധിച്ചിട്ടുള്ളൂ മനസ്സ് ഉണർവിലാണ്. എന്നിട്ടവർ പറഞ്ഞു: ആ വീട് സ്വർഗമാണ്. അതിലേക്ക് ക്ഷണിച്ചയാൾ മുഹമ്മദ് നബി(ﷺ) യാണ്. ആർ മുഹമ്മദ് നബി(ﷺ)യെ അനുസരിച്ചുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആർ മുഹമ്മദിനോട്(ﷺ) അനുസരണക്കോട് കാണിച്ചുവോ അവൻ അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചു. മുഹമ്മദ് നബി(ﷺ) ജനങ്ങളെ (വിശ്വാസികൾ -അവിശ്വാസികൾ/ സ്വർഗാവകാശികൾ -നരകാവകാശികൾ എന്നിങ്ങനെ) വേർതിരിച്ചു.(അഥവാ ആ വേർതിരിവിന് മുഹമ്മദ് നബി(ﷺ) നിമിത്തമായി എന്നർഥം.[26]

ഇമാം ബുഖാരി(ﷺ) അബൂഹുറെയ്റ(ﷺ)യിൽ നിന്ന് ഉദ്ധരിക്കുന്നു.

നബി(ﷺ) പറഞ്ഞു: ''എന്റെ ഉമ്മത്ത് മുഴുവൻ സ്വർഗത്തിൽ പ്രവേശിക്കുന്നവരാണ്; വിസമ്മതിച്ചവരൊഴികെ. സ്വഹാബികൾ ചോദിച്ചു: ''അല്ലാഹുവിന്റെ റസൂലേ, ആരാണ് വിസമ്മതിക്കുന്നത്?'' നബി(ﷺ) പറഞ്ഞു: ''ആർ എന്നെ അനുസരിച്ചു

[26] ബുഖാരി തന്റെ സ്വഹീഹിൽ-കിതാബുൽ ഇഅ്തിസ്വാമിലും, ദാരിമി തന്റെ സുനനിലെ മുഖദ്ദിമയിലും ഉദ്ധരിച്ചത്)

വോ അവർ സ്വർഗത്തിൽ പ്രവേശിക്കും. ആർ എന്നോട് അനുസരണക്കേട് കാണിക്കുന്നുവോ അവരാണ് വിസമ്മതിച്ചത്.''[27]

ഇമാം ശാഫിഈ(ﷺ) പറയുന്നു. അല്ലാഹു തആലാ പറഞ്ഞിരിക്കുന്നു.''

لَا تَجْعَلُوا دُعَاء الرَّسُولِ بَيْنَكُمْ كَدُعَاء بَعْضِكُم بَعْضًا قَدْ يَعْلَمُ اللَّهُ الَّذِينَ يَتَسَلَّلُونَ مِنكُمْ لِوَاذًا فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ (سورة النور : 63)

നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നത് പോലെ നിങ്ങൾ ആക്കിത്തീർക്കരുത്. (മറ്റുള്ളവരുടെ) മറപിടിച്ചു കൊണ്ട് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ചോർന്ന് പോകുന്നവരെ അല്ലാഹു അറിയുന്നുണ്ട്. ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക്എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു ഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ. (അന്നൂർ:63)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ബൈഹഖി സുഫ്യാൻ(ﷺ)ൽ നിന്നു റിപ്പോർട്ടു ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ''അതായത്, അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെക്കുന്നതാണ്''.

ഇമാം ശാഫിഈ(ﷺ) പറയുന്നു. നബി(ﷺ) കൊണ്ടു വന്നത് സ്വീകരിക്കാനും വിലക്കിയതിൽ നിന്ന് വിരമിക്കാനും അല്ലാഹു അവരോട് കൽപിച്ചു.

---

[2] ബുഖാരി തന്റെ സ്വഹീഹിൽ - കിതാബുൽ ഇഅ്തിസ്വാമിലും ഇമാം അഹ്മദ് മുസ്നദിൽ 2/361ലും ഉദ്ധരിച്ചത്.



وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (سورة الحشر : 7)

നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. (അൽ ഹശ്ർ: 7)

ഇബ്നു മസ്ഊദ്(ﷺ)ൽ നിന്ന് ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു.

അദ്ദേഹം പറഞ്ഞു.''പച്ച കുത്തുന്നവരെയും പച്ചകുത്താനാവശ്യപ്പെടുന്നവരേയും അല്ലാഹു ശപിച്ചിരിക്കുന്നു. പുരിക രോമം കത്രിച്ചു കളയാനാവശ്യപ്പെടുന്നവരേയും സൗന്ദര്യത്തിന് വേണ്ടി പല്ലുകൾക്കിടയിൽ വിടവുണ്ടാക്കുന്നവരെയും(അല്ലാഹു ശപിച്ചിരിക്കുന്നു.)അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്തുന്നവരാണവർ. ഈ വിവരം 'ഉമ്മു യഅ്ഖൂബ്' എന്ന സ്ത്രീയുടെ അടുക്കലെത്തിയപ്പോൾ അവർ അദ്ദേഹത്തിന്റെ അടുക്കൽ വന്നിട്ടു ചോദിച്ചു: നിങ്ങൾ ഇങ്ങനെയൊക്കെ പറഞ്ഞതായി വിവരം കിട്ടിയല്ലോ?! അപ്പോൾ (ഇബ്നു മസ്ഊദ്(ﷺ) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ(ﷺ) ശപിച്ചവരെ ഞാൻ എന്തിന് ശപിക്കാതിരിക്കണം? അത് അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളതാണല്ലൊ. അപ്പോൾ ആ സ്ത്രീ ചോദിച്ചു: ഈ രണ്ടു ചട്ടകൾക്കുള്ളിലുള്ളത് (ഖുർആൻ) മുഴുവൻ ഞാൻ വായിച്ചിട്ടുണ്ട്. പക്ഷെ, ഞാനത് കണ്ടിട്ടില്ല. അദ്ദേഹം പറഞ്ഞു: നീ അത് മുഴുവൻ വായിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായുമത് കാണുമായിരുന്നു.നീ ഈ ആയത്ത് വായിച്ചില്ലേ?

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (سورة الحشر : 7)

നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക.എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. (അൽ ഹശ്ർ:7)

അവർ പറഞ്ഞു: അതെ, വായിച്ചിട്ടുണ്ട്. ഇബ്നു മസ്ഊദ്(﵁) പറഞ്ഞു: ''അതെ നബി(ﷺ) അത് വിലക്കിയിട്ടുണ്ട്.''[28]

ഇമാം ശാഫിഈ(﵀) പറഞ്ഞു: നബി(ﷺ) നേരായ പാതയിലൂടെയാണ് നയിക്കുന്നതെന്ന കാര്യം അല്ലാഹു വ്യക്തമാക്കുകയും ചെയ്തു.

وَلَكِن جَعَلْنَاهُ نُورًا نَّهْدِي بِهِ مَنْ نَّشَاء مِنْ عِبَادِنَا وَإِنَّكَ لَتَهْدِي إِلَى صِرَاطٍ مُّسْتَقِيمٍ * صِرَاطِ اللَّهِ(سورة الشورى : 52)

മൂസായ്ക്ക് നാം ബോധനം നൽകി: എന്റെ ദാസൻമാരെയും കൊണ്ട് രാത്രിയിൽ നീ പുറപ്പെട്ടുകൊള്ളുക.തീർച്ചയായും (ശത്രുക്കൾ) നിങ്ങളെ പിന്തുടരാൻ പോകുകയാണ്.(അശ്ശൂറ;52)

ഇമാം ശാഫിഈ പറയുന്നു. നബി(ﷺ)യെ നേരിൽ കണ്ടയാൾക്കും പ്രവാചക കാലശേഷം ഖിയാമത്തുനാൾ വരെയുള്ള ആളുകൾക്കുമെല്ലാം അദ്ദേഹത്തെ അനുസരിക്കൽ ബാധ്യതയാണ്.

ശേഷം ബൈഹഖി തന്റെ സനദിലൂടെ മൈമൂനുബ്നു മഹ്റാൻ(﵀)ൽ നിന്നും

[28] ബുഖാരി തന്റെ സ്വഹീഹിലും-കിതാബുആഫ്സീർ, കിതാബുല്ലിബാസ്- മുസ്ലിം തന്റെ സ്വഹീഹിൽ-കിതാബുല്ലിബാസ് ഹ:ന:120, അബൂദാവൂദ് തന്റെ സുനനിൽ-കിതാബു തറജ്ജുൽ, തിർമിദി-കിതാബുൽ അദബ്, നസാഇ തന്റെ സുനനിൽ കിതാബുസ്സീനത്ത്, ഇബ്നുമാജഃ-കിതാബുന്നിക്കാഹ്, ദാരിമി തന്റെ സുനതിൽ കിതാബുൽ ഇസ്തിഅ്ദാൻ, ഇമാം അഹ്മദ് മുസ്നദിൽ 1/415, 417, 434, 443, 454, 465, 6/257 ഉദ്ധരിച്ചത്.



يَا أَيُّهَا الَّذِينَ آمَنُواْ أَطِيعُواْ اللّهَ وَأَطِيعُواْ الرَّسُولَ وَأُوْلِي الأَمْرِ مِنكُمْ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللّهِ وَالرَّسُولِ(سورة النساء : 59)

സത്യവിശ്വാസികളേ,നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.(4:59) ഈ ആയത്തിന്റെ വിവരണത്തിൽ ഉദ്ധരിക്കുന്നു. ''പണ്ഡിതന്മാർ പറഞ്ഞത്; അല്ലാഹുവിലേക്ക് മടക്കണം എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ ഗ്രന്ഥ (ഖുർആനിലേക്ക്)ത്തിലേക്ക് എന്നാണ്. നബി(ﷺ)യിലേക്ക് മടക്കണമെന്ന് പറഞ്ഞതിന്റെ വിവക്ഷ പ്രവാചക നിയോഗ ശേഷം അവിടുത്തെ സുന്നത്തിലേക്ക് മടക്കണം എന്നുമാണ്.''

ശേഷം ബൈഹഖി അബൂദാവൂദിന്റെ ഹദീസുദ്ധരിച്ചു.അബൂ റാഫിഅ്(﵁) നിവേദനം റസൂലുല്ലാഹി(ﷺ) പറഞ്ഞു.''ഞാൻ നിങ്ങളിലാരെയും ഇപ്രകാരം കാണാതിരിക്കട്ടെ. തന്റെ സോഫയിൽ ചാരിയിരിക്കുന്ന അവസ്ഥയിൽ ഞാൻ നിർദ്ദേശിച്ച വല്ല കാര്യമോ, വിലക്കിയ വല്ല സംഗതിയോ അയാളുടെ അടുക്കൽ എത്തിയാൽ അയാൾ പറയും.നമുക്കറിയില്ല.അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നാം കണ്ടതെന്തോ അത് നമുക്ക് പിൻപറ്റാം.'' (ഈ ഹദീഥിന്റെ തഖ്‌രീജ് മുമ്പ് വന്നിട്ടുണ്ട്.)

ഇമാം ശാഫിഈ പറയുന്നു. ഈ ഹദീഥിൽ നബി(ﷺ)യിൽനിന്നുള്ള റിപ്പോർട്ടുകളെ സ്ഥിരീകരിക്കലും അത് സ്വീകരിക്കൽ അനിവാര്യമാണെന്ന അറിയിപ്പുമുണ്ട്.അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനിൽ വ്യക്തമായ പരാമർശമില്ലാത്ത ഒരു കാര്യമാണ് നബി(ﷺ) തന്റെ ഹദീഥിലൂടെ വിശദീകരിച്ചത് എങ്കിൽ പോലും.

വീണ്ടും അബൂദാവൂദിന്റെ മറ്റൊരു ഹദീഥുകൂടി ബൈഹഖി ഉദ്ധരിക്കുന്നു. ഇർബാദ് ബ്നു സാരിയ(ؓ) നിവേദനം അദ്ദേഹം പറഞ്ഞു.ഞങ്ങൾ നബി(ﷺ)യോടൊപ്പം ഖൈബറിൽ തങ്ങി. അവിടുത്തോടൊപ്പം തന്റെ കൂടെയുണ്ടായിരുന്ന മറ്റ് അനുചരന്മാരുമുണ്ടായിരുന്നു. ഖൈബറിലെ ആൾ ഒരു ധിക്കാരിയും നിഷേധിയുമായിരുന്നു. അയാൾ നബി(ﷺ)യുടെ അടുക്കലേക്ക് വന്നിട്ടു ചോദിച്ചു. ''മുഹമ്മദേ, നിങ്ങൾക്കു ഞങ്ങളുടെ കഴുതകളെ അറുക്കുകയും ഞങ്ങളുടെ ഫലങ്ങൾ തിന്നുകയും ഞങ്ങളുടെ സ്ത്രീകളെ പിടിച്ചുകൊണ്ട് പോവുകയുമാണോ വേണ്ടത്?'' അപ്പോൾ നബി(ﷺ) ദേഷ്യപ്പെട്ടു. എന്നിട്ട് തന്റെ സ്വഹാബിയെ വിളിച്ചുകൊണ്ട് പറഞ്ഞു. ''ഇബ്നു ഔഫേ, നീ കുതിരപ്പുറത്ത് കയറി നമസ്കാരത്തിനായി എല്ലാവരോടും സംഘടിക്കുവാൻ വിളിച്ചു പറയുക.''

അങ്ങനെ അവർ ഒരുമിച്ചു കൂടി. നബി(ﷺ) അവരെയുമായി നമസ്കാരം നിർവഹിച്ചു. എന്നിട്ട് എഴുന്നേറ്റു നിന്നു പറഞ്ഞു. തന്റെ ചാരുകട്ടിലിൽ ചാരിയിരുന്നു കൊണ്ട് നിങ്ങളാരും വിചാരിക്കേണ്ടതില്ല,ഖുർആനിൽ ഉള്ളതല്ലാത്ത ഒന്നും അല്ലാഹു നിഷിദ്ധമാക്കിയിട്ടില്ലായെന്ന്. എന്നാൽ തീർച്ചയായും അല്ലാഹുവാണെ സത്യം, ഞാൻ കുറെ കാര്യങ്ങൾ കൽപിക്കുകയും ഉപദേശിക്കുകയും വിലക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. തീർച്ചയായും അത് ഖുർആനിനോളമോ അതിലധികമോ ഉണ്ട്. വേദക്കാ



രുടെ മേൽ ബാധ്യതയായത് (ജിസ്യ) അവർ നിങ്ങൾക്കു നൽകിയാൽ നിശ്ചയം! വേദക്കാരുടെ വീടുകളിൽ അനുവാദമില്ലാതെ പ്രവേശിക്കുവാനോ അവരുടെ സ്ത്രീകളെ ചിറകെട്ടി പിടിക്കുവാനോ അവരുടെ ഫലങ്ങൾ ഭക്ഷിക്കുവാനോ അല്ലാഹു നിങ്ങൾക്ക് അനുമതി നൽകിയിട്ടില്ല.''

**ഹദീഥുകൾ കയ്യൊഴിക്കുന്ന ചിലർ തെളിവാക്കുന്ന, സുന്നത്ത് ഖുർആനുമായി ഒത്തുനോക്കണമെന്ന ദുർബല റിപ്പോർട്ടിന്റെ ബാലിശത**

ശാഫിഈ(ؓ) പറയുന്നു. ഹദീഥ് നിഷേധികളിൽ ചിലർ എനിക്കെതിരെ തെളിവാക്കിയ ഒന്നാണ് നബി(ﷺ)ഇപ്രകാരം പറഞ്ഞുവെന്നുള്ള റിപ്പോർട്ട്.''എന്നിൽ നിന്നും നിങ്ങൾക്ക് വല്ലതും വന്നെത്തിയാൽ അതിനെ നിങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥവു (ഖുർആൻ)മായി ഒത്തുനോക്കുക. ഖുർആനുമായി യോജിക്കുന്നുവെങ്കിൽ ഞാൻ അത് പറഞ്ഞതാണ്. ഖുർആനോട് യോജിക്കാത്തത് ഞാൻ പറഞ്ഞതല്ല.''

അപ്പോൾ ഞാൻ അയാളോട് പറഞ്ഞു: ഹദീഥിന്റെ കാര്യത്തിൽ സ്വീകാര്യയോഗ്യനായ ഒരാളും ഇതു റിപ്പോർട്ട് ചെയ്തിട്ടില്ല.അജ്ഞാതനായ(മജ്ഹൂൽ) ഏതോ ഒരു വ്യക്തിയിൽനിന്നും പരമ്പര മുറിഞ്ഞുപോയ (മുൻഖത്വിഅ്) നിലക്കുള്ള ഒരു റിപ്പോർട്ടു മാത്രമാണത്. ഇതു പോലുള്ള റിപ്പോർട്ടുകൾ ഞങ്ങൾ ഒരു കാര്യത്തിലും സ്വീകരിക്കാറില്ല.

ബൈഹഖി(ؒ) പറയുന്നു. ഖാലിദുബ്നു അബീകരീമയുടെ റിപ്പോർട്ടിലേക്കാണ് ഇമാം ശാഫിഈ വിരൽ ചൂണ്ടിയത്.അദ്ദേഹം അബൂജഅ്ഫറിൽ നിന്നും അബൂ ജഅ്ഫർ നബി(ﷺ)യി

ൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ) ജൂതന്മാരെ വിളിച്ചു ചോദിച്ചു. അങ്ങനെ അവർ നബി(ﷺ)യോട് സംസാരിച്ചുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, ഈസാ(ﷺ)യുടെ മേൽ അവർ കളവു പറയുവോളം. അപ്പോൾ നബി(ﷺ)മിമ്പറിൽ കയറി ജനങ്ങളെ അഭിസംബോധന ചെയ്തു.അങ്ങനെ അവിടുന്ന് പറഞ്ഞു: തീർച്ചയായും എന്നിൽ നിന്ന് ഹദീഥുകൾ പ്രചരിക്കും.അവയിൽ ഖുർആനുമായി യോജിക്കുന്ന നിലയിൽ നിങ്ങൾക്ക് വന്നെത്തുന്നത് എന്നിൽനിന്ന് തന്നെയുള്ളവയാണ്. ഖുർആനുമായി എതിരാകുന്ന നിലയിൽ നിങ്ങളുടെ അടുക്കൽ എത്തുന്നവ, യഥാർഥ്യത്തിൽ എന്നിൽ നിന്നുള്ളതല്ല.''

ബൈഹഖി പറയുന്നു: ഖാലിദ് അജ്ഞാതൻ (മജ്ഹൂൽ) ആണ്. അബൂ ജഅ്ഫറാകട്ടെ പ്രവാചക ശിഷ്യനു(സ്വഹാബി)മല്ല. അതിനാൽ ഈ ഹദീഥ് പരമ്പര മുറിഞ്ഞുപോയ (മുൻഖത്വിഅ്) റിപ്പോർട്ടാണ്. (അഥവാ ദുർബലമാണ്, സ്വീകാര്യമല്ല.)

ശാഫിഈ(ﷺ) പറയുന്നു. ഹദീഥ് ഖുർആനിനോട് എതിരാവുകയില്ല. എന്നാൽ നബി(ﷺ)യുടെ ഹദീഥ്,ആയത്തിന്റെ ആശയം വ്യാപകാർഥം ഉദ്ദേശിക്കുന്നതാണോ അതല്ല പ്രത്യേകാർഥമാണോ എന്നും, നാസിഖോ (ഭേദഗതിപ്പെടുത്തുന്നത്) മൻസൂഖോ(ഭേദഗതി വന്നത്) ആണോ എന്നെല്ലാം വ്യക്തമാക്കുന്നു. അല്ലാഹുവിന്റെ നിശ്ചയപ്രകാരം നബി(ﷺ) ജനങ്ങൾക്ക് ചര്യയാക്കി കാണിച്ചത് സ്വീകരിക്കൽ ജനങ്ങൾക്ക് അനിവാര്യമാണ്.ആരെങ്കിലും നബി(ﷺ)യിൽ നിന്ന് അത് സ്വീകരിച്ചാൽ അവൻ (യഥാർഥത്തിൽ) അല്ലാഹുവിൽ നിന്നാണ് സ്വീകരിച്ചത്.

ബൈഹഖി പറയുന്നു. ഈ ഹദീഥ് മറ്റ് വഴികളിലൂടെയും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവയെല്ലാം തന്നെ ദുർബലങ്ങളാണ്.



പിന്നെ അദ്ദേഹം ഇബ്നുവഹബ് വഴിയും അയാൾ അംറ് ബ്നുൽ ഹാരിഥിൽ നിന്നും അദ്ദേഹം അസ്ബഗ് ബ്നു മുഹമ്മദുബ്നു അബീമൻ സൂറിൽ നിന്നും അദ്ദേഹത്തിന് നബി(ﷺ) പറഞ്ഞതായി വിവരമെത്തി എന്നും റിപ്പോർട്ട് ചെയ്യുന്നു.''ഹദീഥ് മൂന്ന് തരമാണ്. എന്നിൽ നിന്നും നിങ്ങൾക്കെത്തുന്ന ഏത് ഹദീഥും ഖുർആനിലൂടെ നിങ്ങൾക്കറിയാൻ കഴിയുന്നതാണ്. അത് നിങ്ങൾ സ്വീകരിക്കുക. എന്നാൽ എന്നിൽ നിന്നുള്ളതായി നിങ്ങൾക്കെത്തുന്ന ഏത് ഹദീഥിനാണോ ഖുർആനിൽ യാതൊരു സ്ഥാനവും നിങ്ങൾക്ക് കാണാൻ കഴിയാത്തതും നിങ്ങൾക്ക് സുപരിചിതമല്ലാത്തതുമായുള്ളത്, അത് നിങ്ങൾ സ്വീകരിക്കരുത്. എന്നിൽ നിന്നുള്ളതായി നിങ്ങൾക്കെത്തുന്ന ഏത് ഹദീഥുകൾ നിങ്ങളുടെ മനസ്സുകൾക്ക്, അരോചകമായി തോന്നുകയും അതിന് വിരുദ്ധമായത് ഖുർആനിൽ നിങ്ങൾ കാണുകയും ചെയ്യുന്നുവോ; അത് നിങ്ങൾ തള്ളിക്കളയുക.''

ബൈഹഖി പറയുന്നു: ''ഇത് അജ്ഞാതനായ (മജ്ഹൂൽ) ഏതോ ഒരു വ്യക്തിയിൽ നിന്നും പരമ്പര മുറിഞ്ഞ (മുൻഖത്വിഅ്) നിലയ്ക്കുള്ള റിപ്പോർട്ടാകുന്നു.''

പിന്നീട് അദ്ദേഹം(ബൈഹഖി) തന്റെ സനദിലൂടെ ആസ്വിമുബ്നു അബിന്നുജ്ജുദിൽ നിന്നും അദ്ദേഹം സിർറുബ്നു ഹുബൈശിൽ നിന്നും അദ്ദേഹം അലിയ്യ്ബ്നു അബീത്വാലിബ്(ﷺ) ൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു''നിശ്ചയം എനിക്ക് ശേഷം എന്നിൽനിന്നും ഹദീഥുകൾ റിപ്പോർട്ടു ചെയ്യുന്ന റിപ്പോർട്ടർമാരുണ്ടാകും. അവരുടെ ഹദീഥുകൾ നിങ്ങൾ ഖുർആനുമായി ഒത്തുനോക്കുക.എന്നിട്ട് ഖുർആനുമായി യോജിക്കുന്നവ നിങ്ങൾ എടുക്കുകയും ഖുർആനുമായി യോജിക്കാത്തവ എടുക്കാതിരിക്കുകയും ചെയ്യുക.''

ബൈഹഖി പറയുന്നു. ദാറഖുത്നി പറഞ്ഞു. ഇത് തെറ്റാണ്. ശരി ഇപ്രകാരമാണ്; ആസ്വിമിൽ നിന്നും അദ്ദേഹം സൈദുബ്നു അലിയ്യിൽ നിന്നും പരമ്പര മുറിഞ്ഞ (മുൻഖത്വിഅ്) നിലയിലുമാണ്. അദ്ദേഹം തന്റെ സനദിലൂടെ ബിശ്റുബ്നു നുമൈർ വഴിയും അദ്ദേഹം ഹുസൈനുബ്നു അബ്ദുല്ലയിൽ നിന്നും അദ്ദേഹം തന്റെ പിതാവിൽ നിന്നും അദ്ദേഹം തന്റെ പിതൃവ്യനിൽനിന്നും അദ്ദേഹം അലി(ﷺ)യിൽ നിന്നുമായി പറയുന്നു.നബി (ﷺ) പറഞ്ഞു ''തീർച്ചയായും ശേഷം കുറച്ചാളുകൾ വരുന്നതാണ്. അവർ എന്നിൽ നിന്നും ഹദീഥുദ്ധരിക്കും അങ്ങനെ ആരെങ്കിലും നിങ്ങളോട് ഖുർആനിനോട് യോജിക്കുന്ന വിധത്തിൽ ഹദീഥു പറഞ്ഞാൽ അത് ഞാൻ പറഞ്ഞതാണ്.ഖുർആനോട് യോജിക്കാത്ത വല്ല ഹദീഥും ആരെങ്കിലും നിങ്ങളോട് പറഞ്ഞാൽ ഞാൻ അത് പറഞ്ഞിട്ടില്ല.

ബൈഹഖി പറയുന്നു. ഇത് ദുർബലമായ പരമ്പര (സനദ്) ആണ്. ഇതുപോലുള്ളത് തെളിവിന് പറ്റുകയില്ല. ഹുസൈന് ബ്നു അബ്ദുല്ലാഹിബ്നു ദുമൈറയെ കുറിച്ച് ഇബ്നു മഈൻ പറയുന്നു: ''അയാൾ യോഗ്യനല്ല'' ബിശ്മുബ്നു നുമൈറിനെ കുറിച്ച് 'അയാൾ വിശ്വസ്തനല്ല' എന്നും.

പിന്നെ തന്റെ സനദിലൂടെ സ്വാലിഹ്ബ്നു മൂസ വഴിയും അദ്ദേഹം അബ്ദുൽ അസീസ് ബൻ റഫീഇൽ നിന്നും അദ്ദേഹം അബൂസ്വാലിഹിൽ നിന്നും അദ്ദേഹം അബൂഹുറയ്റ(ﷺ)യിൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു:''തീർച്ചയായും എന്നിൽ നിന്ന് വിവിധങ്ങളായ ഹദീഥുകൾ നിങ്ങൾക്ക് വന്നെത്തുന്നതാണ്.അല്ലാഹുവിന്റെ ഗ്രന്ഥത്തോടും എന്റെ സുന്നത്തിനോടും യോജിക്കുന്നവ എന്നിൽ നിന്ന് തന്നെയുള്ളവയാണ്. അവയ്ക്ക് രണ്ടിനും എതിരായി വരുന്നവ എന്നിൽ നിന്നുള്ളതല്ല.''



ബൈഹഖി പറയുന്നു: ''സ്വാലിഹ് ബ്നുമൂസ മാത്രമായി റിപ്പോർട്ടു ചെയ്യുന്നതാണിത്.അദ്ദേഹമാകട്ടെ ദുർബലനാണ്. അയാളുടെ ഹദീഥ് തെളിവിന് പറ്റുന്നതല്ല.''

ഞാൻ (സൂയുത്വി) പറയട്ടെ; അതോടൊപ്പം ഈ ഹദീഥ് നമുക്ക് അനുകൂലമാണ്.അല്ലാതെ നമുക്കെതിരല്ല. ''അല്ലാഹുവിന്റെ ഗ്രന്ഥത്തോടും എന്റെ സുന്നത്തിനോടും യോജിക്കുന്നവ'' എന്ന ഭാഗം ശ്രദ്ധിച്ചില്ലേ?

ശേഷം ബൈഹഖി, യഹ്യബ്നു ആദം വഴിയായി ഇബ്നു അബീദിഅ്ബിൽ നിന്നും അദ്ദേഹം സഈദുൽ മഖ്ബുരിയിൽ നിന്നും അദ്ദേഹം അബൂഹുറൈയ്(ﷺ)യിൽ നിന്നും ഉദ്ധരിക്കുന്നു.നബി(ﷺ) പറഞ്ഞു. ''എന്നിൽ നിന്നും വല്ല ഹദീഥുകളും നിങ്ങളോട് പറയപ്പെട്ടാൽ നന്മയായി നിങ്ങൾക്കറിയുന്ന അഥവാ അപരിചിതത്വം തോന്നാത്തവ-ഞാൻ പറഞ്ഞതാകട്ടെ അല്ലെങ്കിൽ ഞാൻ പറയാത്തവയാകട്ടെ- അത് നിങ്ങൾ സത്യപ്പെടുത്തുക. എന്തെന്നാൽ അപരിചിതമല്ലാത്ത, സുപരിചിതമായവയാണ് (നന്മയാണ്) ഞാൻ പറയുക.എന്നാൽ നിങ്ങൾക്ക് പരിചയമില്ലാത്ത,അപരിചിതത്വം തോന്നുന്ന വല്ല ഹദീഥും എന്നിൽ നിന്ന് നിങ്ങളോട് പറയപ്പെട്ടാൽ അത് നിങ്ങൾ അംഗീകരിക്കരുത്. കാരണം തീർച്ചയായും ഞാൻ അപരിചിതമായ, സുപരിചിതമല്ലാത്ത അഥവാ തിന്മ, ഒന്നും പറയുകയില്ല.''

ബൈഹഖി പറയുന്നു. ഇബ്നുഖുസൈമ പറഞ്ഞു. ഈ ഹദീഥിന്റെ സ്വീകാര്യതയിൽ വിമർശനമുണ്ട്. യഹ്യബ്നു ആദമിന്റെ റിപ്പോർട്ടിലൂടെയല്ലാതെ ഇബ്നു അബീ ദിഅ്ബിന്റെ റിപ്പോർട്ട് ഭൂലോകത്ത് ഒരാൾക്കും അറിയുകയില്ല. അബുഹുറൈയ്റ(ﷺ)യിൽ നിന്ന് ഈ ഹദീഥ് സ്ഥിരീകരിക്കുന്നതായി ഒരൊറ്റ ഹദീഥ് പണ്ഡിതനേയും ഞാൻ കണ്ടിട്ടുമില്ല.

ബൈഹഖി പറയുന്നു. യ്ഹ്യബ്നു ആദം ഇതിന്റെ സനദിലും (പരമ്പര) മത്നിലും (ഉള്ളടക്കം) ധാരാളം വൈരുദ്ധ്യങ്ങൾ വരുത്തിയിട്ടുണ്ട്. ‘ഇള്ത്വിറാബ് ’ അഥവാ, ഒരു നിലക്കും കൂട്ടി യോജിപ്പിക്കുവാനോ,ഏതെങ്കിലുമൊന്നിന് പ്രാമുഖ്യം കൽപിക്കാനോ സാധിക്കാത്ത വിധം പരസ്പര വൈരുദ്ധ്യം പുലർത്തുന്ന ഒരേ ആളുകളുടെ റിപ്പോർട്ട്. ഇത് ദുർബല ഹദീഥുകളുടെ കൂട്ടത്തിൽപ്പെട്ടതാണ്.) അനിവാര്യമാക്കുന്നത്ര വൈരുദ്ധ്യങ്ങളുണ്ട്. ചിലർ അബൂഹുറൈയ്(رضي الله عنه)യെ നിഷേധിക്കുന്നു. ചിലർ സ്വഹാബിയെ പറയാതെ ‘മുർസലാ’യി താബിഈ നബി(ﷺ)യിലേക്ക് നേരിട്ട് ചേർത്തുപറയുന്ന റിപ്പോർട്ട്. ഇതും ദുർബലങ്ങളുടെ കൂട്ടത്തിൽപ്പെട്ടതാണ്. ഉദ്ധരിക്കുന്നു. ചിലർ അതിന്റെ ‘മത്നി‘ൽ (ഹദീഥിന്റെ ഉള്ളടക്കം) ഇപ്രകാരം പറയുന്നു.’’എന്നിൽ നിന്നും വല്ല ഹദീഥുകളും നിങ്ങൾ റിപ്പോർട്ടു ചെയ്യുകയാണെങ്കിൽ അത് അല്ലാഹുവിന്റെ കിതാബുമായി (ഖുർആൻ) ഒത്തുനോക്കുക.’’ഇമാം ബുഖാരി തന്റെ ‘താരീഖി‘ൽ പറയുന്നു.‘‘ഇതിന്റെ പരമ്പരയിൽ അബൂഹുറൈയ്റ(رضي الله عنه)നെ പറഞ്ഞത് അബദ്ധമാണ്.’’

ശേഷം ബൈഹഖി, ഹാരിഥ്ബ്നു നബ്ഹാനിലൂടെ ഉദ്ധരിക്കുന്നു. അദ്ദേഹം മുഹമ്മദുബ്നു അബദില്ലാഹിൽ അർസമിയിൽ നിന്നും അദ്ദേഹം അബ്ദുലാഹി ബ്നു സഈദ് ബ്നു അബീസഈദിൽ നിന്നും അദ്ദേഹം അബൂഹുറൈയ്റ(رضي الله عنه)ൽ നിന്നും. നിശ്ചയം നബി(ﷺ)പറഞ്ഞു. ഞാൻ പറയാത്ത ഏതെങ്കിലും നല്ല ഹദീഥ് എന്നിൽ നിന്നും (അഥവാ ഞാൻ പറഞ്ഞതായി) നിങ്ങൾക്ക് വന്നെത്തിയാൽ അത് ഞാൻ പറഞ്ഞതായി നിങ്ങൾ പരിഗണിച്ചു കൊള്ളുക.’’

ബൈഹഖി പറയുന്നു. ഇത് അടിസ്ഥാനരഹിതം (ബാത്വിൽ) ആണ്. ഹാരിഥും അർസമിയും ഉപേക്ഷിക്കപ്പെട്ടവർ (മത്റൂ



ക്ക്) ആണ്. അബ്ദുല്ലാഹിബ്നു സഈദ് അബൂഹുറൈയ്റ(رضي الله عنه)യിൽ നിന്നുദ്ധരിക്കുന്നത് നീചമായ ‘മുർസലാ‘ണ്.

അദ്ദേഹം പറയുന്നു. ഇതിന് വിരുദ്ധമായ റിപ്പോർട്ട് അബൂ ഹുറൈയ്റ(رضي الله عنه)യിൽ നിന്നും വന്നിട്ടുണ്ട്.

ശേഷം അബമഅ്ശർ സിൻദി വഴിയായും അദ്ദേഹം സഈദുൽ മഖ്ബൂരിയിൽ നിന്നും അദ്ദേഹം അബൂഹുറൈയ്റ(رضي الله عنه)ൽ നിന്നും ഉദ്ധരിക്കുന്നു. റസൂലുല്ലാഹി(ﷺ) പറഞ്ഞു. ‘‘തന്റെ സോഫയിൽ ചാരിയിരിക്കുമ്പോൾ എന്റെ ഹദീഥ് അയാളുടെ അടുക്കൽ വരികയും അപ്പോൾ (എനിക്ക് ഖുർആൻ ഓതിത്തരിക) എന്ന് പറയുകയും ചെയ്യുന്ന നിലയിൽ നിങ്ങളിലാരെയും ഞാൻ കാണാതിരിക്കട്ടെ! എന്നിൽ നിന്ന് നന്മയായി നിങ്ങൾക്കു വന്നെത്തുന്നവ-അത് ഞാൻ പറഞ്ഞതാവട്ടെ, പറയാത്തതാവട്ടെ-ഞാനിതാ അത് പറയുന്നു. എന്നിൽ നിന്ന് തിന്മയായി നിങ്ങൾക്ക് വന്നെത്തുന്നത് (നിങ്ങൾ ഉപേക്ഷിക്കുക.) കാരണം തിന്മ ഞാൻ പറയുകയില്ല.’’

ബൈഹഖി പറയുന്നു. ഈ ഹദീഥിന്റെ ആദ്യഭാഗം അഥവാ ഹദീഥുകൾ സ്വീകരിക്കണം എന്നകാര്യം സ്വഹീഹായ ഹദീഥുകളോടു യോജിക്കുന്നതാണ്. ഈ ഹദീഥിലെ ‘‘ഞാൻ പറഞ്ഞതോ പറയാത്തതോ ആകട്ടെ’’ എന്ന വാചകം നബി(ﷺ)യുടെ സംസാരത്തോടു സാമ്യത പുലർത്തുന്നുമില്ല.

ശേഷം അബ്ദുർറഹ്മാനുബ്നു സൽമാനുബ്നു അംറിന്റെയും മുത്വലിബിന്റെ മൗലയുടെയും വഴിയിലൂടെ ഉദ്ധരിക്കുന്നു. അദ്ദേഹം അബുൽ ഹുവൈരിഥിൽ നിന്നും അദ്ദേഹം മുഹമ്മദുബ്നു ജുബൈർ ബ്നു മുത്ഇമിൽ നിന്നും. നബി(ﷺ) പറഞ്ഞു.‘‘എന്നിൽ നിന്നും ഉദ്ധരിക്കപ്പെടുന്നവയിൽ നന്മയായി അ

റിയുന്നവ നിങ്ങൾ സത്യപ്പെടുത്തുക.എന്നിൽ നിന്നും ഉദ്ധരിക്കപ്പെടുന്ന,നിങ്ങൾക്ക് തിന്മയായി തോന്നുന്നവ നിങ്ങൾ സത്യപ്പെടുത്തരുത്. നിശ്ചയം, തിന്മ ഞാൻ പറയുകയില്ല. അത് എന്നിൽ നിന്നുള്ളതല്ല.''

ബൈഹഖി പറയുന്നു. ഇത് പരമ്പര മുറിഞ്ഞ (മുൻഖത്വിഅ്)താണ്. ഈ ആശയത്തിൽ വന്ന ഏറ്റവും നല്ല പരമ്പര (സനദ്) റബീഅ: റിപ്പോർട്ടു ചെയ്യുന്നതാണ്. അദ്ദേഹം അബ്ദുൽ മലിക് ബ്നു സഈദുബ്നു സുവൈദിൽ നിന്നും അദ്ദേഹം അബൂ ഹുമൈദിൽ നിന്നോ അല്ലെങ്കിൽ അബൂ ഉസൈദിൽ നിന്നോ ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു. ''എന്നിൽ നിന്ന് നിങ്ങൾ കേൾക്കുന്ന ഹദീഥ്; അത് നിങ്ങളുടെ മനസ്സുകൾ തിരിച്ചറിയുന്നതാണ്. നിങ്ങളുടെ ചർമങ്ങളും രോമങ്ങളും അതിലേക്ക് വിനീതമാവുകയും ചെയ്യും. അത് നിങ്ങളോട് വളരെ അടുത്തതായി നിങ്ങൾ കാണും. ഞാനാണ് നിങ്ങളേക്കാൾ അതിനോട് ഏറ്റവും അടുത്തത്.നിങ്ങളുടെ മനസ്സുകൾ എതിർക്കുന്ന, നിങ്ങളുടെ ചർമങ്ങളും രോമങ്ങളും വെറുക്കുന്ന വല്ല ഹദീഥും എന്നിൽ നിന്നുള്ളതായി നിങ്ങൾ കേട്ടാൽ അത് നിങ്ങളിൽ നിന്ന് വിദൂരത്താണെന്ന് നിങ്ങളറിയുകയും ചെയ്യുക. എന്തെന്നാൽ ഞാൻ അതിൽ നിന്ന് നിങ്ങളേക്കാൾ വിദൂരത്താണ്.''

ശേഷം ബുകൈറിന്റെ പരമ്പരയിലൂടെ ഉദ്ധരിക്കുന്നു. അദ്ദേഹം അബ്ദുൽ മാലിക്ബ്നു സഈദിൽ നിന്നും അദ്ദേഹം ഇബ്നു അബ്ബാസിബ്നു സഹലിൽ നിന്നും അദ്ദേഹം ഉബയ്യ്(رضي الله عنه)ൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു:

''നബി(ﷺ)യിൽ നിന്നുള്ളതായി നിങ്ങൾക്കെത്തിയ, നന്മയായിക്കാണുന്നതും ചർമം അതിന് വിനീതമാവുന്നതുമായവ ന



ബി(ﷺ) തന്നെ പറഞ്ഞതായും നിങ്ങൾ ഗണിക്കുക.കാരണം അവിടുന്ന് നന്മയല്ലാതെ പറയുകയില്ല.''

ബൈഹഖി പറഞ്ഞു. ഇമാം ബുഖാരി പറയുന്നു. ഇതാണ്(ഈ വിഷയത്തിൽ) ഏറ്റവും കൊള്ളാവുന്നത്.അതായത്,അബൂഉസൈദിൽ നിന്നോ അബൂഹുമൈദിൽ നിന്നോ റിപ്പോർട്ട് ചെയ്തവരേക്കാൾ ഏറ്റവുംപ്രബലം എന്നർഥം.-ഇത് ഇബ്നു ലഹീഅ,ബുകൈർബ്നുൽ അശജ്ജിൽ നിന്നും അദ്ദേഹം അബ്ദുൽ മലിക്ബ്നു സഈദിൽ നിന്നും അദ്ദേഹം ഖാസിമുബ്നു സുഹൈലിൽ നിന്നും അദ്ദേഹം ഉബയ്യ്ബ്നു കഅ്ബ്(رضي الله عنه)ൽ നിന്നും ഈ ആശയം പറഞ്ഞതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അപ്പോൾ പരമ്പരയോടു കൂടി പറഞ്ഞ ഹദീഥ് ന്യൂനതകളുള്ളതായി.

ഏതായിരുന്നാലും നബി(ﷺ)യുടെ സ്ഥിരപ്പെട്ട ഹദീഥ് ബുദ്ധിയോട് അടുത്തതും അടിസ്ഥാനങ്ങളോട് യോജിക്കുന്നതുമാണ്. അല്ലാഹുവിനെക്കുറിച്ച് ഗ്രഹിക്കുകയും അവൻ തന്റെ ദീനിൽ അല്ലാഹുവിന്റെ ദൂതനെ അവരോധിച്ച സ്ഥാനവും, ആ പ്രവാചകനെ അനുസരിക്കൽ ജനങ്ങൾക്ക് നിർബന്ധമാക്കുകയും ചെയ്തത് മനസ്സിലാക്കിയ ഒരാളുടെ ബുദ്ധിയും അതിനെ നിഷേധിക്കുകയില്ല. ആ പ്രവാചകൻ പറഞ്ഞത് സത്യമാണെന്നും അദ്ദേഹം വിധിച്ചത് പിൻപറ്റണമെന്നും വിശ്വസിക്കുന്ന ഒരാളുടെ മനസ്സും അതിനോട് വെറുപ്പ് പ്രകടിപ്പിക്കുകയില്ല. മതമെന്ന നിലയിൽ അത് നല്ലതും മനോഹരവുമാണ്. സ്വഭാവങ്ങളിൽ സുന്ദരമായതും ബുദ്ധിശാലികളുടെയടുക്കൽ മികച്ചതുമാണത്.

ഈ റിപ്പോർട്ടുകളിൽ സ്വഹീഹാകാൻ സാധ്യതയുള്ളവയുടെ താൽപര്യം ഇതാണ്.

ശേഷം തന്റെ സനദിലൂടെ ഇബ്നു അബ്ബാസ്(رضي الله عنه)ൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ''ഞാൻ നിങ്ങളോട് ന

ബി(ﷺ)യിൽ നിന്നുള്ളതായി വല്ല ഹദീഥും പറയുകയും എന്നിട്ട് അതിനെ സത്യപ്പെടുത്തുന്നതായി യാതൊന്നും ഖുർആനിൽ അല്ലെങ്കിൽ ജന സ്വഭാവങ്ങളിലോ നിങ്ങൾ കണ്ടെത്തുന്നില്ലെങ്കിൽ ഞാൻ അതിനെ നിഷേധിക്കുന്നു.''

ഞാൻ (സുയൂത്വി) പറയട്ടെ; മുമ്പ് പറയപ്പെട്ട ഹദീഥിന്റെ ആശയത്തിനുള്ള അവലംബം ഇമാം ശാഫിഈ(رحمه الله)പറഞ്ഞ സംഗതിയാണ് അതായത്, നിശ്ചയം സുന്നത്ത് ഖുർആനിനോട് എതിരാവുന്നതല്ല. പ്രത്യുത അതിനെ ശക്തിപ്പെടുത്തുന്നതാണ്. അതിൽ ഇതേ പദത്തിലുള്ള വ്യക്തമായ വാചകങ്ങളില്ലെങ്കിൽ കൂടി. കാരണം മറ്റുള്ളവർ ഗ്രഹിക്കാത്തത് നബി(ﷺ)ഖുർആനിൽ നിന്നും ഗ്രഹിക്കുന്നതാണ്. മദ്യത്തെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ * وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ (سورة الشورى : 52)

''ആ വിഷയത്തിൽ അതുല്യവും ആശയ ഗാംഭീര്യവുമുള്ള ഈ ആയത്തല്ലാത്ത മറ്റൊന്നും അവതരിച്ചിട്ടില്ല.'' (99-7,8) നോക്കുക എവിടെ നിന്നാണ് അവിടുന്ന് അത് സ്വീകരിച്ചതെന്ന്?

ഇബ്നു മസ്ഊദ്(رضي الله عنه) പറഞ്ഞു.-ഇബ്നു അബീ ഹാതിം റിപ്പോർട്ട് ചെയ്യുന്നു.

ഒരു കാര്യവും തന്നെ ഖുർആനിൽ വിശദീകരിക്കപ്പെടാത്തതായിട്ടില്ല. പക്ഷെ, നമ്മുടെ ഗ്രാഹ്യശേഷി അത് മനസ്സിലാക്കാതെ ചുരുങ്ങിപ്പോകുന്നു.അതിനാലാണ് അല്ലാഹു തആല ഇങ്ങനെ പറഞ്ഞത്.''

لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ (سورة النحل : 44)



വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു.) നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും. (16:44)''

നോക്കുക; പ്രമുഖ സ്വഹാബികളിൽ ഒരാളായ, അവരിൽ മുമ്പേ ഇസ്ലാം സ്വീകരിച്ചവരിൽ ഒരാളായ ഇബ്നു മസ്ഊദ്(رضي الله عنه)ന്റെ വാക്കുകളാണിത്. (അപ്പോൾ മറ്റുള്ളവരുടെ സ്ഥിതിയെന്തായിരിക്കും.അഥവാ സുന്നത്ത് പിൻപറ്റൽ അനിവാര്യമാകുമെന്നർഥം.)

സുന്നത്ത് ഖുർആനിന്റെ വിവരണം

ചില പണ്ഡിതന്മാർ പറഞ്ഞത് സുന്നത്ത് ഖുർആന്റെ വിശദീകരണമാണെന്നാണ്. ഇബ്നു ബർജാൻ(رحمه الله) 'സുന്നത്ത് ഖുർആനിന് പിൻബലമേകുന്നു'വെന്ന വിഷയത്തിൽ ഒരു ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട്.

ഇമാം ശാഫിഈ(رحمه الله)യും ബൈഹഖി(رحمه الله)യും ത്വാവൂസിന്റെ പരമ്പരയിലൂടെ ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു. ''നിശ്ചയം അല്ലാഹു അവന്റെ (കിതാബി) നിയമത്തിലൂടെ അനുവദനീയമാക്കിയ (ഹലാൽ)വയല്ലാതെ ഞാൻ ഒന്നും അനുവദനീയമാക്കുന്നില്ല. അല്ലാഹു അവന്റെ വിധിയിലൂടെ നിഷിദ്ധ(ഹറാം)മാക്കിയവയല്ലാതെ ഞാൻ ഒന്നും നിഷിദ്ധമാക്കുന്നില്ല.''

ശാഫിഈ(رحمه الله) പറയുന്നു. ഇത് പരമ്പരമുറിഞ്ഞതാ (മുൻഖത്വിഅ്)ണ്. പക്ഷെ, അപ്രകാരമാണ് നബി(ﷺ) ചെയ്തതും. അതു തന്നെയാണ് നബി(ﷺ)യോട് കൽപിക്കപ്പെട്ടതും. അവിടുത്തേക്ക് നൽകപ്പെടുന്ന ദിവ്യബോധനം (വഹ്യ്) പിൻപറ്റൽ നബി

(ﷺ)ക്കും നിർബന്ധമാണ്. അദ്ദേഹം അത് പിൻപറ്റിയെന്നതിന് നാം സാക്ഷ്യം വഹിക്കുന്നു. (ഖുർആനിന്റേതായ) വഹ്‌യ് ഇല്ലാത്ത കാര്യങ്ങളിൽ നബി(ﷺ)യുടെ സുന്നത്ത് പിൻപറ്റുവാൻ വഹ്‌യിലൂടെ തന്നെ അല്ലാഹു കൽപിച്ചു. ആരെങ്കിലും നബി(ﷺ)യിൽ നിന്ന് സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു നിർബന്ധമാക്കിയതു കൊണ്ടാണ് സ്വീകരിക്കുന്നത്. അല്ലാഹു തആലാ പറയുന്നു.

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا (سورة الحشر : 7)

നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. (59:7)

ബൈഹഖി പറയുന്നു.''അവന്റെ കിതാബിലൂടെ''(ഫീ കിതാബിഹി)എന്നു പറഞ്ഞത് സ്വഹീഹാണെങ്കിൽ അതിന്റെ വിവക്ഷ ഇപ്രകാരമായിരിക്കുന്നതാണ്. ''നബി(ﷺ)ക്കു വഹ്‌യായി ലഭിച്ചവയിലൂടെ'' പിന്നെ, അവിടുത്തേക്ക് വഹ്‌യായി ലഭിച്ചത് രണ്ട് തരമുണ്ട്. അതിലൊന്ന് പാരായണം ചെയ്യപ്പെടുന്ന വഹ്‌യാണ് (അഥവാ, ഖുർആൻ) മറ്റൊന്ന് ഖുർആൻ പോലെ പാരായണം ചെയ്യപ്പെടാത്തതും.

ഇമാം ശാഫി തെളിവാക്കിയ ആയത്ത് തന്നെ ഇബ്നു മസ്ഊദ്(ؓ)വും അതേ കാര്യത്തിൽ തെളിവാക്കിയിട്ടുണ്ട്. അതായത്,ആരെങ്കിലും അല്ലാഹുവിന്റെ റസൂലിൽ(ﷺ) നിന്ന് സ്വീകരിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ കിതാബിനെ തന്നെയാണ് അയാൾ സ്വീകരിച്ചത്. തീർച്ചയായും അദ്ദേഹത്തെ പിൻപറ്റാൻ നിർബന്ധിക്കുന്ന വിധി ഖുർആൻ കൊണ്ടുവന്ന വിധി തന്നെയാ



ണ്. ശേഷം അദ്ദേഹം പച്ച കുത്തുന്നവരെ ശപിക്കുന്ന മുമ്പ് ഉദ്ധരിച്ച ഹദീഥ് ഉദ്ധരിക്കുകയും ചെയ്തു.

**സലഫുകൾ സുന്നത്തിലേക്ക്**

ബൈഹഖി പറയുന്നു:

**ഖുലഫാ ഉർറാശിദീങ്ങളും മറ്റു സ്വഹാബികളും നബി (ﷺ) യുടെ ഹദീഥിലേക്കു മടങ്ങണമെന്ന് പറഞ്ഞത്:-**

ഖബീസ്വത്തുബ്നു ദുഐബ്(ؓ)ൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഒരു വൃദ്ധ അവരുടെ അനന്തരാവകാശത്തെ കുറിച്ച് ചോദിക്കുന്നതിനായി അബൂബക്കർ സിദ്ധീഖ്(ؓ)ന്റെ അടുക്കൽ വന്നു.അപ്പോൾ അബൂബക്കർ(ؓ) അവരോടു പറഞ്ഞു: ''അല്ലാഹുവിന്റെ കിതാബിൽ നിങ്ങൾക്ക് യാതൊന്നുമില്ല. അല്ലാഹുവിന്റെ പ്രവാചകന്റെ(ﷺ) സുന്നത്തിലും നിങ്ങൾക്ക് വല്ലതുമുള്ളതായി എനിക്കറിയില്ല.അതിനാൽ ഞാൻ ജനങ്ങളോട് (മറ്റു സ്വഹാബികളോട്) അന്വേഷിക്കട്ടെ.'' അങ്ങനെ അദ്ദേഹം സ്വഹാബത്തിനോട് ചോദിച്ചു. അപ്പോൾ മുഗീറത്തുബ്നു ശുഅ്ബ(ؓ) പറഞ്ഞു.നബി(ﷺ) അവർക്ക് (മാതാമഹിയ്ക്ക്) ആറിൽ ഒന്ന്(1/6) കൊടുത്തിട്ടുണ്ട്.അപ്പോൾ അബൂബക്കർ(ؓ) ചോദിച്ചു: ''താങ്കളുടെ കൂടെ മറ്റ് ആരെങ്കിലും ഇത് കേട്ടിട്ടുണ്ടോ?'' അപ്പോൾ മുഹമ്മദുബ്നു മസ്‌ലമ(ؓ) എഴുന്നേറ്റു നിന്നു. എന്നിട്ട് മുഗീറ(ؓ) പറഞ്ഞതുപോലെ പറയുകയും ചെയ്തു.അങ്ങനെ അബൂബക്കർ(ؓ) ആ വിധി നടപ്പാക്കുകയും ചെയ്തു.

ഉമറുബ്നുൽ ഖത്വാബ്(ؓ) പറയാറുണ്ടായിരുന്നതായി മുസയ്യബിൽ നിന്നും ഉദ്ധരിക്കുന്നു.

''നഷ്ടപരിഹാരം പിതാവു വഴിയുള്ള ബന്ധുക്കൾക്കുള്ളതാണ്.'' സ്ത്രീ (ഭാര്യ) അവളുടെ ഭർത്താവിന്റെ ദിയ (നഷ്ട പരിഹാരം)യിൽ നിന്ന് ഒന്നും അനന്തരമെടുക്കുകയില്ല. അങ്ങനെ അശ്യമു ദുബ്ബാനിയുടെ ദിയയിൽ നിന്ന് അദ്ദേഹത്തിന്റെ ഭാര്യക്ക് അനന്തരാവകാശം നൽകാനായി നബി(ﷺ) അദ്ദേഹത്തിന് കത്തയച്ച വിവരം ദഹ്ഹാക്ക് ബ്നു സുഫ്യാനാണ് അദ്ദേഹത്തെ അറിയിച്ചത്. അപ്പോൾ ഉമർ(ؓ) അത് സ്വീകരിച്ചു. അബൂദാവൂദ് ഉദ്ധരിച്ചത്[29].

ത്വാവൂസിൽ നിന്നും അദ്ദേഹം (ബൈഹഖി) ഉദ്ധരിക്കുന്നു.

നിശ്ചയം, ഉമർ(ؓ) പറഞ്ഞു: ഗർഭസ്ഥ ശിശുവിന്റെ ദിയയുടെ(നഷ്ട പരിഹാരം) കാര്യത്തിൽ ആരെങ്കിലും നബി(ﷺ)യിൽ നിന്ന് വല്ലതും കേട്ടിട്ടുണ്ടോ? അപ്പോൾ ഹമൽബ്ൻ മാലിക്ക്ബ്നു ന്നാബിഗ എഴുന്നേറ്റു നിന്നു പറഞ്ഞു. ''എനിക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവരിൽ ഒരുവൾ മറ്റെയാളെ ഒരു മട്ടൽ കൊണ്ട് അടിച്ചു. അങ്ങനെ അവൾ ഗർഭസ്ഥശിശുവിനെ മരണപ്പെട്ട നിലയിൽ പ്രസവിച്ചു. നബി(ﷺ) അതിൽ ഒരു അടിമയെ നഷ്ടപരിഹാരം നൽകാൻ വിധിച്ചു.'' അപ്പോൾ ഉമർ(ؓ) പറഞ്ഞു: ''ഈ സംഭവം നാം കേട്ടില്ലായിരുന്നെങ്കിൽ നമ്മുടെ ബുദ്ധികൊണ്ട് മറ്റ് വല്ലതും ഈ കാര്യത്തിൽ നാം വിധിച്ചേനെ''. [30]

---

[29] (അബൂദാവൂദ് തന്റെ സുനനിൽ-'കിതാബുൽ ഫറാഇദ്', തിർമിദി തന്റെ സുനനിൽ-'കിതാബുൽ ഫറാഇദി'ലും, കിതാബുദ്ദിയാത്തിലും, ഇബ്നു മാജ തന്റെ സുനനിൽ-'കിതാബുദിയാത്തി'ലും ഉദ്ധരിച്ചത്.)

[30] (അബൂദാവൂദ്-കിതാബുദ്ദിയാത്, നസാഇ-അൽഖാമ, ഇബ്നുമാജ- ദിയാത്ത്, ദാരിമി-ദിയാത്ത്, ഇമാംഅഹ്മദ് 1/364, 4/80)



ബൈഹഖി പറയുന്നു. ശാഫിഈ പറഞ്ഞു: സ്വന്തം വിധിക്ക് എതിരായിരുന്നിട്ടുകൂടി ഉമർ(ؓ) ദഹ്ഹാക്കിന്റെ ഹദീഥനുസരിച്ചുള്ള വിധിയിലേക്കു മടങ്ങുകയുണ്ടായി. ഇത് കേട്ടില്ലായിരുന്നെങ്കിൽ ഇതല്ലാത്ത മറ്റ് വല്ലതും നമ്മുടെ ബുദ്ധിക്കനുസരിച്ച് നാം വിധിച്ചേനെ എന്നുകൂടി അദ്ദേഹം പറഞ്ഞു.

ഇമാം ബുഖാരിയും മുസ്ലിമും ഇബ്നു ശിഹാബിന്റെ പരമ്പരയിലൂടെ ഉദ്ധരിക്കുന്നു.

അദ്ദേഹം അബ്ദുല്ലാഹിബ്നു ആമിറുബ്നു റബീഅയിൽ നിന്നും. ഉമർ(ؓ) ശാമിലേക്ക് പുറപ്പെട്ടു. അങ്ങിനെ 'സറഗ്' എന്ന പ്രദേശത്ത് എത്തിയപ്പോൾ ശാമിൽ പകർച്ചവ്യാധി പിടിപെട്ട വിവരം അദ്ദേഹത്തിന് കിട്ടി. അപ്പോൾ അബ്ദുർറഹ്മാനുബ്നു ഔഫ്(ؓ) നബി(ﷺ) പറഞ്ഞതായി അദ്ദേഹത്തെ അറിയിച്ചു. ''വല്ല പ്രദേശത്തും പകർച്ചവ്യാധിയുള്ളതായി നിങ്ങൾ കേട്ടാൽ അവിടേക്ക് നിങ്ങൾ പോകരുത്. നിങ്ങൾ ഒരു നാട്ടിലായിരിക്കെ അവിടെ പകർച്ച വ്യാധിയുണ്ടായാൽ അവിടെ നിന്ന് നിങ്ങൾ പേടിച്ചോടുകയും ചെയ്യരുത്.'' അങ്ങനെ ഉമർ(ؓ) 'സറഗി'ൽ നിന്നും മടങ്ങി. [31]

ഇബ്നു ശിഹാബ് പറയുന്നു. എന്നോട് സാലി മുബ്നു അബ്ദില്ലാഹിബ്നു ഉമർ പറഞ്ഞു നിശ്ചയം, ഉമർ(ؓ) ജനങ്ങളേയുമായി തിരിച്ചുപോന്നത് അബ്ദുർറഹ്മാനുബ്നു ഔഫ്(ؓ)ന്റെ ഹദീഥ് കാരണമായാണ്.

---

[31] (ബുഖാരി തന്റെ സ്വഹീഹിൽ കിതാബുൽ അൻബിയാഇലും കിതാബുത്വിബ്ബിലും, മുസ്ലിം തന്റെ സ്വഹീഹിൽ കിതാബുസ്സലാമിലും, അബൂദാവൂദ് തന്റെ സുനനിൽ കിതാബുൽ ജനാഇസിലും, ഇമാം മാലിക് തന്റെ മുവത്വഇലും ഇമാം അഹ്മദ് മുസ്നദിലും (1/182, 193, 194, 5/201, 208) ഈഹദീഥ് ഉദ്ധരിച്ചിട്ടുണ്ട്.)

ഇമാം ബുഖാരി, ആഇശ(ﷺ) പറഞ്ഞതായി ഉദ്ധരിക്കുന്നു.

''ഹിജ്റിലെ മജൂസികളിൽ നിന്നും നബി(ﷺ)ജിസ്യ വാങ്ങിയിരുന്നതായി അബ്ദുർറഹ്മാനുബ്നു ഔഫ്(ﷺ) സാക്ഷ്യം വഹിക്കുന്നതു വരെ ഉമർ(ﷺ) മജൂസികളിൽ നിന്നും ജിസ്യ വാങ്ങിയിരുന്നില്ല.'' (ഇമാം ബുഖാരി തന്റെ സ്വഹീഹിൽ കിതാബുൽ മഗാസിയിൽ ഉദ്ധരിച്ചത്.)

അബൂ സഈദുൽ ഖുദ്രി(ﷺ)യുടെ സഹോദരി ഫുറൈഅ ബിൻതു മാലിക് ബ്നു സിനാൻ അറിയിച്ചതായി സൈനബ് ബിൻത് കഅ്ബ്ബ്നു ഉജ്റയിൽ നിന്ന് ബൈഹഖി റിപ്പോർട്ടു ചെയ്യുന്നു.ബനുഖുദ്റയിലുള്ള തന്റെ ആളുകളിലേക്ക് താൻ മടങ്ങുന്നതിനെ കുറിച്ച് ചോദിക്കാൻ അവർ നബി(ﷺ)യുടെ അടുക്കൽ ചെന്നു. അവരുടെ ഭർത്താവ് ഒളിച്ചോടിയ തന്റെ അടിമയെ തേടി പുറപ്പെട്ടതാണ്.വഴിയിൽ വെച്ച് അദ്ദേഹം കൊല ചെയ്യപ്പെട്ടു. അങ്ങനെ ഞാൻ നബി(ﷺ)യോട് എന്റെ വീട്ടിലേക്ക് മടങ്ങുന്നതിനെ കുറിച്ച് ചോദിച്ചു. കാരണം എന്റെ ഭർത്താവ് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു ഭവനത്തിലല്ല എന്നെ വിട്ടേച്ചുപോയത്. അപ്പോൾ നബി(ﷺ) പറഞ്ഞു.''അവധി എത്തുന്നതുവരെ (അഥവാ ഇദ്ദയവസാനിക്കുന്നത് വരെ) നീ നിന്റെ വീട്ടിൽ താമസിക്കുക.''

അവർ പറയുന്നു. അങ്ങനെ ഞാനവിടെ നാലു മാസവും പത്തു ദിവസവും ഇദ്ദയിരുന്നു. അവർ പറയുന്നു.ഉഥ്മാനുബ്നു അഫ്ഫാൻ(ﷺ) എന്റെ അടുക്കലേക്ക് അതിനെ കുറിച്ചന്വേഷിക്കാൻ ആളെ പറഞ്ഞയച്ചപ്പോൾ ഞാൻ ആ വിവരം പറഞ്ഞു. അങ്ങനെ അദ്ദേഹം അത് പിൻപറ്റുകയും അതനുസരിച്ച് വിധി കൽപിക്കുകയും ചെയ്തു.



അലിയ്യുബ്നു അബീത്വാലിബ്(ﷺ)പറഞ്ഞതായി ബൈഹഖി ഉദ്ധരിക്കുന്നു.ഞാൻ നബി(ﷺ)യിൽ നിന്ന് വല്ല ഹദീഥും കേട്ടാൽ അല്ലാഹു എനിക്ക് ഉപകരിക്കുവാനുദ്ദേശിച്ചത്ര അതെനിക്ക് ഉപകരിക്കും. (അഥവാ, നിസ്സംശയം ഞാനത് സ്വീകരിക്കും) എന്നാൽ എന്നോട് മറ്റു വല്ലവരും ഹദീഥു പറഞ്ഞാൽ ഞാനവരോട് സത്യം ചെയ്യാനാവശ്യപ്പെടും. അങ്ങനെ അവർ എന്നോട് സത്യം ചെയ്തു പറഞ്ഞാൽ ഞാനത് സത്യപ്പെടുത്തി അംഗീകരിക്കും.നിശ്ചയം അബൂബക്കർ(ﷺ)എന്നോട് പറഞ്ഞു.-അബൂബക്കർ(ﷺ) സത്യമാണ് പറഞ്ഞത്-അദ്ദേഹം നബി(ﷺ) പറയുന്നതായി കേട്ടു. സത്യവിശ്വാസിയായ ഒരടിമയും ഒരു (ചെറു) പാപവും ചെയ്യുന്നില്ല; എന്നിട്ട് നല്ല രീതിയിൽ വുദുഅ് ചെയ്ത് ശുദ്ധി വരുത്തി അല്ലാഹുവിനോട് പൊറുക്കലിനെ തേടിയാൽ അവന് പൊറുത്തു കൊടുക്കപ്പെട്ടിട്ടല്ലാതെ. (അഹ്മദ്) [32]

ബുഖാരിയും മുസ്‌ലിമും ഇബ്നു അബ്ബാസ്(ﷺ)ൽ നിന്നുദ്ധരിക്കുന്നു. സൈദുബ്നു ഥാബിത്(ﷺ) അദ്ദേഹത്തോട് ചോദിച്ചു: ആർത്തവകാരി ത്വവാഫുൽ വദാഅ് ചെയ്യുന്നതിന് മുമ്പ് മടങ്ങാമെന്ന് താങ്കൾ ഫത്‌വ നൽകിയോ? അപ്പോൾ ഇബ്നു അബ്ബാസ്(ﷺ) പറഞ്ഞു: എന്തുകൊണ്ട് അങ്ങനെയായിക്കൂടാ? അങ്ങനെ ഒരു അൻസ്വാരി സ്ത്രീയോട് അദ്ദേഹം ചോദിച്ചു; അവരോട് നബി(ﷺ) അപ്രകാരം നിർദേശിച്ചിട്ടുണ്ടോ എന്ന്.അങ്ങനെ സൈദ് ബ്നു ഥാബിത്(ﷺ) ചിരിച്ചുകൊണ്ട് വന്നു പറഞ്ഞു: താങ്കൾ സത്യമാണ് പറഞ്ഞതെന്ന് ഞാൻ മനസ്സിലാക്കുന്നു.[33]

---

[32] അഹ്മദ് തന്റെ മുസ്നദിൽ 1/10 - ഉദ്ധരിച്ചത്.

[33] (മുസ്‌ലിം തന്റെ സ്വഹീഹിലും-കിതാബുൽ ഹജ്ജ് ഹദീഥ്:381, അബൂദാവൂദ് തന്റെ സുനനിലും-കിതാബുൽ മനാസിക് ഉദ്ധരിച്ചത്.)

ഇമാം ശാഫിഈ പറയുന്നു.ഇബ്നു അബ്ബാസ്(ﷺ)ന്റെ ഫത്വ കേട്ടപ്പോൾ സൈദ്(ﷺ) എതിർത്തുവെങ്കിലും നബി(ﷺ)യിൽ നിന്നും അപ്രകാരം വിവരമറിയിച്ചപ്പോൾ എതിരഭിപ്രായത്തിൽ നിന്നും മടങ്ങൽ തന്റെ ബാധ്യതയായി അദ്ദേഹം മനസ്സിലാക്കി.[34] ''ശാഫിഈ(ﷺ) പറയുന്നു.ത്വവാഫുൽ വദാഅ് നിർവഹിക്കാതെ ഹാജിമാരിൽ ആരും പോകരുതെന്ന വിലക്ക് സൈദ്(ﷺ) കേട്ടിരുന്നു. ഹജ്ജിന് വന്ന ആർത്തവകാരിയും അതിൽ പെടുമല്ലൊ. എന്നാൽ അവൾ ബലി കർമത്തിന് ശേഷം കഅ്ബ സന്ദർശിച്ചിട്ടുണ്ടെങ്കിൽ (അവൾക്ക് വദാഇന്റെ ത്വവാഫില്ലാതെ തന്നെ) പോകാമെന്ന് ഇബ്നു അബ്ബാസ്(ﷺ) ഫത്വ നൽകിയപ്പോഴാണ് സൈദ്(ﷺ) അദ്ദേഹത്തെ എതിർത്തത്.എന്നാൽ നബി(ﷺ) അൻസ്വാരീ സ്ത്രീയോട് അപ്രകാരം നിർദേശിച്ചതായി ഇബ്നു അബ്ബാസ്(ﷺ) അദ്ദേഹത്തെ അറിയിച്ചപ്പോൾ അദ്ദേഹം അവരോട് അന്വേഷിച്ചു. അപ്പോൾ ആ സ്ത്രീ അപ്രകാരം അറിയിക്കുകയും സത്യപ്പെടുത്തുകയും ചെയ്തു. ഇബ്നു അബ്ബാസ്(ﷺ) തന്റെ എതിരഭിപ്രായത്തിൽ നിന്ന് മടങ്ങൽ തന്റെ കടമയാണെന്ന് സൈദ്(ﷺ) ''മനസ്സിലാക്കുകയും ചെയ്തു.''

[ശ്രദ്ധിക്കുക! നബി(ﷺ)യുടെ അധ്യാപനത്തിന് എതിരാണ് തന്റെ സ്വന്തം അഭിപ്രായവും താൻ മനസ്സിലാക്കിയതും എന്നറിഞ്ഞപ്പോൾ അത് തിരുത്താൻ സൈദ്(ﷺ)ന് യാതൊരു മടിയുമില്ല. ഈ വസ്തുത തന്നെയാണ് അഹ്ലുസുന്നത്തിന്റെ സർവ്വ ഇമാമീങ്ങളും പണ്ഡിതന്മാരും അനുയായികളോട് ഉണർത്തിയിട്ടുള്ളതും. സലഫുകളുടെ ചരിത്രത്തിൽ നൂറ് കണക്കിന് മാതൃകയും ഈ വിഷയകമായി നമുക്ക് കാണാൻ കഴിയും.പക്ഷെ,

[34] ഇമാം ശാഫിഈ(ﷺ)യുടെ അൽ ഉമ്മിൽ



ഇമാമീങ്ങളുടേയൊ നേതാക്കന്മാരുടെ അഭിപ്രായങ്ങളുടെ പേരിൽ സ്ഥിരപ്പെട്ട എത്രയോ സുന്നത്തുകളെയാണ് ഇന്ന് ആളുകൾ കയ്യൊഴിക്കുന്നത്! യഥാർഥത്തിൽ ഇവർ ആ ഇമാമീങ്ങളെയോ പ്രവാചകനെയോ അനുധാവനം ചെയ്യുകയല്ല. പ്രത്യുത ധിക്കരിക്കുകയാണ് ചെയ്യുന്നത് - വിവർത്തകൻ-]

ഇമാം ബുഖാരിയും മുസ്ലിമും സഈദ് ബ്നു ജൂബൈർ (ﷺ)ൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു.

അദ്ദേഹം പറയുന്നു: ഞാൻ ഇബ്നു അബ്ബാസ്(ﷺ)നോട് പറഞ്ഞു. ''നിശ്ചയം, നൗഫ് ബ്നു ഫുദാല അൽബക്കാലി വാദിക്കുന്നത് ഖിളിർ(ﷺ)നോടൊപ്പമുണ്ടായിരുന്നത്. ഇസ്റായീല്യരിലെ പ്രവാചകനായ മൂസാ നബി(ﷺ)അല്ലായെന്നാണ്.' അപ്പോൾ അദ്ദേഹം പറഞ്ഞു:''അല്ലാഹുവിന്റെ ശത്രു കളവാണ് പറഞ്ഞത്. ഉബയ്യ്ബ്നു കഅ്ബ്(ﷺ) എന്നോട് പറഞ്ഞിട്ടുണ്ട്. നബി(ﷺ) ഞങ്ങളോട് പ്രസംഗിച്ചുകൊണ്ടിരിക്കെ അങ്ങനെയാണ് പറഞ്ഞത്. എന്നിട്ട് മൂസാനബി(ﷺ)യുടെയും ഖളിർ(ﷺ)യുടെയും ഹദീഥ് പറഞ്ഞു. ഇമാം ശാഫിഈ(ﷺ)പറയുന്നു:നബി(ﷺ)യുടെ വാക്കുകൾക്കെതിരായി അഭിപ്രായം പ്രകടിപ്പിച്ചതിനാൽ ഇബ്നു അബ്ബാസി(ﷺ)ന്റെ പാണ്ഡിത്യവും ഭക്തിയുമെല്ലാം ഉള്ളതോടൊപ്പം മുസ്ലിംകളിൽപ്പെട്ട ഒരാളെ കളവാക്കുകയും അല്ലാഹുവിന്റെ ശത്രുവെന്ന് അയാളെ വിളിക്കുകയും ചെയ്തിരിക്കുന്നത് നോക്കുക. ബൈഹഖിയും ഹാക്കിമും ഹിശാമുബ്നു ജൂബൈരി(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു. ത്വാവൂസ്(ﷺ) അസ്റിനുശേഷം രണ്ടുറകഅത്ത് നമസ്കരിക്കാറുണ്ടായിരുന്നു.അപ്പോൾ അതൊഴിവാക്കുവാൻ അദ്ദേഹത്തോട് ഇബ്നു അബ്ബാസ്(ﷺ) പറഞ്ഞു. ത്വാവൂസ് പറഞ്ഞു: ''ഞാനത് ഉപേക്ഷിക്കുകയില്ല.'' ഇബ്നു അബ്ബാസ്(ﷺ)

പറഞ്ഞു:നിശ്ചയം, അസ്വറിന് ശേഷമുള്ള നമസ്കാരം നബി(ﷺ) വിലക്കിയിട്ടുണ്ട്.നിനക്ക് പ്രതിഫലം കിട്ടുമോ അതല്ല നീ ശിക്ഷിക്കപ്പെടുമോ എന്നെനിക്കറിയില്ല. കാരണം, അല്ലാഹു പറയുന്നു. وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ (سورة الأحزاب : 36)

അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. (അൽ അഹ്സാബ്: 36)

ഇമാം ശാഫിഈ(ﷺ) പറയുന്നു. നബി(ﷺ)യുടെ ഹദീഥ് കൊണ്ട് ഇബ്നുഅബ്ബാസ്(ﷺ) ത്വാവൂസിനെതിരിൽ തെളിവ് സ്ഥാപിക്കുകയാണ് ചെയ്തത്. അല്ലാഹുവോ റസൂലോ ഒരു കാര്യം വിധിച്ചാൽ സ്വന്തമായൊരഭിപ്രായം തനിക്ക് ഉണ്ടാകാവതല്ല എന്നതാണ് അദ്ദേഹത്തിന് അനിവാര്യമായിട്ടുള്ളതെന്ന് ഖുർആനിലെ ആയത്തോതി അദ്ദേഹത്തെ അറിയിക്കുകയാണ്.[35]

നബി(ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ട സുന്നത്തിനും ഇമാം ശാഫിഈ(ﷺ) പഠിപ്പിച്ചതിനും എതിർ പ്രവർത്തിക്കുവാൻ പോലും അവർക്ക് യാതൊരു മടിയുമില്ല എന്നതിന് ഏതാനും ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

[35] [ചിന്തിക്കുക! ഇമാം ശാഫിഈ(ﷺ)യുടെ വക്താക്കളാണെന്ന് അവകാശപ്പെടുന്ന ആളുകൾ ആ മഹാനുഭാവന്റെ ഈ മാതൃകയെ കയ്യൊഴിയുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്.]



(1) അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കരുതെന്ന് ഖുർആനും സുന്നത്തും വ്യക്തമാക്കുന്നു. ഇമാം ശാഫിഈ(ﷺ)യോ മറ്റ് ഇമാമീങ്ങളോ ഇതിനെതിരായി അല്ലാഹു അല്ലാത്തവരോട് വിളിച്ചു പ്രാർഥിക്കാമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. എന്നിട്ടും ശാഫിയാക്കളെന്ന പേരിൽ പെരുമ്പറയടിക്കുന്നവർ അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കുന്നു.

(2) ഖബറുകൾ കെട്ടിപ്പൊക്കുന്നതും അതിന്മേൽ കുമ്മായമിടുന്നതും നബി(ﷺ) വിലക്കിയിട്ടുണ്ട്.കെട്ടിപ്പൊക്കിയ ഖബറുകൾ തട്ടി നിരപ്പാക്കാനും അവിടുന്ന് നിർദേശിച്ചു. ഇമാം ശാഫിഈ(ﷺ)യും ഇപ്രകാരം തന്നെ പഠിപ്പിക്കുന്നു. എന്നാൽ ശാഫിയാക്കളെന്നറിയപ്പെടുന്നവർ ഖബറുകൾ കെട്ടിപ്പൊക്കുകയും അത് നേർച്ച സ്ഥലങ്ങളാക്കി മാറ്റി വരുമാനമുണ്ടാക്കുകയും ചെയ്യുന്നു.

(3) നബി(ﷺ) ഒരൊറ്റ ഫർദ് നമസ്കാര ശേഷവും കൂട്ടപ്രാർഥനക്ക് നേതൃത്വം കൊടുത്തതായി കാണുന്നില്ല.സലാം വീട്ടിയ ശേഷം ഇമാമും മഅ്മൂമീങ്ങളും വെവ്വേറെ സ്വന്തമായി പ്രാർഥിക്കണമെന്നാണ് ശാഫിഈ മദ്ഹബും പഠിപ്പിക്കുന്നത്. എന്നാൽ ശാഫിയാക്കളെന്ന് പറഞ്ഞു നടക്കുന്നവർ ഫർദ് നമസ്കാരങ്ങൾക്ക് ശേഷം കൂട്ടപ്രാർഥന സംഘടിപ്പിക്കുന്നു. (ബുദ്ധിയുള്ളവർ ആലോചിക്കുക. ഇവർ സുന്നത്തിൽ നിന്നും ഇമാം ശാഫിഈ(ﷺ)യുടെ അധ്യാപനങ്ങളിൽ നിന്നും വളരെ അകലെയാണെന്ന് തിരിച്ചറിയുക.-വിവർത്തകൻ)

ഇബ്നു ഉമർ(ﷺ) പറഞ്ഞതായി ഇമാം മുസ്ലിം ഉദ്ധരിക്കുന്നു. ഞങ്ങൾ ആദായത്തിന്റെ ഒരു നിശ്ചിത ഓഹരി പാട്ടമായി നിശ്ചയിച്ചു പാട്ടത്തിനു കൊടുക്കാറുണ്ടായിരുന്നു. ഞങ്ങൾക്കതിൽ യാതൊരു പന്തികേടും തോന്നിയിരുന്നില്ല.അങ്ങിനെയി

രിക്കെ റാഫിഅ്(رضي الله عنه) നബി(ﷺ)അത് വിലക്കിയതായി പറയുമ്പോഴാണ് ഞങ്ങളത് ഒഴിവാക്കുന്നത്.[36]

ഇമാം ശാഫിഈ(رحمه الله) പറയുന്നു: ഇബ്നു ഉമർ(رضي الله عنه) പാട്ടത്തിലൂടെ ഉപകാരം നേടുകയും അത് അനുവദനീയമാണെന്ന് മനസ്സിലാക്കുകയും ചെയ്തിരുന്നു. പക്ഷെ, നബി(ﷺ) അത് വിലക്കിയിട്ടുണ്ടെന്ന് വിശ്വസ്തനായ ഒരാൾ അദ്ദേഹത്തെ അറിയിച്ചതിന് ശേഷം അത്തരം പാട്ടം നടത്തുവാൻ അദ്ദേഹം തയ്യാറായില്ല.

അത്വാഅ് ബ്നു യസാറിൽ നിന്ന് ബൈഹഖി ഉദ്ധരിക്കുന്നു. മൂആവിയത്തു ബ്നു അബീസുഫ്യാൻ(رضي الله عنه) വെള്ളിയുടേയോ സ്വർണത്തിന്റെയോ ഒരു പാനപാത്രം അതിനേക്കാൾ തൂക്കത്തിന് വിറ്റു.അപ്പോൾ അബുദർദാഅ്(رضي الله عنه) അദ്ദേഹത്തോടു പറഞ്ഞു:''ഇതുപോലെയുള്ള കച്ചവടങ്ങൾ തുല്യ അളവിലല്ലാതെ ചെയ്യാൻ പാടില്ലെന്ന് നബി(ﷺ)വിലക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.'' അപ്പോൾ മുആവിയ(رضي الله عنه) അദ്ദേഹത്തോടു പറഞ്ഞു: ''ഞാൻ ഇതിന് യാതൊരു തകരാറും കാണുന്നില്ല.'' അപ്പോൾ അബുദർദാഅ്(رضي الله عنه) പറഞ്ഞു:''മുആവിയക്ക് ഒഴികഴിവ് പറയാനാരുണ്ട്? ഞാനദ്ദേഹത്തിന് നബി(ﷺ)യുടെ ഹദീഥ് പറഞ്ഞു. അദ്ദേഹമെന്നോട് തന്റെ അഭിപ്രായം പറയുന്നു! താങ്കളുള്ള നാട്ടിൽ ഞാൻ താമസിക്കുന്നില്ല.

[36] (മുസ്‌ലിം തന്റെ സ്വഹീഹിലും – കിതാബുൽ ബുയൂഅ്, അബൂദാവൂദ് തന്റെ സുനനിലും-കിതാബുൽ ബുയൂഅ്, നസാഈ തന്റെ സുനനിലും – കിതാബുൽ അയ്മാൻ, ഇബ്നു മാജ: തന്റെ സുനനിലും – കിതാബുർറുഹൂൻ, ദാരിമി തന്റെ സുനനിലും-കിതാബുൽ ബുയൂഅ്, ഇമാം അഹ്മദ് തന്റെ മുസ്നദിലും (1/234, 2/11, 3/312, 313, 356, 360, 389, 391, 392, 463, 4/142) ഉദ്ധരിച്ചത്.)



ശാഫിഈ(رحمه الله)പറയുന്നു. നബി(ﷺ)യുടെ ഹദീഥിലൂടെ മുആവിയ(رضي الله عنه)ക്കെതിരിൽ തെളിവ് സ്ഥാപിതമായതായി അബുദ്ദർദാഅ്(رضي الله عنه) മനസ്സിലാക്കുന്നു. മുആവിയ(رضي الله عنه) ആ അഭിപ്രായം സ്വീകരിക്കാത്തതു കണ്ടപ്പോൾ അതിന്റെ ഗൗരവത്താൽ അദ്ദേഹത്തിന്റെ നാട് വിട്ടു പോകുവാൻവരെ അബുദർദാഅ്(رضي الله عنه) തയ്യാറായി. നബി(ﷺ)യിൽ നിന്ന് ഒരു വിശ്വസ്തൻ അറിയിച്ച കാര്യം അദ്ദേഹം ഉപേക്ഷിച്ചത് കാരണത്താൽ.

ഇമാം ശാഫിഈ(رحمه الله) പറയുന്നു. അബൂ സഈദിൽ ഖുദ്രി(رضي الله عنه) ഒരാളെ കണ്ടുമുട്ടി. അപ്പോൾ നബി(ﷺ)യിൽ നിന്ന് ഒരു കാര്യം അയാളെ അദ്ദേഹം അറിയിച്ചു.അയാളതിന് എതിര് പ്രവർത്തിച്ചപ്പോൾ അബൂസഈദ്(رضي الله عنه) പറഞ്ഞു: അല്ലാഹുവാണെ,ഞാനും നീയും ഒരു മേൽകൂരയ്ക്കു കീഴിൽ താമസിക്കാതിരിക്കട്ടെ!

ശാഫിഈ(رحمه الله) പറയുന്നു. ''റിപ്പോർട്ടറുടെ അഥിതിയായിരുന്നിട്ടു കൂടി അയാൾ പറയുന്നതെല്ലാം സ്വീകരിക്കുന്ന രീതിയായിരുന്നില്ല അവരുടേത്.

ഇമാം ബുഖാരിയും മുസ്‌ലിമും ഇബ്നു ഉമർ(رضي الله عنه)ൽ നിന്നും ഉദ്ധരിക്കുന്നു. നിശ്ചയം, നബി(ﷺ) പറഞ്ഞു: ''നിങ്ങൾ സ്ത്രീകളെ രാത്രിയിൽ പള്ളികളിൽ നിന്ന് തടയരുത്.''[37]

അപ്പോൾ അബ്ദുല്ലാഹിബ്നു ഉമർ(رضي الله عنه)ന്റെ മക്കളിൽ ഒരാൾ പറഞ്ഞു. ''അല്ലാഹുവാണെ ഞങ്ങളവരെ വിടില്ല. അതിലൂടെ അവർ കുഴപ്പമുണ്ടാക്കും.'' ഉടനെ ഇബ്നു ഉമർ(رضي الله عنه) ആ മക

[37] (ബുഖാരി തന്റെ സ്വഹീഹിലും – കിതാബുൽ ജൂമുഅഃ, മുസ്‌ലിം തന്റെ സ്വഹീഹിലും -കിതാബു സ്വലാത്ത്, അബൂദാവൂദ് തന്റെ സുനനിലും-കിതാബുസ്വലാത്ത്, തിർമിദി-കിതാബുൽ ജുമുഅ:, ഇമാം അഹ്മദ് മുസനദിലും-2/49, 57, 98 ഉദ്ധരിച്ചത്.)

ന്റെ നെഞ്ചത്തടിച്ചു. എന്നിട്ടു പറഞ്ഞു: ‘‘ഞാൻ നിന്നോട് നബി (ﷺ)യുടെ ഹദീഥു പറയുമ്പോൾ നീ നിനക്ക് തോന്നിയതു പറയുകയോ?!‘‘ [38]

അബ്ദുലാഹിബ്നു ബുറൈദ(رضي الله عنه)യിൽ നിന്ന് ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു. അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ (رضي الله عنه) ഒരാൾ കല്ല് ഞൊട്ടി കളിക്കുന്നതു കണ്ടു. അപ്പോൾ അദ്ദേഹമത് വിലക്കി. എന്നിട്ട് പറഞ്ഞു നിശ്ചയം നബി(ﷺ) കല്ല് ഞൊട്ടിക്കളിക്കുന്നത് വിലക്കിയിട്ടുണ്ട്.അവിടുന്ന് പറഞ്ഞു:‘‘അത് വേട മൃഗത്തെ നേടിത്തരികയോ ശത്രുവിനെ അപകടപ്പെടുത്തുകയോ ചെയ്യുകയില്ല.മറിച്ച്, ചിലപ്പോഴത് പല്ല് പൊട്ടിക്കുകയോ കണ്ണ് നഷ്ടപ്പെടുത്തുകയോ ചെയ്തേക്കും.‘‘ [39]

അദ്ദേഹം പറയുന്നു. അതിനു ശേഷവും അദ്ദേഹമങ്ങനെ ഞൊട്ടുന്നതു കണ്ടപ്പോൾ അബ്ദുല്ല(رضي الله عنه) പറഞ്ഞു: ‘‘ഞാൻ നിന്നോട് നബി(ﷺ)യുടെ ഹദീഥ് പറഞ്ഞിട്ട് പിന്നെയും നീ അത് ആവർത്തിക്കുകയാണോ? ഞാൻ നിന്നോട് ഇനി ഒരിക്കലും മിണ്ടുകയില്ല.‘‘

ഇംറാനുബ്നു ഹുസൈൻ(رضي الله عنه)പറഞ്ഞതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു.നബി(ﷺ) പറഞ്ഞു.‘‘ലജ്ജ മുഴുവൻ നന്മയാണ്.‘‘

[38] (ചില റിപ്പോർട്ടുകളിൽ, അദ്ദേഹം മകനെ ശക്തമായി ശകാരിച്ചെന്നും പിന്നീട് മരണം വരെ അവനോട് സംസാരിച്ചില്ല എന്നുമുണ്ട് - വിവർത്തകൻ - )

[39] (ബുഖാരി തന്റെ സ്വഹീഹിലും-കിതാബു ദബാഇഹ്,മുസ്ലിം തന്റെ സ്വഹീഹിലും-കിതാബു സൈ്വദ്, നസാഇ തന്റെ സുനനിലും-കിതാബുൽ ഖസാമ, ഇബ്നുമാജ: തന്റെ സുനനിലും-മുഖദ്ദിമ, ദാരിമി തന്റെ സുനനിലും - മുഖദ്ദിമ, ഇമാം അഹ്മദ് മുസ്നദിലും 5/6, 56 - ഉദ്ധരിച്ചത്.)



അപ്പോൾ ബഗീറുബ്നു കഅ്ബ് പറഞ്ഞു:

‘‘അതിൽ ചിലത് ശാന്തിയും ഗാംഭീര്യവുമാണെന്നും ചിലത് ദൗർബല്യമാണെന്നും ചില ഗ്രന്ഥങ്ങളിൽ ഞങ്ങൾ കണ്ടിട്ടുണ്ട്.‘‘

ഉടൻ ഇംറാനുബ്നു ഹുസൈന്(رضي الله عنه)ന്റെ രണ്ടു കണ്ണുകളും ചുവന്നു തുടുത്തു. എന്നിട്ട് ദേഷ്യത്തോടെ പറഞ്ഞു. ‘‘ഞാൻ നിന്നോട് നബി(ﷺ)യുടെ ഒരു ഹദീഥു പറയുമ്പോൾ നീ അതിന് എതിര് പറയുകയാണോ?!‘‘ [40]

മറ്റൊരു റിപ്പോർട്ടിൽ ‘‘നീ നിന്റെ ഏടിൽ നിന്നും എന്നോട് ഹദീഥ് പറയുകയോ?!’’ എന്നാണുള്ളത്.

ബൈഹഖിയും ഹാക്കിമും ഹസൻ(رضي الله عنه)പറഞ്ഞതായി ഉദ്ധരിക്കുന്നു. ഇംറാനുബ്നു ഹുസൈൻ(رضي الله عنه) മുഹമ്മദ് നബി(ﷺ)യുടെ സുന്നത്തിനെ കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കെ ഒരാൾ അദ്ദേഹത്തോടു പറഞ്ഞു: ‘‘അല്ലയോ അബൂനുജൈദ്! ഞങ്ങൾക്ക് ഖുർആൻ പറഞ്ഞ് തരൂ...’’ അപ്പോൾ ഇംറാൻ(رضي الله عنه) അയാളോടു ചോദിച്ചു.‘‘നീയും നിന്റെ ചങ്ങാതിമാരും ഖുർആൻ പാരായണം ചെയ്യുന്നവരാണല്ലൊ; നമസ്കാരത്തെ കുറിച്ചും അതിന്റെ നിയമങ്ങളെ കുറിച്ചും അതിലുള്ള സംഗതികളുമൊക്കെ എനിക്ക് നീ പറഞ്ഞു തരുമോ? സ്വർണത്തിന്റെയും ഒട്ടകം, പശു എന്നിവയുടെയും സകാത്തിനെ കുറിച്ച് നീ എനിക്ക് പറഞ്ഞുതരുമോ? എന്നാൽ ഞങ്ങൾ നബി(ﷺ)യ്ക്കുള്ള വഹ്യിന് സാക്ഷികളായിരുന്നു. നീ ഹാജരുണ്ടായിരുന്നില്ല. ശേഷം അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ റസൂൽ(ﷺ)ഇന്നിന്നതൊക്കെ സക്കാത്തിൽ നിർബ

[40] (മുസ്ലിം തന്റെ സ്വഹീഹിലും -കിതാബുൽ ഈമാൻ, ഇമാം അഹ്മദ് മുസ്നദിലും 4/426, 427, 440, 442, 445, 446 - ഉദ്ധരിച്ചത്.)

ന്ധമാക്കി.അപ്പോൾ അയാൾ പറഞ്ഞു: താങ്കളെന്നെ ജീവിപ്പിച്ചു. അല്ലാഹു താങ്കളെ ജീവിപ്പിക്കട്ടെ!

ഹസൻ(ﷺ) പറയുന്നു. ആ മനുഷ്യൻ മുസ്ലിം പണ്ഡിതന്മാരിലൊരാളായിട്ടാണ് പിന്നീട് കാണപ്പെട്ടത്.

**സഹാബത്തിന്റെ ഇജ്മാഅ്**

**നബി(ﷺ) യുടെ ഹദീഥ് സ്വീകരിക്കണമെന്ന കാര്യത്തിൽ സ്വഹാബത്തിന്റെ ഇജ്മാഅ്**

ഇമാം ശാഫിഈ(ﷺ) പറയുന്നു:സ്വഹാബികളിലോ, താബിഈങ്ങളിലൊ പെട്ട ഒരാളെയും നബി(ﷺ) യുടെ ഹദീഥ് കേട്ടിട്ട് അത് സ്വീകരിക്കുകയോ അതനുസരിച്ച് സുന്നത്ത് സ്ഥിരീകരിക്കുകയോ ചെയ്യാത്തതായി ഞാൻ കണ്ടിട്ടില്ല.

ശേഷം സാലിമുബ്നു അബ്ദില്ല(ﷺ)യിൽ നിന്നുദ്ധരിക്കുന്നു: ''ജംറയിൽ എറിഞ്ഞ ശേഷം കഅ്ബ സന്ദർശിക്കാതെ സുഗന്ധം പൂശുന്നതിനെ ഉമർ(ﷺ) വിലക്കി.''സാലിം പറയുന്നു. ആയിശ(ﷺ) പറഞ്ഞു:ഇഹ്റാമിൽ പ്രവേശിക്കുന്നതിന് വേണ്ടി ഞാൻ എന്റെ കൈകൾകൊണ്ട് നബി(ﷺ)ക്ക് സുഗന്ധം പുരട്ടി കൊടുത്തിട്ടുണ്ട്. കഅ്ബ ത്വവാഫ് ചെയ്യുന്നതിന് മുമ്പായി തന്നെ തഹല്ലുലാകുന്നതിന് വേണ്ടിയും (സുഗന്ധം പൂശിക്കൊടുത്തിട്ടുണ്ട്.) അല്ലാഹുവിന്റെ റസൂലിന്റെ (ﷺ) ചര്യയാണ് ഏറ്റവും കരണീയം.

ശാഫിഈ(ﷺ) പറയുന്നു: അപ്പോൾ സാലിം തന്റെ പിതൃവ്യനായ ഉമർ(ﷺ)ന്റെ വാക്കുപേക്ഷിച്ചു. ആയിശ(ﷺ)യുടെ റിപ്പോർട്ടനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു.



ശാഫിഈ(ﷺ) പറയുന്നു.താബിഇനങ്ങൾക്കു ശേഷമുള്ളവരും നാം കണ്ടുമുട്ടിയവരുമൊക്കെ ആ സ്ഥാനമാണതിന് നൽകിയത്. പിൻപറ്റുന്നവരെ പ്രശംസിച്ചിരുന്ന സുന്നത്തായും അതിനെ കണക്കാക്കി. അതിനെതിരു പ്രവർത്തിച്ചവർ ആക്ഷേപിക്കപ്പെടുമായിരുന്നു. ഈ അഭിപ്രായത്തോട് എതിരായ ആളുകൾ നമ്മുടെ അഭിപ്രായത്തിൽ സ്വഹാബത്തിന്റെയും അവർക്കു ശേഷമുള്ള ഇന്നേവരെയുള്ള പണ്ഡിതന്മാരുടെയും പാതയോട് വേറിട്ടവരാണ്. അവർ ജഹാലത്തിന്റെ വക്താക്കളുമാണ്.(ഇമാംശാഫിയുടെ വാക്കുകൾ ഇവിടെ സമാപിക്കുന്നു)

നാം ഈ ഗ്രന്ഥത്തിന്റെ തുടക്കം മുതൽ ഇവിടം വരെ ഉദ്ധരിച്ചത് മുഴുവനും ഇമാം ശാഫിഈ(ﷺ)യുടെ അപഗ്രഥനവും ഹദീഥുകളുടെ പിൻബലത്തോടെയുള്ള സമർത്ഥനവുമായിരുന്നു.തീർച്ചയായും അദ്ദേഹം വളരെ സൂക്ഷ്മവും വിശദവുമായി ത്തന്നെ അക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഹദീഥു നിഷേധികളായ മതവിരോധികളും റാഫിദിയാക്കളും അദ്ദേഹത്തോട് സംവദിച്ചപ്പോൾ തന്റെ കാലഘട്ടത്തിന്റെ ആവശ്യവുമായിരുന്നു അത്. മുമ്പ് വിവരിച്ചതുപോലെ ഇമാം ബൈഹഖി അത് തന്റെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുകയും അതിന് അഴക് കൂട്ടുകയും ചെയ്തു.

**ബൈഹഖിയുടെ ഗ്രന്ഥത്തിൽ വന്നതും അല്ലാത്തതുമായ മറ്റ് ചില റിപ്പോർട്ടുകൾ കൂടി**

ബൈഹഖി തന്റെ ഗ്രന്ഥത്തിൽ പല ഭാഗത്തായി പറഞ്ഞ ചില അഥറുകൾ കൂടി ശേഷിക്കുന്നുണ്ട്. അത് ഞാനിവിടെ പറയാം. കൂടാതെ അദ്ദേഹത്തിന്റെയും ഇമാം ശാഫിഈ(ﷺ)യുടെയും വാക്കുകളിൽ വന്നിട്ടില്ലാത്ത ചില കാര്യങ്ങൾ ഞാൻ അതിനോട് ചേർത്ത് പറയാൻ ഉദ്ദേശിക്കുന്നു.

ബൈഹഖി തന്റെ സനദിലൂടെ അയ്യൂബുസ്സഖ്തയാനി(ﷺ) യിൽ നിന്നും ഉദ്ധരിക്കുന്നു.

അദ്ദേഹം പറയുന്നു: ''നീ ഒരാളോട് ഒരു സുന്നത്ത് പറഞ്ഞു കൊടുക്കുമ്പോൾ, നിങ്ങൾ ഇത് വിട്ട് ഖുർആനെ കുറിച്ച് ഞങ്ങൾക്ക് പറഞ്ഞു താ...എന്ന് അയാൾ പറഞ്ഞാൽ നീ മനസ്സിലാക്കിക്കൊള്ളുക അയാൾ പിഴച്ചവനാണെന്ന്.''

ഔസാഈ(ﷺ) പറയുന്നു. ''അതെന്തു കൊണ്ടെന്നാൽ, സുന്നത്ത് ഖുർആനിന് വിശദീകരണം നൽകാൻ വന്നതാണ്.ഖുർആൻ സുന്നത്തിന് വിശദീകരണമായി വന്നതല്ല.''

അയ്യൂബി(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു. മുത്വരിഫ് ബ്നു അബ്ദില്ല(ﷺ)യുടെ അടുക്കൽവെച്ച് ഒരാൾ ഇപ്രകാരം പറഞ്ഞു:

'നിങ്ങൾ ഞങ്ങളോട് ഖുർആനല്ലാത്ത ഒന്നും പറയണ്ട'' അപ്പോൾ മുത്വർരിഫ്(ﷺ) പറഞ്ഞു: ''നിശ്ചയം, ഖുർആനിന് പകരമായി മറ്റൊന്നും കൊണ്ടുവരാൻ നാമുദ്ദേശിക്കുന്നില്ല. പക്ഷെ, നമ്മെക്കാൾ ഖുർആനെ കുറിച്ചറിയുന്ന (മുഹമ്മദ് നബി(ﷺ)യെ) നമ്മൾ ആഗ്രഹിക്കുന്നു.'

മർവാനുബ്നുഹക്കം(ﷺ)ൽ നിന്നും ഇമാം ബുഖാരി ഉദ്ധരിക്കുന്നു. ''മക്കയുടെയും മദീനയുടെയുമിടയ്ക്ക് ഞാൻ ഉഥ്മാൻ(ﷺ)നെയും അലി(ﷺ)നെയും കണ്ടു.ഉഥ്മാൻ(ﷺ)തമത്തുഅ് വിലക്കുന്നു; ഹജ്ജും ഉംറയും ഒരുമിച്ച് നിർവഹിക്കുന്നതും, അതുകണ്ടപ്പോൾ അലി(ﷺ)ഹജ്ജിനും ഉംറക്കുമായി ഉച്ചത്തിൽ പ്രഖ്യാപിച്ചു'' ലബ്ബൈക്ക ബിഹജ്ജത്തിൻ വഉംറആൻ മഅ:'' (അ



ല്ലാഹുവേ, ഹജ്ജിനും ഉംറക്കും ഒരുമിച്ച് ഞാൻ നിനക്കുത്തരം ചെയ്ത് വന്നെത്തിയിരിക്കുന്നു.)

അപ്പോൾ ഉഥ്മാൻ(ﷺ) പറഞ്ഞു:''ഞാൻ ജനങ്ങളോട് വിലക്കിയ ഒരു കാര്യം നീ തന്നെ ചെയ്യുകയോ?!'' അദ്ദേഹം പറഞ്ഞു: ''ജനങ്ങളിൽ ഒരാളുടെയും വാക്കു കാരണത്താൽ ഞാൻ നബി(ﷺ)യുടെ വാക്കുപേക്ഷിക്കുകയില്ല തന്നെ.''[41]

സുലൈമാനുബ്നു യസാർ(ﷺ)ൽ നിന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു. അബൂഹുറൈയ്റ, ഇബ്നു അബ്ബാസ്, അബൂസലമത്തുബ്നു അബ്ദിർ റഹ്മാൻ(ﷺ) തുടങ്ങിയവർ ഭർത്താവ് മരണപ്പെട്ട ഗർഭിണിയായ സ്ത്രീ ഭർത്താവിന്റെ മരണദിവസത്തിൽ തന്നെ പ്രസവിച്ചാൽ ഇദ്ദ എങ്ങിനെയായിരിക്കണമെന്ന വിഷയത്തിൽ ചർച്ച ചെയ്യുകയായിരുന്നു. അപ്പോൾ ഇബ്നു അബ്ബാസ് (ﷺ)പറഞ്ഞു: രണ്ടിൽ ഏറ്റവും അവസാനത്തെ അവധിവരെ(അഥവാ നാലുമാസവും പത്തു ദിവസവും) ഇദ്ദ ആചരിക്കണം.അബു സലമ(ﷺ) പറഞ്ഞു:''അല്ല, പ്രസവത്തോടെ ഇദ്ദ അവസാനിക്കും.''അബൂഹുറൈയ്റ(ﷺ) പറഞ്ഞു: ''ഞാൻ എന്റെ സഹോദരപുത്രന്റെ കൂടെയാണ്.'' അങ്ങനെ അവർ നബി(ﷺ)യുടെ ഭാര്യ ഉമ്മുസലമ(ﷺ)യുടെ അടുക്കലേയ്ക്ക് ആളെ അയച്ചു. അവർ പറഞ്ഞു ''സുബയ്യിഅത്തുൽ അസ്‌ലമിയ്യ(ﷺ) അവരുടെ ഭർത്താവിന്റെ മരണത്തിന്റെ അൽപം കഴിഞ്ഞ് പ്രസവിച്ചു. അങ്ങനെ അവർ നബി(ﷺ)യോട് വിധിയന്വേഷിച്ചു.നബി(ﷺ)അവളോട് വിവാഹം ചെയ്യാൻ കൽപിച്ചു. (അഥവാ ഇദ്ദ അവസാനിച്ചു എന്ന് അറിയിച്ചു.) (അപ്രകാരം തന്നെ ഈ സംഭവം ദാരിമി തന്റെ സു

[41] (ബുഖാരി തന്റെ സ്വഹീഹിൽ – കിതാബുൽ ഹജ്ജിൽ ഉദ്ധരിച്ചത്.)

നനിലും-കിതാബു ത്വലാഖ്, തിർമിദി- കിതാബുത്വലാബ്, ഇമാം അഹ്മദ് മുസ്നദിലും 6/314 ഉദ്ധരിച്ചിട്ടുണ്ട്.)

ബറാഅ്(ﷺ)ൽ നിന്ന് ബൈഹഖി ഉദ്ധരിക്കുന്നു. ''ഞങ്ങളെല്ലാവരും നബി(ﷺ)യുടെ (എല്ലാ) ഹദീഥുകളും കേട്ടിരുന്നില്ല. ഞങ്ങൾക്ക് യാത്രയും ജോലിത്തിരക്കുകളുമുണ്ടായിരുന്നു. പക്ഷെ, ജനങ്ങൾ(സ്വഹാബികൾ) കളവു പറയാറുണ്ടായിരുന്നില്ല. അങ്ങനെ ഹാജരായവർ ഹാജരില്ലാത്തവർക്ക് ഹദീഥ് പറഞ്ഞു കൊടുക്കുമായിരുന്നു.''

അദ്ദേഹം ഖതാദ(ﷺ)യിൽ നിന്നും ഉദ്ധരിക്കുന്നു. ''ഒരാൾ ഒരു ഹദീഥു പറഞ്ഞാൽ 'ഇത് താങ്കൾ നബി(ﷺ)യിൽ നിന്നും കേട്ടതാണോ?' എന്ന് ചോദിക്കും. അപ്പോൾ അയാൾ പറയും. 'അതെ, അല്ലെങ്കിൽ സത്യസന്ധനായ ഇന്നയാൾ എന്നോട് പറഞ്ഞതാണ്' എന്ന്. അല്ലാഹുവാണെ ഞങ്ങൾ കളവ് പറഞ്ഞിരുന്നില്ല.കളവ് എന്താണെന്ന് പോലും ഞങ്ങൾക്കറിയില്ലായിരുന്നു.

അദ്ദേഹം മാലിക്കിന്റെ പരമ്പരയിലൂടെ ഉദ്ധരിക്കുന്നു.റജാഅ് അദ്ദേഹത്തോട് പറഞ്ഞു.അബ്ദുല്ലാഹിബ്നു ഉമർ(ﷺ) നബി(ﷺ)യുടെ നിർദേശങ്ങളെയും കാൽപാടുകളെയും അവസ്ഥകളെയും ശ്രദ്ധിക്കുകയും പിൻപറ്റുകയും ചെയ്യുമായിരുന്നു.എത്രത്തോളമെന്നാൽ ആ പരിഗണന കാരണത്താൽ അദ്ദേഹത്തിന് ബുദ്ധിഭ്രംശം സംഭവിച്ചോ എന്നു പോലും ഭയപ്പെട്ടു പോകുമായിരുന്നു.

അദ്ദേഹം ഹസനി(ﷺ)ൽ നിന്നും ഹസൻ, സമുറ(ﷺ) പറഞ്ഞതായും റിപ്പോർട്ടു ചെയ്യുന്നു. ''ഞാൻ നബി(ﷺ)യിൽ നിന്നും (നമസ്കാര വേളയിൽ) രണ്ട് മൗനങ്ങൾ ശ്രദ്ധിച്ചു. ഒന്ന് തക്ബീറത്തുൽ ഇഹ്റാമിനോടനുബന്ധിച്ചും, മറ്റൊന്ന് സൂറത്ത് പാ



രായണം ചെയ്ത ശേഷവും, അങ്ങനെ ഇംറാനുബ്നു ഹുസൈൻ(ﷺ) ഈ വിഷയകമായി ഉബയ്യ്ബ്നു കഅ്ബ്(ﷺ)ന് എഴുതുകയുണ്ടായി. അപ്പോൾ അദ്ദേഹം സമുറ(ﷺ)യെ സത്യപ്പെടുത്തികൊണ്ട് പറഞ്ഞു. നിശ്ചയം സമുറ(ﷺ) നബി(ﷺ)യുടെ ഹദീഥ് മനഃപ്പാഠമാക്കിയിട്ടുണ്ട്.

മുഹമ്മദ്ബ്നു സീരീൻ(ﷺ)ൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു. ഇബ്നു അബ്ബാസ്(ﷺ) ഫിത്വ്ർ സകാത്ത് നൽകാൻ കൽപിച്ചപ്പോൾ ആളുകൾ അതിനെ എതിർത്തു.അങ്ങനെ അദ്ദേഹം സമുറ(ﷺ)യുടെ അടുക്കലേക്ക് ആളെ അയച്ചു ചോദിച്ചു: ''നബി(ﷺ)അങ്ങനെ കൽപിച്ചത് നിനക്കറിയില്ലേ?'' അപ്പോൾ അദ്ദേഹം പറഞ്ഞു, ''അതെ,''ഇബ്നു അബ്ബാസ്(ﷺ) ചോദിച്ചു.'എന്നിട്ട് അത് നാട്ടുകാരെ പഠിപ്പിക്കുന്നതിന് നിനക്കെന്താണ് തടസ്സമായത്?'

ബൈഹഖി പറയുന്നു: ഇബ്നു അബ്ബാസ്(ﷺ) ഫിത്വ്ർ സകാത്തിനെ സംബന്ധിച്ച് നബി(ﷺ)യുടെ കൽപന നാട്ടുകാരെ അറിയിക്കാത്തതിന്റെ പേരിൽ സമുറ(ﷺ)യെ ആക്ഷേപിക്കുകയാണ്.

അബ്ദുല്ലാഹിബ്നു അംറ്(ﷺ)ൽ നിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്നു. നിശ്ചയം, നബി(ﷺ) പറഞ്ഞു.എന്നിൽ നിന്ന് നിങ്ങൾ ഒരു വചന(ആയത്ത്)മെങ്കിലും(മറ്റുള്ളവർക്ക്) എത്തിച്ചുകൊടുക്കുക. എന്നിൽ നിന്നും നിങ്ങൾ ഹദീഥു പറയുകയും ചെയ്യുക. എന്റെ മേൽ നിങ്ങൾ കളവ് പറയരുത്. ആരെങ്കിലും എന്റെ

മേൽ കളവു പറഞ്ഞാൽ അവൻ നരകത്തിൽ തന്റെ ഇരിപ്പിടം ഉറപ്പിച്ചുകൊള്ളട്ടെ.''[42]

ഇബ്നുൽ മുബാറക്കി(ؒ)ൽ നിന്ന് ബൈഹഖി ഉദ്ധരിക്കുന്നു.അദ്ദേഹം പറഞ്ഞു അബൂഇസ്മ(ؒ) അബൂഹനീഫ(ؒ)യോട് ചോദിച്ചു: ''അഭിപ്രായങ്ങളടങ്ങുന്ന ഈ ഗ്രന്ഥങ്ങൾ ഞാൻ മനസ്സിലാക്കി. ഇനി ആരിൽ നിന്നാണ് ഞാൻ 'അഥറു'കൾ (റിപ്പോർട്ടുകൾ) കേൾക്കേണ്ടത്?'' അദ്ദേഹം പറഞ്ഞു: ''ശിയാക്കളല്ലാത്ത, നീതി ബോധമുള്ളവരിൽ നിന്ന്, കാരണം അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനംതന്നെ മുഹമ്മദ് നബി(ﷺ)യുടെ സ്വഹാബികൾ വഴികേടിലാണെന്നതാണ്....

ഞാൻ(സുയുത്വി) പറയട്ടെ; ഇമാം അബൂഹനീഫ(ؒ) ശിയാക്കളെ സംബന്ധിച്ച് പറഞ്ഞ ഈ വാക്കുകൾ നാം ആമുഖത്തിൽ പറഞ്ഞതിനോട് യോജിക്കുന്നതാണ്.

ഹർമലത്തുബ്നു യഹ്യ(ؒ)യിൽ നിന്ന് ബൈഹഖി ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു. ഇമാം ശാഫഈ(ؒ) പറയുന്നത് ഞാൻ കേട്ടു. 'ദേഹേഛയുടെ ആളുകളുടെ (ബിദ്അത്തിന്റെ വക്താക്കൾ)കൂട്ടത്തിൽ റാഫിദി(ശിയാ)യാക്കളേക്കാൾ കളവിന്റെ വക്താക്കളായി ഒരു വിഭാഗത്തെയും ഞാൻ കണ്ടിട്ടില്ല.'

ജാബിറുബ്നു അബ്ദില്ല(ؓ)യിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു.നബി(ﷺ)യുടെ അനുചരന്മാരിൽപ്പെട്ട ഒരാളിൽ നിന്ന് നബി(ﷺ)യിൽ നിന്നുദ്ധരിക്കുന്ന ഒരു ഹദീഥിനെ സംബന്ധിച്ച് എ

[42] (ബുഖാരി തന്റെ സ്വഹീഹിലും - കിതാബുൽ ഇൽമ്, കിതാബുൽ ജനാഇസ്, അമ്പിയാഅ്, അദബ് മുസ്ലിം തന്റെ സ്വഹീഹിലും - കിതാബുസ്സുഹ്ദ്, അബൂദാവൂദ്-കിതാബുൽ ഇൽമ്, തിർമിദി -കിതാബുൽ ഫിതൻ, കിതാബുൽ ഇൽമ്, മനാഖിബ്, ഇബ്നുമാജ-മുഖദിമയിൽ, ദാരിമി, മുഖദിമ, അഹ്മദ് മുസ്നദിൽ പല സ്ഥലങ്ങളിലുമായി ഉദ്ധരിച്ചത്.)



നിക്ക് വിവരം ലഭിച്ചു.ഞാനത് നബി(ﷺ)യിൽ നിന്ന് നേരിട്ട് കേട്ടിട്ടില്ല.ഞാനങ്ങനെ ഒരു ഒട്ടകത്തെ സംഘടിപ്പിച്ചു യാത്ര പുറപ്പെട്ടു. ഒരു മാസക്കാലത്തെ യാത്രയ്ക്കുശേഷം ഞാൻ ശാമിലെത്തി. അപ്പോഴതാ അബ്ദുല്ലാഹിബ്നു ഉനൈസ് അൽ അൻസ്വാരി(ؓ). ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിട്ട് ചോദിച്ചു. ''അപഹരിക്കപ്പെട്ട സ്വത്തിന്റെ കാര്യത്തിൽ ഞാൻ കേട്ടിട്ടില്ലാത്ത ഒരു ഹദീഥ് താങ്കൾ നബി(ﷺ)യിൽ നിന്ന് കേട്ടതായി എനിക്ക് വിവരം ലഭിച്ചു.ഞാനത് കേൾക്കുന്നതിന് മുമ്പായി ഞാനോ താങ്കളോ മരിച്ചുപോകുന്നത് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.'' അപ്പോൾ അദ്ദേഹം പറഞ്ഞു: നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു. 'മനുഷ്യന്മാർ (മഹ്ശറയിൽ) ഒരുമിച്ച് കൂട്ടപ്പെടുക നഗ്നരും ചേലാകർമം ചെയ്യാത്തവരും നിശബ്ദരുമായ അവസ്ഥയിലുമായിരിക്കും.'

ഞങ്ങൾ ചോദിച്ചു. ''അവർക്കെന്താണ്?''

അവിടുന്ന് പറഞ്ഞു: ''അവരോടൊപ്പം ഒന്നുമുണ്ടാവുകയില്ല. അങ്ങനെ അവരെ ഒരു വിളി വിളിക്കും. അടുത്തുള്ളവർ കേൾക്കുന്നതുപോലെ ആ വിളി അകലെയുള്ളവരും കേൾക്കും. 'ഞാനാണ് രാജാവ്. ഞാനാണ് പ്രതിഫലം നൽകുന്നവൻ. നരകാവകാശികളിൽ ഒരാൾക്കും നരകത്തിൽ പ്രവേശിക്കുവാനോ സ്വർഗാവകാശികളിൽ ഒരാൾക്കും സ്വർഗത്തിൽ പ്രവേശിക്കുവാനോ സാധിക്കുകയില്ല; മർദനത്തിന് പ്രതികാരം ചെയ്തിട്ടല്ലാതെ. എത്രത്തോളമെന്നാൽ ഒരു പ്രഹരം പോലും.

ഞങ്ങൾ ചോദിച്ചു: എങ്ങനെ? നമ്മൾ അല്ലാഹുവിന്റെയടുക്കൽ വിവസ്ത്രരും നഗ്നപാദരും നിശബ്ദരുമായി വരിക

യോ? അവിടുന്ന് പറഞ്ഞു: നന്മകളും തിന്മകളുമായി വരും.(അഹ്മദു; ത്വബ്റാനിയും ഉദ്ധരിച്ചത്).

അത്വാഅ് ബ്നു അബീ റബാഹിൽ നിന്നും ബൈഹഖി ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു:അബൂ അയ്യൂബ്(رضي الله عنه) നബി(ﷺ) യിൽ നിന്ന് കേട്ട ഒരു ഹദീഥിനെ സംബന്ധിച്ച് ചോദിക്കുന്നതിനായി ഉഖ്ബതുബ്നു ആമിർ(رضي الله عنه)ന്റെ അടുക്കലേക്ക് പോയി. അദ്ദേഹമല്ലാത്ത ഒരാളും അത് കേട്ടവരിൽ അവശേഷിക്കുന്നുണ്ടായിരുന്നില്ല. അങ്ങനെ വന്നപ്പോൾ മസ്‌ലമത്തുബ്നു മഖ്ലദിൽ അൻസ്വാരിയുടെ അടുക്കൽ ചെന്നു. അദ്ദേഹം ഈജിപ്തിലെ അമീറാണ്- അദ്ദേഹം ഉഖ്ബയുടെ അടുക്കൽ ചെന്ന് അദ്ദേഹത്തെ ആലിംഗനം ചെയ്തു. എന്നിട്ട് ഉഖ്ബ(رضي الله عنه) അദ്ദേഹത്തോട് ചോദിച്ചു: 'അല്ലയോ അബൂഅയ്യൂബ്! എന്തിനാണ് താങ്കൾ വന്നത്?'

അദ്ദേഹം പറഞ്ഞു. ഞാൻ നബി(ﷺ)യിൽ നിന്ന് കേട്ട, വിശ്വാസിയുടെ ന്യൂനതകൾ മറച്ചുവെക്കണമെന്ന ഹദീഥിനെ കുറിച്ച് കൂടുതലായറിയാനാണ്.

അപ്പോൾ അദ്ദേഹം പറഞ്ഞു:അതെ, ഞാൻ നബി(ﷺ) പറയുന്നതായി കേട്ടിട്ടുണ്ട്. 'ആരെങ്കിലും ഒരു വിശ്വാസിയുടെ വല്ല ന്യൂനതയും ദുൻയാവിൽ വെച്ച് മറച്ച് വെച്ചാൽ ഖിയാമത്തുനാളിൽ അല്ലാഹു അവന്റെയും ന്യൂനതകൾ മറച്ചു വെക്കുന്നതാണ്.'

ശേഷം അബൂഅയ്യൂബ്(رضي الله عنه) തന്റെ വാഹനത്തിൽ കയറി മദീനയിലേക്ക് മടങ്ങി. അങ്ങനെ മസ്‌ലമയുടെ പാരിതോഷികം



ഈജിപ്തിന്റെ പടിവാതിൽക്കൽ വെച്ചാണ് അദ്ദേഹത്തിന് കിട്ടുന്നത്.

സ്വാലിഹ്ബ്നു ഹുയയ്യ് വഴിക്കായി ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു. ഞാൻ ശഅ്ബിയുടെ അടുക്കലായിരുന്നപ്പോൾഖുറാസാൻകാരനായ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: ''ഞങ്ങൾ ഖുറാസാനിൽ വെച്ച്പ്രകാരം പറയാറുണ്ട്. ഒരാൾ തന്റെ അടിമസ്ത്രീയെ മോചിപ്പിക്കുകയും എന്നിട്ടവളെ വിവാഹം കഴിക്കുകയും ചെയ്താൽ അയാൾ ഒരു ഒട്ടകത്തെ ദാനം നൽകുകയും ശേഷം അതിന്മേൽ കയറി യാത്ര പോവുകയും ചെയ്തവനെ പോലെയാണ്.[(43)]

ശഅബീ പറഞ്ഞു: അബൂബുർദ തന്റെ പിതാവായ അബൂമൂസൽ അശ്അരി(رضي الله عنه)യിൽ നിന്നുദ്ധരിക്കുന്നു.നബി(ﷺ)പറഞ്ഞു: മൂന്ന് വിഭാഗമാളുകൾക്ക് അവരുടെ പ്രതിഫലം രണ്ടു തവണ നൽകപ്പെടുന്നതാണ്. (1) ഒരാൾക്ക് ഒരു അടിമസ്ത്രീയുണ്ടായിരുന്നു.അയാൾ നല്ല രീതിയിൽ അവളെ പഠിപ്പിച്ചു.നല്ല രീതിയിൽ അവൾക്ക് സംസ്കാരവും മര്യാദകളും പകർന്നുനൽകി. എന്നിട്ടവളെ മോചിപ്പിക്കുകയും വിവാഹം കഴിക്കുകയും ചെയ്തു. അയാൾക്ക് രണ്ട് പ്രതിഫലമുണ്ട്. (2) അല്ലാഹുവിനോടുള്ള ബാധ്യതകളും തന്റെ യജമാനരോടുള്ള കടപ്പാടുകളും നിർവഹിക്കുന്ന ഒരു അടിമ. (3) അയാൾ വേദക്കാരിൽപെട്ട ആളാണ്. [(44)]

---

[(43)] (മുസ്‌ലിം തന്റെ സ്വഹീഹിലും-കിതാബുൽ ഈമാൻ, ദാരിമി തന്റെ സുനനിലും -കിതാബുനിക്കാഹ് ഉദ്ധരിച്ചത്.)

[(44)] (ബുഖാരി തന്റെ സ്വഹീഹിലും - കിതാബുൽ ഇൽമ്, കിതാബുൽ ഇത്ഖ്, കിതാബുൽ ജിഹാദ്, കിതാബുനിക്കാഹ്, കിതാബുൽ അൻബിയാഅ് - മുസ്‌ലിം തന്റെ സ്വഹീഹിലും -കിതാബുൽ ഈമാൻ, അബൂദാവൂദ് തന്റെ സുനനിലും-കിതാബുനിക്കാഹ്, ഇബ്നു മാജ: തന്റെ സുനനിലും-കിതാബു നിക്കാഹ്, ദാരിമി തന്റെ സുനനിലും - കിതാബു നിക്കാഹ്, ഇമാം അഹ്മദ് തന്റെ മുസ്നദിലും-4/395, 398, 408, 414, 415 - ഉദ്ധരിച്ചത്.)

ശേഷം ശഅബി(ﷺ) അയാളോട് പറഞ്ഞു: ''നാം നിനക്കത് പറഞ്ഞു തന്നത് യാതൊരു പ്രതിഫലവും കൂടാതെയാണ്.എന്നാൽ മുൻ കാലങ്ങളിൽ ഇതിനേക്കാൾ ചെറിയ കാര്യത്തിന് ഒരാൾ മദീന വരെ യാത്ര ചെയ്യാറുണ്ടായിരുന്നു.

ബൈഹഖി, സഈദുബ്നുൽ മുസയ്യബ്(ﷺ)ൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു. ''നിശ്ചയം ഞാൻ ഒരൊറ്റ ഹദീഥിന് വേണ്ടി രാപകലുകളോളം യാത്ര ചെയ്തിട്ടുണ്ട്.''

സുഹ്‌രി(ﷺ)യിൽ നിന്നും ഉദ്ധരിക്കുന്നു. ഉർവ്വത്തുബ്നു സുബൈർ ഒരു കഥ പറഞ്ഞപ്പോൾ അത് കളവാണെന്ന് സുഹ്‌രി പറഞ്ഞു. ഉർവ പറഞ്ഞു. ഞാൻ കളവു പറഞ്ഞിട്ടില്ല. കളവു പറയുകയുമില്ല. ഏറ്റവും വലിയ വ്യാജം സത്യം പറയുന്നവരെ വ്യാജമാക്കലാണ്.

ഉഥ്മാനുബ്നു നുഫൈലിൽ നിന്നും ഉദ്ധരിക്കുന്നു.അദ്ദേഹം പറഞ്ഞു. ഞാൻ അഹ്മദ്ബ്നു ഹമ്പലിനോട് പറഞ്ഞു. ''ഇന്ന വ്യക്തി വക്കീഅ്, ഈസബ്നുയൂനുസ്, ഇബ്നുൽ മുബാറക് എന്നിവരെ കുറിച്ച് ആക്ഷേപിച്ച് സംസാരിക്കുന്നുണ്ട്.'' അപ്പോൾ അദ്ദേഹം പറഞ്ഞു: സത്യസന്ധന്മാരെ അധിക്ഷേപിക്കുന്നവനാണ് കള്ള വാദി.

ഇമാം മുസ്‌ലിം ഇബ്നു സീരീനിൽ നിന്നുദ്ധരിക്കുന്നു. ''ജനങ്ങൾക്ക് ഒരു കാലം കഴിഞ്ഞുപോയി. ഹദീഥിന്റെ സനദിനെ കുറിച്ച് അന്ന് ചോദിച്ചിരുന്നില്ല. എന്നാൽ കുഴപ്പം സംഭവിച്ചപ്പോൾ ഹദീഥിന്റെ സനദിനെകുറിച്ച് ചോദിക്കപ്പെട്ടു തുടങ്ങി.അങ്ങനെ സുന്നത്തിന്റെ വക്താക്കളെ തിരിച്ചറിയുകയും അവരുടെ ഹദീഥു സ്വീകരിക്കുകയും ചെയ്തു. ബിദ്അത്തിന്റെ ആളുകളുടെ ഹദീഥ് തിരസ്കരിക്കുകയും ചെയ്തു.[45]



ഉമറുബ്നു അബ്ദിൽ അസീസ്(ﷺ) പറയാറുണ്ടായിരുന്നു. നബി(ﷺ)യും അവിടുത്തെ കാലശേഷം ഭരണാധികാരികളും ചില ചര്യകൾ നടപ്പിലാക്കി. അവ സ്വീകരിക്കൽ അല്ലാഹുവിന്റെ ഗ്രന്ഥത്തെ സത്യപ്പെടുത്തലാണ്.അല്ലാഹുവിനെ വഴിപ്പെടുന്നതിലുള്ള വർധനവുമാണ്.അല്ലാഹുവിന്റെ മതത്തിന്മേലുള്ള ബലവുമാണ്. ആരെങ്കിലും അത് സ്വീകരിച്ചാൽ അവനാണ് സന്മാർഗം പ്രാപിച്ചവൻ. ആരെങ്കിലും അതിനെ പിന്തുണച്ചാൽ അവനാണ് വിജയി.ആരെങ്കിലും അവയ്ക്കെതിരായാൽ അവൻ വിശ്വാസികളുടേതല്ലാത്ത മാർഗമാണ് പിൻപറ്റിയിരിക്കുന്നത്. അല്ലാഹു തആലാ പറയുന്നു.

نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءتْ مَصِيرًا (سورة النساء :115)

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യ വിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും,നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം! (അന്നിസാഅ് : 115)

മുസ്നിയിൽ നിന്നോ അതല്ല റബീഇൽ നിന്നോ ബൈഹഖി തന്റെ സൗദിലൂടെ ഉദ്ധരിക്കുന്നു. ഞങ്ങൾ ഒരിക്കൽ ഇമാം ശാഫിഇയുടെ അടുക്കലായിരുന്നു.അപ്പോഴവിടെ രോമക്കുപ്പായവും രോമത്തിന്റെ തലപ്പാവും രോമത്താലുള്ള മുണ്ടും ധരിച്ച ഒരു വൃദ്ധൻ കടന്നുവന്നു. അയാളുടെ കയ്യിൽ ഒരു വടി ഉണ്ടായി

[45] ബൈഹഖി, ഇമാം മാലിക്(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു.

രുന്നു.അപ്പോൾ ഇമാം ശാഫി എഴുന്നേറ്റു നിന്ന് തന്റെ വസ്ത്രം ശരിയാക്കി. എന്നിട്ട് നേരെ ഇരുന്നു. ആ ശൈഖും സലാം പറയുകയും ഇരിക്കുകയും ചെയ്തു.ഇമാം ശാഫിഈ അയാളിലേക്ക് ആദരപൂർവ്വം നോക്കിക്കൊണ്ടിരുന്നു. അപ്പോൾ ആ ശൈഖ് അദ്ദേഹത്തോട് പറഞ്ഞു. ''ചോദിച്ചു കൊള്ളുക. അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ ദീനിൽ പ്രമാണങ്ങൾ എന്താണ്? അദ്ദേഹം പറഞ്ഞു.അല്ലാഹുവിന്റെ കിതാബ്.അദ്ദേഹം ചോദിച്ചു. 'വേറെ എന്ത്?'' അദ്ദേഹം പറഞ്ഞു.'അല്ലാഹുവിന്റെ ദൂതന്റെ(ﷺ) ചര്യയും.' അദ്ദേഹം ചോദിച്ചു. 'വേറെ എന്ത്?' അദ്ദേഹം പറഞ്ഞു: സമുദായത്തിന്റെ ഏകോപനം. ശൈഖ് ചോദിച്ചു: 'എവിടുന്ന്? തെളിവ് എന്താണ് എന്നറിയുമോ?'ഞാൻ പറഞ്ഞു. സമൂഹത്തിന്റെ യോജിപ്പ് അല്ലാഹുവിന്റെ കിതാബിലൂടെ.

അദ്ദേഹം പറയുന്നു. അങ്ങനെ ഇമാം ശാഫിഈ അൽപനേരം ആലോചിച്ചു. അപ്പോൾ അദ്ദേഹം ശാഫിഈയോട് പറഞ്ഞു. ഞാൻ താങ്കൾക്ക് മൂന്ന് രാവും മൂന്ന് പകലും സമയം തന്നിരിക്കുന്നു.എന്നിട്ട് അല്ലാഹുവിന്റെ കിതാബിൽ നിന്ന് ഐക്യത്തിന് ഒരു തെളിവ് താങ്കൾ കൊണ്ടുവരിക. ഇല്ലെങ്കിൽ അല്ലാഹുവോട് താങ്കൾ പശ്ചാത്തപിക്കുക.അപ്പോൾ ഇമാം ശാഫിഈയുടെ മുഖം വിവർണമായി. അങ്ങനെ അദ്ദേഹം പോയി എന്നിട്ട് മൂന്ന് ദിവസങ്ങൾക്കു ശേഷം വന്നു.

അങ്ങനെ മൂന്നാമത്തെ ദിവസം അദ്ദേഹം ഞങ്ങളിലേക്ക് വന്നപ്പോൾ അദ്ദേഹത്തിന്റെ മുഖവും കൈകാലുകളും നീരുകെട്ടിയിരുന്നു. അദ്ദേഹം രോഗബാധിതനാണ്. അങ്ങനെ അദ്ദേഹം ഇരുന്നു. താമസിയാതെ ആ ശൈഖ് വന്നു സലാം പറഞ്ഞിട്ട് ചോദിച്ചു. ''താങ്കൾ എനിക്ക് തെളിവ് കൊണ്ടുവന്നിട്ടുണ്ടോ?''



ഇമാം ശാഫിഈ പറഞ്ഞു: ''അതെ, അഊദുബില്ലാ നിർറജീം (ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ അല്ലാഹുവിനോട് രക്ഷ തേടുന്നു.) (പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) അല്ലാഹു തആല പറഞ്ഞിരിക്കുന്നു.

نُوَلِّهِ مَا تَوَلَّى وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا (سورة النساء :115)

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചു വിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!(അന്നിസാഅ് : 115)

അദ്ദേഹം പറഞ്ഞു: താങ്കൾ പറഞ്ഞത് സത്യമാണ്. എന്നിട്ടദ്ദേഹം എഴുന്നേറ്റുപോയി. അയാൾ പോയപ്പോൾ ശാഫിഈ (﵁) പറഞ്ഞു. ഞാൻ ഓരോ രാവും പകലുമായി ഖുർആൻ മൂന്ന് പ്രാവശ്യം ഓതി നോക്കി. അങ്ങനെയാണ് എനിക്കത് കിട്ടിയത്.

ബൈഹഖിയും ദാരിമിയും മുആദ്ബ്ൻ ജബൽ(﵁)ൽ നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു.എന്നെ നബി(ﷺ)യമനിലേക്ക് അയച്ചിട്ട് പറഞ്ഞു. നിനക്ക് മുമ്പിൽ വല്ല പ്രശ്നങ്ങളും വന്നാൽ എങ്ങനെയാണ് നീ അതിന് തീർപ്പ് കൽപിക്കുക? ഞാൻ പറഞ്ഞു. ''അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളതനുസരിച്ച് ഞാൻ വിധി പറയും.'' നബി(ﷺ) ചോദിച്ചു. ''അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അതില്ലെങ്കിലോ?'' ഞാൻ പറഞ്ഞു: ''അല്ലാഹുവിന്റെ ദൂതൻ(ﷺ) വിധിച്ചതനുസരിച്ച് ഞാൻ വിധിക്കും.''അവിടുന്ന് പറഞ്ഞു: ''അ

ല്ലാഹുവിന്റെ ദൂതൻ അതിൽ വിധി പറഞ്ഞിട്ടില്ലെങ്കിലോ?'' ഞാൻ പറഞ്ഞു: ''ഞാൻ എന്റെ ശരിയായ അഭിപ്രായത്തിന് ആവത് പരിശ്രമിക്കും (ഗവേഷണം ചെയ്യും)''അപ്പോൾ നബി(ﷺ) എന്റെ നെഞ്ചത്ത് തട്ടിയിട്ട് പറഞ്ഞു. ''അല്ലാഹുവിന്റെ ദൂതനെ തൃപ്തിപ്പെടുത്തുന്ന സംഗതികൊണ്ട് അല്ലാഹുവിന്റെ ദൂതന്റെ ദൂതനെ അനുഗ്രഹിച്ച അല്ലാഹുവിന് സർവ്വ സ്തുതിയും.''[46]

എന്നാൽ ഇതിന്റെ പരമ്പര ദുർബലമാണ്.ഹാരിഥ്ബ്നു അംറ് എന്ന വ്യക്തിയും മുആദ്(رضي الله عنه)ൽ നിന്നും കേട്ടതായി പറയുന്ന ആളുകളും അജ്ഞാതരാണ്. അതുകൊണ്ട് തന്നെ പല ഹദീഥു പണ്ഡിതന്മാരും ഇത് സ്വീകരിച്ചിട്ടില്ല. ഇമാം തിർമിദി ഹദീഥുദ്ധരിച്ച ശേഷം ദുർബലത വ്യക്തമാക്കിയിട്ടുണ്ട്.അപ്രകാരം തന്നെ ജൗസക്കാനി, ഇബ്നുൽ ജൗസി മുതലായവർ ഈ റിപ്പോർട്ട് സ്ഥിരപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശൈഖ് അൽബാനിയും ഇക്കാര്യം വ്യക്തമാക്കുന്നു. (അദ്ദഈഫ വാ:5 പേ:237 നോക്കുക.)

ബൈഹഖിയും ദാരിമിയും ഹാക്കിമും ഉബൈദില്ലാഹിബ്നു അബീയസീദിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു. ഇബ്നു അബ്ബാസ്(رضي الله عنه)നോട് വല്ലതിനെ സംബന്ധിച്ചും ചോദിച്ചാൽ അക്കാര്യം ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതനുസരിച്ചദ്ദേഹം പറയും. ഇനി ഖുർആനിലില്ലാ; നബി(ﷺ) യിൽ നിന്നും വന്നിട്ടുണ്ട്. എങ്കിൽ ആ സുന്നത്തനുസരിച്ചും പറയുക. ഇനി ഖുർആനിലോ പ്രവാചകചര്യയിലോ അതില്ല. അബൂബക്കർ(رضي الله عنه) ഉമർ(رضي الله عنه) എന്നിവരിൽ നിന്നും അതിൽ വിധി വ

[46] (അബൂദാവൂദ് തന്റെ സുനനിലും – കിതാബുൽ അക്ക്വദിയ്യ, ഇബ്നുമാജ തന്റെ സുനനിലും – കിതാബുൽ മനാസിക്, ദാരിമി തന്റെ സുനനിന്റെ 'മുഖദ്ദിമമയിലും ബൈഹഖി സുനനിലുംഅഹ്മദ് മുസ്നദിലും (1/37, 5/230, 242) ഉദ്ദരിച്ചിട്ടുണ്ട്.



ന്നിട്ടുണ്ടെങ്കിൽ അതു പറയും. ഇനി ഖുർആനിലോ സുന്നത്തിലോ അബൂബർ(رضي الله عنه) ഉമർ(رضي الله عنه) എന്നിവരുടെയോ വിധികളിലോ അത് വന്നിട്ടില്ലെങ്കിൽ അദ്ദേഹം സ്വന്തമായി പരിശ്രമിച്ച് അഭിപ്രായം രൂപീകരിക്കും.

റബീഅ പറഞ്ഞതായി മാലിക്ക്(رضي الله عنه)ൽ നിന്നും ബൈഹഖി ഉദ്ധരിക്കുന്നു.അല്ലാഹു തന്റെ ഗ്രന്ഥം അവന്റെ പ്രവാചകന് (ﷺ) ഇറക്കിക്കൊടുത്തു.അതിലൊരിടം തന്റെ പ്രവാചകന്റെ സുന്നത്തിന് വേണ്ടി നീക്കി വെച്ചു. നബി(ﷺ)നിരവധി സുന്നത്തുകൾ പഠിപ്പിച്ചു.അതിലൊരിടം ചിന്തയ്ക്കും അഭിപ്രായത്തിനുമായി മാറ്റി വെച്ചു.

മസ്റൂഖിൽ നിന്നും അദ്ദേഹമുദ്ധരിക്കുന്നു. ഉമർ(رضي الله عنه) പറയുമായിരുന്നു. ''വിവരമില്ലായ്മയ്ക്കു പരിഹാരം സുന്നത്തിലാണുള്ളത്.''

അലിയ്യുബ്നുഉമയ്യ(رضي الله عنه) പറഞ്ഞതായി ഇമാം ബുഖാരിയും മുസ്ലിമും റിപ്പോർട്ടു ചെയ്യുന്നു. ഞാൻ ഉമർ(رضي الله عنه)നോട് ചോദിച്ചു.അവിശ്വാസികൾ നിങ്ങൾക്ക് കുഴപ്പം വരുത്തുമെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ നമസ്കാരം ഖസ്റാക്കു (ചുരുക്കി നമസ്കരിക്കുക)ന്നതിൽ നിങ്ങൾക്ക് കുറ്റമില്ല എന്നല്ലേ ഖുർആനിൽ പറഞ്ഞത്? എന്നാൽ ജനങ്ങളിപ്പോൾ ഭീതിയിലല്ലല്ലോ?

അപ്പോൾ ഉമർ(رضي الله عنه) പറഞ്ഞു. ''താങ്കൾക്ക് ആശ്ചര്യം തോന്നിയ സംഗതി എന്നെയും ആശ്ചര്യപ്പെടുത്തിയിരുന്നു.അങ്ങനെ ഞാൻ നബി(ﷺ)യോട് ചോദിച്ചു. അവിടുന്ന് പറഞ്ഞു. അല്ലാഹു

നിങ്ങൾക്ക് നൽകിയ ഒരു ദാനമാകുന്നു അത്. അതിനാൽ നിങ്ങളത് സ്വീകരിച്ചു കൊള്ളുക.''[47]

പണ്ഡിതന്മാർ പറയുന്നു: ''അവർ ആയത്തിൽ നിന്ന് ഗ്രഹിച്ചത് ഭയമില്ലാത്ത സന്ദർഭത്തിൽ നമസ്കാരം ചുരുക്കി നിർവഹിക്കൽ(ഖസ്റ്റ്റാക്കൻ) അതിനെതിരാണെന്നാണ്.നിർഭയാവസ്ഥയിലുംഅതിന് ഇളവ് നൽകിയിട്ടുണ്ടെന്ന സംഗതി നബി(ﷺ) അറിയിക്കുമ്പോൾ മാത്രമാണവർ അറിയുന്നത്.''

ബൈഹഖി, ഉമയ്യത്തുബ്നു അബ്ദില്ലാഹിബ്നു ഖാലിദിൽ നിന്നും ഉദ്ധരിക്കുന്നു.അദ്ദേഹം അബ്ദുല്ലാഹിബ്നു ഉമർ(ﷺ) നോട് ചോദിച്ചു: ഭയത്തിന്റെ സന്ദർഭത്തിലെയും നാട്ടിൽ താമസിക്കുമ്പോഴത്തെയും നമസ്കാരത്തെ കുറിച്ച് നമുക്ക് ഖുർആനിൽ കാണാം. എന്നാൽ യാത്രാവേളയിലെ നമസ്കാരത്തെ കുറിച്ച് നാം ഖുർആനിൽ കാണുന്നില്ലല്ലൊ? അപ്പോൾ ഇബ്നു ഉമർ(ﷺ) പറഞ്ഞു: ''അല്ലയോ സഹോദര പുത്രാ! അല്ലാഹു നമ്മിലേക്ക് മുഹമ്മദ് നബി(ﷺ)യെ ദൂതനായി നിയോഗിച്ചു.നമുക്കൊന്നുമറിയില്ലായിരുന്നു.മുഹമ്മദ് നബി(ﷺ)ചെയ്തു കാണിച്ചത് മാത്രമാണ് നമ്മൾ ചെയ്യുന്നത്.''

### ഹദീഥും നസ്ഖും

ഇബ്നു ഉമർ(ﷺ)ൽ നിന്ന് ബൈഹഖി ഉദ്ധരിക്കുന്നു.നബി(ﷺ)പറഞ്ഞു. ''നിശ്ചയം എന്റെ ഹദീഥുകളിൽ ചിലത് ചിലതിനെ ദുർബലപ്പെടുത്തുന്നു. ഖുർആനിൽ ചിലത് ചിലതിനെ ദുർബല(നസ്ഖ്)പ്പെടുത്തുന്നത് പോലെ?

[47] (മുസ്‌ലിം-കിതാബുൽ മുസാഫിരിൻ, അബൂദാവൂദ്-കിതാബുസ്സഫർ, സ്വലാത്ത്, തിർമിദി-തഫ്സീർ, നസാഇ-കിതാബുൽ ഖൗഫ്, ഇബ്നുമാജഃ-കിതാബുൽ ഇഖാമ, ദാരിമി-കിതാബു സ്വലാത്ത്, അഹ്മദ് (1/25, 36, 6/63)



സുബൈർ ബ്നുൽ അവാം(ﷺ)ൽ നിന്ന് നിവേദനം ചെയ്യുന്നു. നിശ്ചയം നബി(ﷺ) ചില കാര്യങ്ങൾ പറയുമായിരുന്നു. പിന്നെ കുറച്ചു കാലങ്ങൾക്ക് ശേഷം മറ്റു വചനങ്ങൾ മുഖേന അവയെ ദുർബലപ്പെടുത്തും. ഖുർആനിൽ ചില വചനങ്ങൾ മറ്റു ചിലതിനെ ദുർബലപ്പടുത്തുന്നതു പോലെ.

മക്ഹുലി(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു. ''സുന്നത്തിന് ഖുർആനിലേക്ക് ആവശ്യമുള്ളതിനേക്കാൾ ഖുർആന് സുന്നത്ത് വളരെ അത്യാവശ്യമാണ്.'' സഈദ് ബ്നു മൻസൂറും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

യഹ്യബ്നു അബീകസീറിൽ നിന്നുമുദ്ധരിക്കുന്നു. ''സുന്നത്ത് ഖുർആനിക വചനങ്ങൾക്ക് വിധി പറയുന്നതാണ്.എന്നാൽ ഖുർആൻ സുന്നത്തിനു വിധി പറയുന്നില്ല. ദാരിമി (സുനനിന്റെ മുഖദ്ദിമയിൽ)യും സഈദ്ബ്നു മൻസൂറും ഉദ്ധരിച്ചത്.

ബൈഹഖി പറയുന്നു. ഇതിന്റെ വിവക്ഷയെന്തെന്നാൽ, തീർച്ചയായും സുന്നത്ത് ഖുർആനിന്റെ വിവരണമായിട്ടാണ് നില കൊള്ളുന്നത്. അല്ലാഹു തആലാ പറഞ്ഞത് പോലെ.

لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ (سورة النحل :44)

വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു.) നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും.(അന്നഹ്ൽ: 44) അല്ലാതെ സുന്നത്തിൽ ചിലത് ഖുർആന് എതിരാണ് എന്നല്ല. തീർച്ചയായും അതുണ്ടാവുകയില്ല.

ഞാൻ (സുയൂത്വി) പറയട്ടെ; ചുരുക്കത്തിൽ ഖുർആനിന് സുന്നത്ത് ആവശ്യമാണ് എന്നതിന്റെയർഥം സുന്നത്ത് ഖുർആ

നിന് വിശദീകരണം നൽകുന്നു എന്നതാണ്. ഖുർആൻ മൊത്തത്തിൽ പറഞ്ഞതിനെ സുന്നത്ത് വ്യക്തമാക്കിപ്പറയുന്നു.കാരണം അതിൽ നിരവധി നിധികളുണ്ട്. പക്ഷെ, അവയുടെ സ്ഥാനങ്ങളും വശങ്ങളും അറിയുന്നവർക്കേ അതു പുറത്തെടുക്കാൻ സാധിക്കുകയുള്ളു. അതാണ് നബി(ﷺ)ക്ക് നൽകപ്പെട്ടത്. അതാണ് സുന്നത്ത് ഖുർആനിന് വിധി പറയുന്നു എന്ന് പറഞ്ഞത്. ഖുർആനാകട്ടെ സുന്നത്തിനെ വിശദീകരിക്കുന്നതല്ല. കാരണം സുന്നത്ത് സ്വയം തന്നെ വിശദീകരണമാണ്-സുന്നത്ത് ഒരിക്കലും ഖുർആനിന്റെ ദൈവികത(ഇഅ്ജാസ്)യിലും അതിന്റെ ആശയ സമ്പുഷ്ടതയിലും ഖുർആനോടൊപ്പമെത്തുകയില്ല. എന്തെന്നാൽ സുന്നത്ത് ഖുർആനിന്റെ വിശദീകരണമാണ്. വിശദീകരണത്തിന്റെ സ്വഭാവമാണ് അത്. അഥവാ ഏതൊന്നിനാണോ വിശദീകരണം നൽകുന്നത് അതിനേക്കാൾ വ്യക്തവും വിശദവുമാവുകയെന്നത്.

ബൈഹഖി, ഹിശാമുബ്നു യഹ്‌യ അൽ മഖ്സൂമിയിൽ നിന്നുദ്ധരിക്കുന്നു. സഖീഫ്കാരിൽപ്പെട്ട ഒരാൾ ഉമറുബ്നുൽ ഖത്വാബ്(ﷺ)ന്റെ അടുക്കൽ വന്നിട്ട് കഅ്ബ സന്ദർശിച്ച ആർത്തവകാരിയായ ഒരു സ്ത്രീയെ കുറിച്ച് മതവിധി ചോദിച്ചു. അവൾക്ക് ശുദ്ധിയാകുന്നതിന് മുമ്പ് പോകാൻ പാടുണ്ടോ? അദ്ദേഹം പറഞ്ഞു: ഇല്ല.

അപ്പോൾ ആ സഖീഫു ഗോത്രക്കാരൻ പറഞ്ഞു: താങ്കൾ പറഞ്ഞ രൂപത്തിലല്ല ഇതേ പോലുള്ള ഒരു കാര്യത്തിൽ നബി(ﷺ) എനിക്ക് മതവിധി നൽകിയത്? ഉമർ(ﷺ) അയാളെ ഇപ്രകാരം പറഞ്ഞുകൊണ്ട് ചാട്ടവാറുകൊണ്ട് പ്രഹരിച്ചു.''നബി(ﷺ) 'ഫത്വ' നൽകിയ ഒരു കാര്യത്തിൽ നിങ്ങളെന്തിനെന്നോട് 'ഫത്വ' ചോദിച്ചു?''



ഇബ്നു ഖുസൈമ(ﷺ)യിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു.അദ്ദേഹം പറഞ്ഞു അല്ലാഹുവിന്റെ ദൂതനിൽ നിന്നും സ്ഥിരപ്പെട്ടു വന്ന ഹദീഥിനോട് എതിരാവുന്ന ഒരാളുടെ വാക്കും പരിഗണിക്കേണ്ടതില്ല.

യഹ്‌യബ്നു ആദമിൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ)യുടെ വാക്കുകളുണ്ടായിരിക്കെ മറ്റൊരാളുടെ വാക്കിന്റെയുംആവശ്യമില്ല. നബി(ﷺ)യുടെയും അബൂബക്കറിന്റെയും ഉമറിന്റെയും സുന്നത്ത് എന്ന് പറയാറുള്ളത് നബി(ﷺ) ആ മാർഗത്തിൽ തന്നെയായിട്ടാണ് മരണപ്പെട്ടത് എന്ന് അറിയിക്കുന്നതിന് വേണ്ടിയാണ്.

മുജാഹിദ്(ﷺ) പറഞ്ഞതായി ഉദ്ധരിക്കുന്നു.''നബി(ﷺ)യുടേതല്ലാത്ത മറ്റാരുടെ വാക്കുകളിലും തള്ളേണ്ടതും കൊള്ളേണ്ടതും ഉണ്ടാകാതിരിക്കില്ല.''

അബൂമുബാറാക്ക്(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. അബൂഹനീഫ(ﷺ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു.നബി(ﷺ)യിൽനിന്നും വന്നത് നാം പൂർണമനസ്സോടെ ശിരസ്സാവഹിക്കും. നബി(ﷺ)യുടെ സ്വഹാബത്തിന്റെ വാക്കുകളായി വന്നതാകട്ടെ നാം അതിൽ നിന്ന് തെരഞ്ഞെടുക്കും. താബിഈങ്ങളിൽ നിന്ന് വന്നാലാകട്ടെ നാമത് പരിഗണിക്കില്ല.

അബൂമസ്ഊദിൽ അൻസ്വാരി(ﷺ)യിൽ നിന്നും മുസ്‌ലിം ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു.ജനങ്ങൾക്ക് ഇമാമായി നിൽക്കേണ്ടത് അവരിൽ അല്ലാഹുവിന്റെ ഗ്രന്ഥം കൂടുതൽ പഠിച്ചയാളാണ്. ഇനി ഖുർആനിന്റെ കാര്യത്തിൽ അവർ തുല്യരാണെങ്കിൽ സുന്നത്തിനെ കുറിച്ച് കൂടുതൽ അറിയുന്നവരായിരിക്കണം.

അതിലും അവർ സമന്മാരാണെങ്കിൽ അവരിൽ ആദ്യം ഹിജ്റ പോയവർ[48] ബൈഹഖി അബുൽ ബുഹ്തുരിയിൽ നിന്നുമുദ്ധരിക്കുന്നു. അലിയ്യുബ്നു അബീത്വാലിബ്(ﷺ)നോട് ചോദിക്കപ്പെട്ടു. ഇബ്നു മസ്ഊദ്(ﷺ)നെ കുറിച്ച് താങ്കൾ ഞങ്ങൾക്ക് പറഞ്ഞുതരൂ.അദ്ദേഹം പറഞ്ഞു: ഖുർആനും സുന്നത്തും അദ്ദേഹം പഠിച്ചു. പിന്നെ അതുകൊണ്ടവസാനിപ്പിച്ചു. വിജ്ഞാനമായി അതുതന്നെ മതി. [49]

ഇബ്നു അബ്ബാസ്(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു. നബി(ﷺ) പറയുന്നു.അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും നിങ്ങൾക്ക് നൽകപ്പെട്ടതനുസരിച്ച് പ്രവർത്തിക്കുക. അതിൽ യാതൊരാൾക്കും ഒഴികഴിവില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിലില്ലെങ്കിൽ പിന്നെ എന്റെ സുന്നത്തനുസരിച്ച് എന്റെ സുന്നത്തുമില്ലെങ്കിൽ പിന്നെ എന്റെ സ്വഹാബത്ത് പറഞ്ഞതനുസരിച്ച്. നിശ്ചയം, എന്റെ സ്വഹാബത്ത് ആകാശത്തെ നക്ഷത്രങ്ങളുടെ സ്ഥാനത്താണ്. അവയിലാരെ നിങ്ങൾ മാതൃകയായി സ്വീകരിച്ചാലും നിങ്ങൾക്ക് മാർഗദർശനം നേടാം. എന്റെ അനുചരന്മാരുടെ അഭിപ്രായഭിന്നത നിങ്ങൾക്ക് കാരുണ്യമാണ്.[50]

അലിയ്യുബ്നു അബീത്വാലിബ്(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം ഒരിക്കൽ ഒരു ന്യായാധിപൻ വിധി പറയുന്നതിനരികിലൂടെ പോയി. 'നാസിഖും' 'മൻസൂഖും' താങ്കൾക്കറിയുമോ? എന്നദ്ദേഹത്തോടു ചോദിച്ചു.അദ്ദേഹം പറഞ്ഞു:''ഇല്ല.'' അപ്പോൾ അലി(ﷺ) പറഞ്ഞു: എങ്കിൽ 'താങ്കൾ സ്വയം നശിക്കുകയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്തു.'

[48] (മുസ്ലിം - കിതാബുൽ മസാജിദ്, അബൂദാവൂദ് - കിതാബുസ്വലാത്ത്, തിർമിദി- കിതാബുൽ മവാഖീത്, അഹ്മദ് (4/118, 121, 5/272)

[49] (മുസ്ലിം-കിതാബുൽ ഈമാൻ)

[50] ഈ റിപ്പോർട്ട് വളരി ദുർബലമാണ്. ശൈഖ് അൽബാനി 'സിൽസില ളഈഫ'യിൽ വാ: 1, പേ:146 (59 നമ്പർ) അക്കാര്യം വ്യക്തമാക്കുന്നുണ്ട്.



ഇബ്നു അബ്ബാസ്(ﷺ)ൽ നിന്നും ഇതിനു സമാനമായ റിപ്പോർട്ട് ഉദ്ധരിച്ചിട്ടുണ്ട്. ബൈഹഖി പറയുന്നു. ഇമാം ശാഫിഈ (ﷺ)പറഞ്ഞു.ഖുർആനിലെ 'നാസിഖി'നും 'മൻസൂഖി'നും നബി (ﷺ)യുടെ ഹദീഥുകളല്ലാതെ തെളിവുണ്ടാവുകയില്ല. അല്ലെങ്കിൽ അവയുടെ കാലഗണന അറിയിക്കുന്ന വല്ലതുമുണ്ടാവണം. അപ്പോൾ അവസാനം വന്നത് ആദ്യത്തേതിനെ ദുർബലപ്പെടുത്തി ('നസ്ഖ്' ചെയ്തു) എന്ന് പറയാം. അല്ലെങ്കിൽ ഹദീഥോ, ഇജ്മാഓ മനസ്സിലാക്കിയ ആൾ പറയണം.

അദ്ദേഹം തുടരുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ 'നസ്ഖി'നെ സംബന്ധിച്ചുള്ള കൂടുതൽ വിവരവും നബി(ﷺ)യുടെ സുന്നത്തുകളിൽ നിന്നാണ് ലഭ്യമാകുന്നത്.

ഇബ്നുൽ മുബാറക്ക്(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു.അദ്ദേഹത്തോട് ചോദിക്കപ്പെട്ടു. എപ്പോഴാണ് ഒരാൾ മതവിധി നൽകാൻ യോഗ്യനാവുക? അദ്ദേഹം പറഞ്ഞു:''അയാൾ'അഥറു'കളെ സംബന്ധിച്ച് വിവരമുള്ളവനും അഭിപ്രായങ്ങളിൽ ഉൾക്കാഴ്ചയുള്ളവനുമായാൽ''

**ഖുർആൻ എങ്ങനെ മനസ്സിലാക്കണം?**

ജുൻദുബ് ബ്നു അബ്ദില്ലാ(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു: ''ആരെങ്കിലും ഖുർആനിലെ വചനങ്ങൾക്ക്

സ്വാഭിപ്രായം വിവരണം നൽകിയാൽ അത് ശരിയായിരുന്നാൽ പോലും അയാൾ തെറ്റ് ചെയ്തു.''[51]

മുനാവി, ഫൈദുൽ ഖദീറിൽ (6/191) പറയുന്നു. മറ്റ് പിൻബലങ്ങളോടെയാവാം സുയൂത്വി ഈ റിപ്പോർട്ട് 'ഹസനെ'ന്ന് പറഞ്ഞത്. കാരണം ഇതിന്റെ പരമ്പരയിൽ സഹ്ലുബ്നു അബ്ദില്ലാഹിബ്നു അബീഹസം എന്ന വ്യക്തിയുണ്ട്. അഹ്മദ്, ബുഖാരി, നസാഇ മുതലായവർ ഇദ്ദേഹത്തെ ആക്ഷേപിച്ചു പറഞ്ഞിട്ടുണ്ട്.ശൈഖ് അൽബാനി ഇത് 'ദഈഫാ'ണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ദഈഫുൽ ജാമിഅ് (5748) തഖ്രീജുൽ മിശ്കാത്ത്- 235)

ഇബ്റാഹീമുത്തൈമിയിൽ നിന്നും ഉദ്ധരിക്കുന്നു.

അദ്ദേഹം പറഞ്ഞു: ''ഉമർ(ؓ) ഇബ്നു അബ്ബാസ്(ؓ)ന്റെ അടുക്കലേക്ക് ആളെ അയച്ചുകൊണ്ട് ചോദിച്ചു. ''എങ്ങനെയാണ് ഈ സമുദായത്തിന്റെ ഗ്രന്ഥവും പ്രവാചകനും ഖിബ്ലയും ഒന്നായിരിക്കെ തന്നെ ഇവർ ഭിന്നിക്കുന്നത്?

അപ്പോൾ ഇബ്നു അബ്ബാസ്(ؓ) പറഞ്ഞു: ''അല്ലയോ അമീറുൽ മുഅ്മിനീൻ! നമുക്കാണ് ഈ ഖുർആൻ അവതരിച്ചത്. ഏത് വിഷയത്തിലാണത് അവതരിച്ചത് എന്ന് നാം പഠിക്കുകയും പാരായണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നമുക്ക് ശേഷം ചിലയാളുകൾ വരും. അവർ ഖുർആൻ പാരായണം ചെയ്യും. ഏത് വിഷയത്തിലാണത് അവതരിച്ചതെന്ന് അവർക്കറിയുകയില്ല. അങ്ങനെ ഓരോരുത്തർക്കും അതിൽ അഭിപ്രായങ്ങളുണ്ടാവും.അ

[51] (അബൂദാവൂദ്,-തിർമിദി,-നസാഇ,-ജാമിഉസ്സഗീറിൽ(3900) സുയൂത്വി ഇത് 'ഹസനാ'ണെന്ന് സൂചിപ്പിക്കുകയും ചെയ്തു.



ങ്ങനെ അവർ ഭിന്നിക്കും. അവർ ഭിന്നിച്ചാലോ പരസ്പരം പോരടിക്കുകയും ചെയ്യും.[52]

സഈദ് ബ്നു മൻസൂർ തന്റെ സുനനിൽ ഇതുദ്ധരിച്ചിട്ടുണ്ട്. ഞാൻ (സൂയൂത്വി)പറയട്ടെ; ഖുർആൻ പഠിതാവ് ആയത്തുകളുടെ അവതരണ പശ്ചാത്തലം മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത ഇവിടെ വ്യക്തമാകുന്നു. അവതരണ പശ്ചാത്തലമാകട്ടെ ഹദീഥുകളിൽ നിന്നാണ് ലഭ്യമാവുക.

ബൈഹഖിയും ദാരിമിയും ശഅബി(ؓ)യിൽ നിന്നും ഉദ്ധരിക്കുന്നു. ഉമറുബ്നുൽ ഖത്വാബ്(ؓ) ശുറൈഹ്(ؓ)ന് കത്തെഴുതി. നിങ്ങളുടെ അടുക്കൽ അനിവാര്യമായ വല്ല പ്രശ്നവും വന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥം പരിശോധിച്ച് അതനുസരിച്ച് വിധിക്കുക. അതിലില്ലെങ്കിൽ നബി(ﷺ) വിധിച്ചതനുസരിച്ച്.അതിലുമില്ലെങ്കിൽ സജ്ജനങ്ങളും നീതിമാന്മാരായ ഇമാമീങ്ങളും വിധിച്ചതനുസരിച്ച്. അങ്ങനെയുമില്ലെങ്കിൽ നിന്റെ അഭിപ്രായരൂപീകരണത്തിനായി പരിശ്രമിക്കുക.

ഇബ്നു മസ്ഊദ്(ؓ)ൽ നിന്നും അവർ ഉദ്ധരിക്കുന്നു.'നിങ്ങളിലാരെങ്കിലും വല്ല വിധിയും പറയാനായി പരീക്ഷിക്കപ്പെട്ടാൽ അല്ലാഹുവിന്റെ കിതാബനുസരിച്ച് വിധിക്കുക.അല്ലെങ്കിൽ നബി(ﷺ)യുടെ വിധിയനുസരിച്ച്. അവ രണ്ടിലുമില്ലെങ്കിൽ സജ്ജനങ്ങളും നീതിമാന്മാരുമായ ഇമാമീങ്ങൾ വിധിച്ചതനുസരിച്ച്.അതുമില്ലെങ്കിൽ നിന്റെ അഭിപ്രായത്തിനായി നീ പരിശ്രമിക്കുക.

[52] (ഖുർആനും സുന്നത്തും ഓരോരുത്തരുടെയും അഭിപ്രായമനുസരിച്ച് വ്യാഖ്യാനിച്ചാൽ ശരിയായ പാതയിൽ നിന്നും വ്യതിചലിക്കുമെന്നും ഐക്യവും നന്മയും നഷ്ടപ്പെടുവാനിടയാകുമെന്നുമുള്ള യാഥാർഥ്യം ഇവിടെ ഗ്രഹിക്കാം. ഖുർആനിന്റെ ശരിയായ ആശയം ഗ്രഹിക്കാൻ നബി(ﷺ)യും സ്വഹാബത്തും സ്വീകരിച്ച പാത പിന്തുടരൽ മാത്രമാണ് ഏകമാർഗം എന്നതും പ്രത്യേകം ഓർക്കുക. വി.വ.)

ഇബ്നു അബ്ബാസ്(ﷺ)ൽ നിന്നും ഇവർ രണ്ടുപേരും റിപ്പോർട്ടു ചെയ്യുന്നു. ''ആരെങ്കിലും ഖുർആനിലോ, നബി(ﷺ) യുടെ സുന്നത്തിലോ ഇല്ലാത്ത നൂതനമായ വല്ല അഭിപ്രായവും പ്രകടിപ്പിച്ചാൽ എന്തായിരിക്കും അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ അയാൾക്കുണ്ടാവുക എന്നറിയില്ല!''

ബൈഹഖി അബ്ദുല്ലാഹിബ്നു അംറ്(ﷺ)ൽ നിന്നുദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു ''ഒരു വിശ്വാസിയും തന്റെ ഈമാൻ പൂർത്തീകരിക്കുകയില്ല; തന്റെ ഇച്ഛ ഞാൻ കൊണ്ടുവന്നതിനെ തുടരുന്നതുവരെ.''[53]

ബൈഹഖിയും ലാലക്കാഇ 'അസ്സുന്ന'യിലും ഉമർ(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു.

അദ്ദേഹം പറയുന്നു.നിങ്ങൾ സ്വാഭിപ്രായക്കാരെ സൂക്ഷിക്കുക! അവർ സുന്നത്തിന്റെ ശത്രുക്കളാണ്. നബി(ﷺ)യുടെ സുന്നത്തുകൾ പഠിക്കുന്നതും,ഹൃദിസ്ഥമാക്കുന്നതും എന്നത് അവരെ അശക്തരാക്കിയിരിക്കുന്നു. അതിനാൽ അവർ സ്വാഭിപ്രായം പറയുകയാണ്. അങ്ങനെ അവർ സ്വയം പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്തു.

അബൂവാഇൽ(ﷺ) പറഞ്ഞതായി ബുഖാരി ഉദ്ധരിക്കുന്നു. സഹ്ലുബ്നു ഹുനൈഫ് സ്വിഫ്ഫീനിൽ നിന്ന് വന്നപ്പോൾ വിവരങ്ങളറിയാൻ ഞങ്ങൾ അദ്ദേഹത്തിന്റെയടുക്കൽ ചെന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു. മതകാര്യത്തിൽ അഭിപ്രായങ്ങളെ നിങ്ങൾ സംശയിക്കുക. അബൂജൻദലിന്റെ ദിവസം എനിക്കു തോ

[53] ഇതിന്റെ സനദിൽ നുഐമുബ്നു ഹമ്മാദ് എന്ന വ്യക്തിയുണ്ട്. ധാരാളം പിഴവ് സംഭവിക്കുന്ന വ്യക്തിയാണദ്ദേഹമെന്നതിനാൽ ഈ റിപ്പോർട്ടിനെ പണ്ഡിതൻമാർ വിമർശിച്ചിട്ടുണ്ട്. അൽബാനി ഈ റിപ്പോർട്ട് ദുർബലമാണെന്ന് പറയുന്നു. (ളിലാലുൽ ജന്ന:ഹ:ന:15)



ന്നി... നബി(ﷺ)യുടെ കൽപന തിരസ്കരിക്കാൻ എനിക്ക് സാധിക്കുമായിരുന്നെങ്കിൽ ഞാനത് തിരസ്കരിക്കുമായിരുന്നു. അല്ലാഹുവും അവന്റെ ദൂതനുമാണ് കൂടുതലറിയുക.ഈ കാര്യത്തിന് മുമ്പ് ഞങ്ങളെ അപമാനപ്പെടുത്തുന്ന ഒരു കാര്യത്തിലും ഞങ്ങൾ ഞങ്ങളുടെ ആയുധങ്ങൾ വെച്ച് കീഴടങ്ങിയിട്ടില്ല.[55]

അബൂയഅ്ലയും ബൈഹഖിയും ഉമർബ്നുൽ ഖത്വാബ് (ﷺ) പറഞ്ഞതായുദ്ധരിക്കുന്നു. ''അല്ലയോ ജനങ്ങളേ, മതകാര്യങ്ങളിൽ നിങ്ങൾ അഭിപ്രായങ്ങളെ സംശയിക്കുക.എന്റെ ഇജ്തിഹാദിന്റെ പേരിൽ നബി(ﷺ)യുടെ കൽപനയെ തിരസ്കരിക്കാൻ എനിക്ക് തോന്നിപ്പോയി. അല്ലാഹുവാണെ സത്യത്തിന്റെ കാര്യത്തിൽ ഞാൻ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. അതായത്,അബൂജൻദലിന്റെ ദിവസം. നബി(ﷺ)യുടെയും മക്കക്കാരുടെയുമിടയിൽ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്.അപ്പോൾ അവിടുന്ന് പറഞ്ഞു. ''നിങ്ങൾ എഴുതുക.'' ഞങ്ങൾ സത്യമാണ് പറയുന്നതെന്ന് താങ്കൾക്കറിയുമല്ലൊ? എന്നിട്ടും അല്ലാഹുവേ,നിന്റെ നാമത്തിൽ എന്ന് താങ്കൾ ഉടമ്പടി എഴുതുകയാണോ? നബി(ﷺ) അത് അംഗീകരിച്ചു. എനിക്കാകട്ടെ അതിന് കഴിഞ്ഞില്ല. അങ്ങനെ നബി(ﷺ) എന്നോട് പറഞ്ഞു 'ഞാൻ തൃപ്തിപ്പെട്ട ഒരു കാര്യം താങ്കൾ വിസമ്മതിക്കുകയോ?' അങ്ങനെ ഞാനും തൃപ്തിപ്പെട്ടു.

ബൈഹഖി അലി(ﷺ)യിൽ നിന്നുമുദ്ധരിക്കുന്നു.

[55] ബുഖാരി-കിതാബുൽ ജിസ്യ, കിതാബുൽ ഇഅ്തിസ്വാം, കിതാബുൽ മഗാസി, മുസ്ലിം-കിതാബുൽ ജിഹാദ്.

അദ്ദേഹം പറഞ്ഞു. ദീൻ അഭിപ്രായങ്ങൾക്കനുസരിച്ചായിരുന്നെങ്കിൽ ഖുഫ്ഫയിന്മേൽ തടവുമ്പോൾ അതിന്റെ പുറംഭാഗത്തേക്കാൾ തടവാൻ അർഹമായത് അടിഭാഗമായിരുന്നു.[56]

ഇബ്നു ഉമർ(رضي الله عنه)ൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: അസറുകൾ പിൻപറ്റുന്ന കാലത്തോളം ശരിയായ പാതയിൽ തന്നെയായിരിക്കും.

ഉർവ്വ(رضي الله عنه)യിൽ നിന്നുമുദ്ധരിക്കുന്നു. ''സുന്നത്ത് പിൻപറ്റലാണ് ദീനിന്റെ നിലനിൽപ്.''

ആമിർ(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു
''അഥറുകൾ നിങ്ങൾ കയ്യൊഴിക്കുമ്പോഴാണ് നിങ്ങളുടെ നാശം സംഭവിക്കുന്നത്''

ഇബ്നു സീരീനി(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു.'അഥറുകൾ പിൻപറ്റുന്നിടത്തോളം ഒരാൾ ശരിയായ മാർഗത്തിൽ തന്നെയായിരിക്കും എന്ന് അവർ (സലഫുകൾ) പറയാറുണ്ടായിരുന്നു.

ശുറൈഹി(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു.അദ്ദേഹം പറഞ്ഞു. ഞാൻ അഥറുകളെ പിൻപറ്റുന്നു.അതായത്, നബി(ﷺ)യുടെ കാൽപാടുകളെ.

ഔസാഇ(رضي الله عنه)യിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: നബി(ﷺ)യിൽ നിന്നും വല്ല ഹദീഥും നിനക്ക് സ്ഥിരപ്പെട്ട് കിട്ടിയാൽ അതല്ലാത്ത മറ്റൊരഭിപ്രായം നീ പ്രകടിപ്പിക്കുന്നത് സൂക്ഷിക്കുക. നിശ്ചയം നബി(ﷺ) അല്ലാഹുവിൽ നിന്നുള്ള സന്ദേശമെത്തിക്കുന്നയാളാണ്.

---

[56] അബൂദാവൂദ് ഉദ്ധരിച്ചിട്ടുണ്ട്.ശൈഖ് അൽബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്.



സുഫ്യാനുഥൗരി(رضي الله عنه)യിൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ''വിജ്ഞാനം എന്നത് മുഴുവനും അഥറുകളെ കുറിച്ചുള്ള വിജ്ഞാനമാകുന്നു.'' ഉഥ്മാനുബ്നു ഉമർ(رضي الله عنه)ൽ നിന്നുദ്ധരിക്കുന്നു. ഒരാൾ ഇമാം മാലിക്കിന്റെ അടുക്കൽ വന്ന് ഒരു വിഷയത്തെകുറിച്ച് ചോദിച്ചു. അപ്പോൾ ഇമാം മാലിക് അയാളോട് പറഞ്ഞു:നബി(ﷺ) ഇന്നിന്നപ്രകാരം പറഞ്ഞിട്ടുണ്ട്.അപ്പോൾ അയാൾ ചോദിച്ചു. താങ്കളുടെ അഭിപ്രായം? അപ്പോൾ ഇമാം മാലിക്(رضي الله عنه) പറഞ്ഞു: നിനക്കെന്തുപറ്റി? അല്ലാഹു പറയുന്നു.

لَا تَجْعَلُوا دُعَاءَ الرَّسُولِ بَيْنَكُمْ كَدُعَاءِ بَعْضِكُم بَعْضًا قَدْ يَعْلَمُ اللَّهُ الَّذِينَ يَتَسَلَّلُونَ مِنكُمْ لِوَاذًا فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ (سورة النور : 63)

നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നത് പോലെ നിങ്ങൾ ആക്കിത്തീർക്കരുത്. (മറ്റുള്ളവരുടെ) മറപിടിച്ചു കൊണ്ട് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ചോർന്ന് പോകുന്നവരെ അല്ലാഹു അറിയുന്നുണ്ട്. ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു'വിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.(അന്നൂർ:63)

ഇബ്നു വഹബിൽ നിന്നുമുദ്ധരിക്കുന്ന ഇമാം മാലിക് പറഞ്ഞു. പൂർവ്വികരുടെ ഫത്വകളെ സംബന്ധിച്ച് എന്തുകൊണ്ട് താങ്കളിപ്രകാരം പറഞ്ഞു? എന്ന് ചോദിച്ചിരുന്നില്ല. കാരണം അവർ രിവായത്തുകളെ തൃപ്തിപ്പെടുകയും അതുകൊണ്ട് മതിയാക്കുകയും ചെയ്തിരുന്നു.

ഇസ്ഹാഖ്ബ്നു ഈസയിൽ നിന്നുദ്ധരിക്കുന്നു.

അദ്ദേഹം പറഞ്ഞു.ദീനീ കാര്യങ്ങളിൽ അനാവശ്യമായി തർക്കിക്കുന്നതിനെ മാലിക്ബ്നു അനസ്(رضي الله عنه)അധിക്ഷേപിക്കുന്നതായി ഞാൻ കേട്ടു. അദ്ദേഹം പറയുമായിരുന്നു. ഒരാളേക്കാൾ താർക്കികനായ മറ്റൊരാൾ വരുമ്പോഴൊക്കെ ജിബ്രീൽ(عليه السلام) നബി(ﷺ)കൊണ്ടുവന്ന് കൊടുത്ത ദീനിനെ തിരസ്കരിക്കാൻ നാം ഉദ്യമിക്കുകയോ?!

ഇബ്നുൽ മുബാറക്കി(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു. നീ അവലംബിക്കുന്നത് 'അഥറു'കളെയായിരിക്കുക. ഹദീഥ് നിനക്ക് വിവരിച്ചു തരുന്ന അഭിപ്രായങ്ങൾ മാത്രം നീ സ്വീകരിക്കുക.

**സുന്നത്തും പൂർവികരായ ഇമാമീങ്ങളും**

യഹ്യബ്നു ളുറൈസിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു.സൂഫ്യാന്റെയടുക്കൽ ഒരാൾ വന്ന് ചോദിച്ചു: ''എന്താണ് നിങ്ങൾ അബൂഹനീഫയുടെ മേൽ കാണുന്ന കുറ്റം?'' അദ്ദേഹം പറഞ്ഞു. ''അദ്ദേഹത്തെ ആക്ഷേപിക്കുന്നതെന്തിന്? അദ്ദേഹം ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട് ''ഞാൻ അല്ലാഹുവിന്റെ കിതാബ് സ്വീകരിക്കും. അതിൽ ഞാൻ കണ്ടില്ലെങ്കിൽ നബി(ﷺ) സുന്നത്ത് സ്വീകരിക്കും.ഖുർആനിലും സുന്നത്തിലും കണ്ടില്ലെങ്കിൽ നബി(ﷺ)യുടെ സ്വഹാബത്തിന്റെ വാക്കുകൾ ഞാൻ സ്വീകരിക്കും. അതായത് അവയിൽ നിന്ന് ഞാനുദ്ദേശിക്കുന്നവരുടെ വാക്കുകൾ സ്വീകരിക്കും. അല്ലാത്തത് വിടും. അവരുടെ വാക്കുകൾ വിട്ട് മറ്റാരുടെയെങ്കിലും വാക്കുകളിലേക്ക് ഞാൻ പോവുകയില്ല. എന്നാൽ കാര്യം ഇബ്റാഹിം, ശഅബി, ഇബ്നു സീരീൻ, ഹസൻ, അത്വാഅ്, ഇബ്നുൽ മുസയ്യിബ് മുതലായവ



രിലേക്കെത്തിയാൽ-വേറെയും കുറെയാളുകളുടെ പേരുകൾ അദ്ദേഹം പറഞ്ഞു.അവർ ഗവേഷണ പടുക്കളാണ്. അവർ ഗവേഷണം നടത്തിയ പോലെ ഞാനും ഗേവഷണം നടത്തും.

റബീഇൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഒരു ദിവസം ഇമാം ശാഫിഈ(رضي الله عنه) ഒരു ഹദീഥുദ്ധരിച്ചു. അപ്പോൾ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു.''അല്ലയോ അബൂഅബ്ദില്ല താങ്കൾ ഇത് സ്വീകരിക്കുന്നുണ്ടോ? അപ്പോൾ അദ്ദേഹം പറഞ്ഞു: ''എപ്പോൾ ഞാൻ നബി(ﷺ)യിൽ നിന്ന് സ്വഹീഹായ ഹദീഥുദ്ധരിക്കുകയും ഞാനത് സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതായി നിങ്ങൾ കാണുന്നുവോ അപ്പോൾ എന്റെ ബുദ്ധി നഷ്ടപ്പെട്ടതായി നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക.''

റബീഇൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു.

അദ്ദേഹം പറഞ്ഞു. ''ഇമാം ശാഫി പറയുന്നതായി ഞാൻ കേട്ടു. എന്റെ ഗ്രന്ഥത്തിൽ നബി(ﷺ)യുടെ സുന്നത്തിനെതിരായി വല്ലതും നിങ്ങൾ കണ്ടാൽ ഞാൻ പറഞ്ഞത് ഉപേക്ഷിച്ചിട്ട് നബി(ﷺ)യുടെ സുന്നത്തനുസരിച്ച് നിങ്ങൾ പറയുക.[57]

മുജാഹിദ്(رضي الله عنه)ൽ നിന്നും ഈ ആയത്തിന്റെ

فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ (سورة النساء : 59)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും

---

(57) മദ്ഹബിനെയും മദ്ഹബിന്റെ ഇമാമീങ്ങളെയും അന്ധമായി അനുകരിക്കുന്ന (തഖ്ലീദ് ചെയ്യുന്ന)വർ ഇത് പ്രത്യേകം ശ്രദ്ധിക്കുക. അവർക്ക് ഈ മഹാന്മാരായ ഇമാമീങ്ങളിലേക്ക് തങ്ങളെ ചേർത്തു പറയാനുള്ള ധാർമികാവകാശം പോലുമില്ല. സുന്നത്തിന്റെയടിസ്ഥാനത്തിൽ വിഷയങ്ങൾ പഠിച്ച് യഥാർഥ പാതയിലൂടെ മുന്നേറാൻ റബ്ബ് നമ്മെ അനുഗ്രഹിക്കട്ടെ! ആമീൻ വി.വ)

നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക.നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. (അന്നിസാഅ്:59) വിശദീകരണത്തിലുദ്ധരിക്കുന്നു.അതായത്,അല്ലാഹുവിന്റെ കിതാബിലേക്കും റസൂലിലേക്കും അഥവാ നബി(ﷺ)യുടെ സുന്നത്തിലേക്ക്.

ബാഹഖിയും ദാരിമിയും അബൂദർറ്(ﷺ)ൽ നിന്ന് റിപ്പോർട്ടു ചെയ്യുന്നു.അദ്ദേഹം പറഞ്ഞു. നന്മ കൽപിക്കുന്നതിനെയും തിന്മ വിരോധിക്കുന്നതിനെയും ജനങ്ങൾക്ക് സുന്നത്ത് പഠിപ്പിക്കുന്നതിനെയും വിട്ടുകളയരുതെന്ന് നബി(ﷺ) ഞങ്ങളോട് കൽപിച്ചിട്ടുണ്ട്.

ഉമറുബ്നുൽ ഖത്വാബ്(ﷺ) പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു.

നിങ്ങൾ ഖുർആൻ പഠിച്ചപോലെ സുന്നത്തും ഫറാഇദും ഭാഷയും പഠിക്കുക.

ഇബ്നു മസ്ഊദ്(ﷺ) പറഞ്ഞതായി ഉദ്ധരിക്കുന്നു. ‘‘അല്ലയോ ജനങ്ങളേ, അറിവു ഉയർത്തപ്പെടുന്നതിന് മുമ്പ് നിങ്ങൾ ശേഖരിക്കുക. അതു ഉയർത്തുക എന്നത് അതിന്റെ ആളുകളുടെ മരണത്തോടുകൂടിയാണ് സംഭവിക്കുക. ബിദ്അത്തുണ്ടാകുന്നതും തീവ്രത കാട്ടുന്നതും നിങ്ങൾ സൂക്ഷിക്കുക.നിങ്ങൾ പഴയതിനെ മുറുകെ പിടിക്കുക. തീർച്ചയായും ഈ സമുദായത്തിന്റെ അന്ത്യത്തിൽ ചിലയാളുകൾ തങ്ങൾ ഖുർആനിലേക്ക് ക്ഷണിക്കുകയാണെന്ന വാദവുമായി വരും. സത്യത്തിൽ അവർ അല്ലാഹുവിന്റെ ഗ്രന്ഥത്തെ തങ്ങളുടെ പിന്നിലേക്ക് വലിച്ചെറിയു



കയാണ് ചെയ്തിട്ടുള്ളത്.’’ (ദാരിമി തന്റെ സുന്നനിന്റെ മുഖദ്ദിമയിൽ ഉദ്ധരിച്ചത്)

സുലൈമാനുത്തൈമിയിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. ‘‘ഞാനും അബൂഉഥ്മാൻ, അബൂനദ്റ, അബൂമിജ്ലസ്, ഖാലിദുൽ അശജ്ജ് എന്നിവരും ചേർന്ന് നബി(ﷺ)യുടെ സുന്നത്തു പരസ്പരം പഠിക്കുകയായിരുന്നു.അപ്പോൾ ചിലർ പറഞ്ഞു. ഖുർആനിലെ വല്ല സൂറത്തുമായിരുന്നെങ്കിൽ അതായിരുന്നു നല്ലത്. അപ്പോൾ അബൂനദ്റ പറഞ്ഞു. അബൂ സഈദിൽ ഖുദ്രി(ﷺ) പറയാറുണ്ടായിരുന്നു. ഹദീഥു പഠിക്കൽ ഖുർആൻ ഓതുന്നതിനേക്കാൾ ശ്രേഷ്ഠകരമാണ് എന്ന്.

ഞാൻ (സുയൂത്വി) പറയട്ടെ; ഇത് ഇമാം ശാഫിഈ(ﷺ) പറഞ്ഞതുപോലെയാണ് അഥവാ ഐഛിക നമസ്കാരത്തേക്കാൾ ശ്രേഷ്ഠകരമാണ് വിദ്യയഭ്യസിക്കൽ എന്ന് കാരണം ഖുർആൻ പാരായണം ചെയ്യൽ സുന്നത്താണ്. എന്നാൽ ഹദീഥ് സംരക്ഷണം സാമൂഹ്യ ബാധ്യത (ഫർദ്കിഫായ)യാണ്.

സുഫ്യാനുഥ്ഥൗരി പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു. ‘നല്ല നിയ്യത്തോടു കൂടിയാണെങ്കിൽ ഒരാൾക്ക് ഹദീഥ് പഠനത്തേക്കാൾ ശ്രേഷ്ഠകരമായ വേറെ ഒരു കർമവും എനിക്കറിയില്ല.’

ഇബ്നുൽ മുബാറക്കിൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു.‘‘അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്ന ഒരാൾക്ക് ഹദീഥ് പഠനത്തേക്കാൾ ശ്രേഷ്ഠമായ ഒന്നും എനിക്കറിയില്ല.‘‘

ഖാലിദുബ്നുൽ യസീദിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ‘‘നബി(ﷺ)യുടെ ഹദീഥുകളുടെ പവിത്രത അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ പവിത്രത പോലെയാണ്.‘‘

ബൈഹഖി പറയുന്നു;തീർച്ചയായും അദ്ദേഹം അതുകൊണ്ടുദ്ദേശിച്ചത് അതിന്റെ സ്ഥാനവും മഹത്വവും പവിത്രതയുമറിഞ്ഞ് അതിനെ ആദരിക്കുകയും അത് നിർബന്ധമായും പിൻപറ്റേണ്ടതാണ് എന്നതാണ്.

ശാഫിഈയിൽ നിന്നുമുദ്ധരിക്കുന്നു അദ്ദേഹം പറഞ്ഞു: ഹദീഥിന്റെ ആളുകളിൽപ്പെട്ട ഏതൊരാളെ ഞാൻ കാണുമ്പോഴൊക്കെയും നബി(ﷺ)യുടെ സ്വഹാബത്തിലെ ഒരാളെ കണ്ട പോലെയാണ് എനിക്കനുഭവപ്പെടാറുള്ളത്.

ഇസ്മാഈലുബ്നു അബീ ഉവൈസിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. ഇമാം മാലിക് ഹദീഥു പറയാനുദ്ദേശിച്ചാൽ വുദു എടുക്കുകയും തന്റെ വിരിപ്പിൽ ഇരിക്കുകയും താടി ചീകി ഒതുക്കുകയും ചെയ്യുമായിരുന്നു.എന്നിട്ട് ഗാംഭീര്യത്തോടും മാന്യതയോടും കൂടി ഇരുന്ന ശേഷം ഹദീഥു പറയും.അങ്ങനെ അതിനെ കുറിച്ച് അദ്ദേഹത്തോട് ആരോ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:നബി(ﷺ)യുടെ ഹദീഥിനെ ആദരിക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നു.

ശുദ്ധിയോടും മാന്യതയോടും കൂടിയല്ലാതെ ഞാൻ ഹദീഥു പറയുകയില്ല. വഴിയിൽ വെച്ച് ഹദീഥു പറയുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അല്ലെങ്കിൽ നിന്നുകൊണ്ടോ ധൃതിപ്പെട്ടു കൊണ്ടോ ഹദീഥു പറയുന്നതും അദ്ദേഹത്തിനിഷ്ടമായിരുന്നില്ല. ‘‘നബി(ﷺ)യിൽ നിന്ന് ഞാനുദ്ധരിക്കുന്ന ഹദീഥ്. ശരിക്കും ഗ്രഹിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടിരുന്നു’’ എന്നദേഹം പറയുമായിരുന്നു.

മാലിക്(ﵬ)ൽ നിന്നുമുദ്ധരിക്കുന്നു. സഈദുബ്നുൽ മുസയ്യബ് രോഗിയായിരിക്കെ ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. അദ്ദേഹം അപ്പോൾ അവശനായി കിടക്കുകയായിരുന്നു. ആ സന്ദർഭത്തിൽ അദ്ദേഹത്തോട് അയാൾ ഒരു ഹദീഥിനെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം എഴുന്നേറ്റിരുന്നിട്ട് ഹദീഥ് പറഞ്ഞുകൊടുത്തു.



അപ്പോൾ അദ്ദേഹത്തോട് പറഞ്ഞു. താങ്കൾ പ്രയാസപ്പെടുന്നത് ഞാനിഷ്ടപ്പെടുന്നില്ല.അപ്പോൾ അദ്ദേഹം പറഞ്ഞു.‘‘ഞാൻ കിടന്നുകൊണ്ട് താങ്കളോട് നബി(ﷺ)യിൽ നിന്നുള്ള ഹദീഥു പറയുന്നത് ഞാൻ വെറുക്കുന്നു.

അഅ്മശിൽ നിന്നുമുദ്ധരിക്കുന്നു.വുദൂ ഇല്ലാതെ ഹദീഥു പറയാൻ അദ്ദേഹം ഉദ്ദേശിക്കുകയാണെങ്കിൽ ‘തയമ്മും’ ചെയ്യുമായിരുന്നു.

ദിറാറുബ്നു മുർറയിൽ നിന്നും അഅ്മശ് പറയുന്നു.‘‘അവർ (സലഫുകൾ) ശുദ്ധിയോടു കൂടിയല്ലാതെ ഹദീഥു പറയുന്നത് വെറുത്തിരുന്നു.’’

ഖതാദയിൽ നിന്നും ഉദ്ധരിക്കുന്നു‘‘നബി(ﷺ)യിൽ നിന്നുള്ള ഹദീഥുകൾ ശുദ്ധിയോടു കൂടിയല്ലാതെ പാരായണം ചെയ്യൽ അഭികാമ്യമല്ലെന്ന് അദ്ദേഹം അഭിപ്രായപ്പെടുമായിരുന്നു.’’

ബിശ്റുബ്നുൽ ഹാരിഥിസിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു.ഇബ്നുൽ മുബാറക് നടന്നു പോയിക്കൊണ്ടിരിക്കെ ഒരാൾ അദ്ദേഹത്തോട് ഒരു ഹദീഥിനെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘‘ഇത് വിജ്ഞാനത്തോടുള്ള ആദരവല്ല അഥവാ അനാദരവാണ്.’’

ഇബ്നുൽ മുബാറക്കിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഒരിക്കൽ ഇമാം മാലിക് ഹദീഥു പറഞ്ഞു കൊണ്ടിരുന്നപ്പോൾ ഞാൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അങ്ങനെ ഒരു തേൾ വന്ന് അദ്ദേഹത്തെ പത്ത് പതിനാറ് പ്രാവശ്യം കൊ

ത്തി. ഇമാം മാലികിന്റെ ശരീരം വിവർണമായിട്ടും അദ്ദേഹം അത് കടിച്ചമർത്തി സഹിക്കുകയായിരുന്നു. നബി(ﷺ)യുടെ ഹദീഥ് പറയുന്നതിൽ അദ്ദേഹം ഭംഗം വരുത്തിയില്ല. സദസ്സു പിരിഞ്ഞ് ആളുകൾ പോയശേഷം ഞാൻ ചോദിച്ചു. ‘‘താങ്കളിൽ നിന്ന് അത്ഭുതകരമായ ഒരു കാഴ്ച കണ്ടല്ലൊ?’’ അദ്ദേഹം പറഞ്ഞു: ‘‘അതെ, നബി(ﷺ)യുടെ ഹദീഥിനോടുള്ള ബഹുമാനം കാരണത്താൽ ഞാൻ സഹിക്കുകയായിരുന്നു.’’

അബ്ദുല്ലാഹിബ്നു അംറ്(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു.

അദ്ദേഹം പറഞ്ഞു.‘‘മനഃപ്പാഠമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നബി(ﷺ)യിൽ നിന്ന് കേൾക്കുന്നതെല്ലാം ഞാൻ എഴുതി വെക്കുമായിരുന്നു. അങ്ങനെ ഖുറൈശികൾ എന്നെ അതിൽ നിന്ന് വിലക്കി.അവർ പറഞ്ഞു:‘‘നബി(ﷺ)യിൽ നിന്ന് കേൾക്കുന്നതൊക്കെ താങ്കൾ എഴുതി വെക്കുകയാണോ?’’

നബി(ﷺ) ദേഷ്യത്തിലും സംതൃപ്തിയിലുമൊക്കെ സംസാരിക്കുന്ന മനുഷ്യനല്ലേ?’’ അദ്ദേഹം പറയുന്നു:‘‘ഞാൻ അങ്ങനെ എഴുത്തു നിർത്തി.എന്നിട്ട് നബി(ﷺ)യോട് വിവരം പറഞ്ഞു. അപ്പോൾ നബി(ﷺ) പറഞ്ഞു.‘‘നീ എഴുതിക്കൊള്ളുക! എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ (അല്ലാഹു) തന്നെയാണെ സത്യം ഇതിൽ നിന്ന് സത്യമല്ലാതെ പുറത്ത് വരികയില്ല.അവിടുന്ന് തന്റെ വായിലേക്ക് വിരൽ ചൂണ്ടി (ഹാക്കിമും ദാരിമിയും ഇതുദ്ധരിച്ചിട്ടുണ്ട്.)[58]

[58] അബൂദാവൂദും ഉദ്ദരിച്ചിട്ടുണ്ട്. ശൈഖ് അൽബാനി ഇത് സ്വഹീഹാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. (സിൽസില സ്വഹീഹ: വാ: 4, പേ: 45, ഹ:ന: 1532)



അബൂഹുറൈയ്റ(رضي الله عنه)യിൽ നിന്ന് ഉദ്ധരിക്കുന്നു.അൻസ്വാരികളിൽപ്പെട്ട ഒരാൾ നബി(ﷺ)യോട് എന്തോ ആവലാതി ബോധിപ്പിച്ചു. എന്നിട്ടയാൾ പറഞ്ഞു.ഞാൻ നിങ്ങളിൽ നിന്ന് ഹദീഥു കേൾക്കാറുണ്ട്. പക്ഷെ, എനിക്കത് ഹൃദിസ്ഥമാക്കാൻ കഴിയുന്നില്ല. അപ്പോൾ നബി(ﷺ)പറഞ്ഞു നീ നിന്റെ കയ്യിനെ ആശ്രയിക്കുക.എഴുതി വെക്കുവാനായി നബി(ﷺ) തന്റെ കൈകൊണ്ട് ആംഗ്യം കാണിച്ചു. തിർമിദി ഇത് കിതാബുൽ ഇൽമിൽ ഉദ്ധരിച്ചിട്ടുണ്ട്.

അബ്ദുല്ലാഹിബ്നു ദീനാറിൽ നിന്ന് ബൈഹഖിയും ദാരിമിയും ഉദ്ധരിക്കുന്നു. ഉമറുബ്നു അബ്ദിൽ അസീസ്(رضي الله عنه), അബൂബക്കറ്ബ്നു മുഹമ്മദുബ്നു അംറുബ്നു ഹസമിന്(رضي الله عنه) ഇപ്രകാരം കത്തെഴുതി. ‘‘നബി(ﷺ)യുടെ ഹദീഥുകളും സുന്നത്തുകളും നിങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തുക.അറിവ് നഷ്ടപ്പെടുന്നതും പണ്ഡിതന്മാരുടെ വിയോഗവും ഞാൻ ഭയപ്പെടുന്നു.’’

അവർ രണ്ടുപേരും സുഹ്‌രിയിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു:നമ്മുടെ മുൻകഴിഞ്ഞ പണ്ഡിതന്മാർ ഇപ്രകാരം പറയുമായിരുന്നു. ‘‘സുന്നത്ത് മുറുകെ പിടിക്കലാണ് രക്ഷാമാർഗം’’

ഇത് ഞാൻ (സുയൂത്വി) ബൈഹഖിയുടെ ‘അൽഅഹാദീഥു വൽ ആഥാർഅദ്ദാല്ലഅലാ വുജൂബിൽ ഇഅ്തിസ്വാമി ബിസ്സുന്ന വഫർളിത്തി ബാഇഹാ’ (സുന്നത്ത് നിർബന്ധമായും സ്വീകരിക്കുകയും പിൻപറ്റുകയും ചെയ്യണമെന്നറിയിക്കുന്ന ഹദീഥുകളും വചനങ്ങളും) എന്ന ഗ്രന്ഥത്തിൽ നിന്ന് ചുരുക്കിയെഴുതിയതാണ്.

ബൈഹഖിയുടെ ഗ്രന്ഥത്തിൽ വന്നിട്ടില്ലാത്ത വേറെ ചില ഹദീഥുകൾ[59]

ത്വബ്റാനി 'മുഅ്ജമുൽ ഔസത്വി'ൽ ഇബ്നു അബ്ബാസ് (ؓ)ൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു. അല്ലാഹുവേ, എന്റെ പിൻഗാമികൾക്ക്(ഖലീഫമാർ)നീ കരുണ ചെയ്യേണമേ..'' ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ആരാണ് താങ്കളുടെ ഖുലഫാഉകൾ? അവിടുന്ന് പറഞ്ഞു. എനിക്ക് ശേഷം വരുന്ന, എന്റെ ഹദീഥുകളുദ്ധരിക്കുകയും അത് ജനങ്ങൾക്ക് പഠിപ്പിച്ചു കൊടുക്കുകുയം ചെയ്യുന്നവർ.''

അബൂ നുഐം 'ഹിൽയ്യ'യിൽ ഇബ്നു അബ്ബാസ്(ؓ)ൽ നിന്ന് ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു ''ആരെങ്കിലും എന്റെ ഉമ്മത്തിന് ഒരുസുന്നത്ത് നിലനിർത്താനുതകുന്ന വിധത്തിലോ ഒരു ബിദ്അത്ത് നീക്കുവാനുതകുന്ന തരത്തിലോ ഒരു ഹദീഥ് എത്തിച്ചു കൊടുത്താൽ അവന് സ്വർഗമുണ്ട്.''[60]

അബൂയഅ്ലയും, ത്വബ്റാനി 'അൽഔസത്വി'ലും അബൂബക്കർ സിദ്ധീഖ്(ؓ)ൽ നിന്നുമുദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു. ''ആരെങ്കിലും എന്റെ പേരിൽ മനഃപൂർവ്വം കളവു പറയുകയോ

(59) ഇമാം ബുഖാരിയും മുസ്ലിമും അനസ്(ؓ)ൽ നിന്നും ഇബ്നു ഉമർ(ؓ)ൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു: ''ആരെങ്കിലും എന്റെ ചര്യയെ വെറുക്കുന്നുവെങ്കിൽ അവൻ എന്നിൽപ്പെട്ടവനല്ല.''(ബുഖാരി, മുസ്ലിം-നസാഇ-ദാരിമി മുതലായവർ കിതാബു നിക്കാഹിലും ഇമാം അഹ്മദ് മുസ്നദിലും (2/158, 3/241, 259, 285, 5/409) ഉദ്ധരിച്ചതാണിത്.

(60) സുയൂത്വി ഇത് ജാമിഉസ്സഗീറിൽ (8363) ഉദ്ധരിക്കുകയും ദുർബലമാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്. മുനാവി 'ഫൈദുൽ ഖദീറിൽ (6/44) പറയുന്നു: ഇതിന്റെ പരമ്പരയിൽ അബ്ദുർറഹ്മാനുബ്നു ഹബീബ് എന്ന വ്യക്തിയുണ്ട്. ദഹബി ഇയാളെകുറിച്ച് പറയുന്നു: ''വ്യാജഹദീഥ് നിർമിക്കുന്നയാളെന്ന് സംശയിക്കപ്പെടുന്ന വ്യക്തിയാണിയാൾ'' അൽബാനി ഇത് നിർമിത ഹദീസാണെന്ന് വിധിക്കുന്നു. ദഈഫുൽ ജാമിഅ്(5378) സിൽസില ദഈഫ (9831)



ഞാൻ കൽപിച്ച വല്ലതും തിരസ്കരിക്കുകയോ ചെയ്താൽ നരകത്തിൽ ഒരു ഭവനം അയാൾ ഉറപ്പിച്ചു കൊള്ളട്ടെ!''[61]

അഹ്മദ്,ബസ്സാർ, ത്വബ്റാനി എന്നിവർ സൈദുബ്നു അർഖമി(ؓ)ൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. ഉബൈദുല്ലാഹിബ്നു സിയാദ് എന്റെയടുത്തേക്ക് ആളെ അയച്ചു. അങ്ങനെ ഞാൻ അദ്ദേഹത്തിന്റെയടുക്കൽ ചെന്നു. അദ്ദേഹം ചോദിച്ചു. താങ്കൾ നബി(ﷺ)യിൽ നിന്നും റിപ്പോർട്ടു ചെയ്യുന്ന ഹദീഥുകൾ നാം അല്ലാഹുവിന്റെ കിതാബിലെവിടെയും കാണുന്നില്ലല്ലോ? താങ്കൾ പറയുന്നു നബി(ﷺ)യ്ക്ക് സ്വർഗത്തിൽ ഒരു ഹൗള്(തടാകം)ഉണ്ടെന്ന്.സൈദുബ്നു അർഖം(ؓ)പറഞ്ഞു.നബി(ﷺ) ഞങ്ങളോടപ്രകാരം പറയുകയും ഞങ്ങൾക്കത് വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ത്വബ്റാനി 'അൽകബീറി'ൽ സുലമിയിൽ നിന്നുദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു. ''ആരെങ്കിലും എന്റെ പേരിൽ മനഃപൂർവ്വം കളവ് പറഞ്ഞാൽ നരകത്തിൽ ഒരു വീട് അയാൾ ഉറപ്പിച്ചു കൊള്ളട്ടെ! എന്നിൽ നിന്ന് വല്ല ഹദീഥും വന്നെത്തിയിട്ട് അതിനെ ആരെങ്കിലും തള്ളിക്കളഞ്ഞാൽ ഖിയാമത്ത് നാളിൽ ഞാനവനെ എതിരിടുന്നതാണ്.നിങ്ങൾക്ക് മനസ്സിലാകാത്ത വല്ല ഹദീഥുമാണ് എന്നിൽ നിന്നും നിങ്ങൾക്ക് വന്നു കിട്ടുന്നതെങ്കിൽ 'അല്ലാഹു അഅ്ലം' (അല്ലാഹുവാണ് കൂടുതലറിയുന്നവൻ) എന്ന് നിങ്ങൾ പറയുക.''

ജാബിർ(ؓ)ൽ നിന്ന് 'ഔസത്വി'ൽ ത്വബ്റാനി ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു. എന്നിൽ നിന്ന് വല്ല ഹദീഥും ഒരാൾക്ക്

(48) ജാമിഉസ്സഗീർ 8993, ഫൈദുൽ ഖദീർ 6/214-216 നോക്കുക

ലഭിച്ചിട്ട് അതിനെ അവൻ നിഷേധിച്ചാൽ മൂന്നാളുകളെയാണ യാൾ നിഷേധിച്ചത് അഥവാ കളവാക്കിയത്.അല്ലാഹുവിനെയും അവന്റെ റസൂലിനെയും,ആ ഹദീഥ് പറഞ്ഞ വ്യക്തിയെയും.'[62]

അബൂയഅ്ലയും ത്വബ്റാനിയും ('ഔസത്വി'ൽ) അനസ് (رضي الله عنه)ൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു അല്ലാഹുവിൽ നിന്നുള്ള ശ്രേഷ്ഠത (മഹത്വം) വിവരിക്കുന്ന വല്ലതും ഒരാൾക്ക് ലഭിച്ചിട്ട് അത് സത്യപ്പെടുത്തിയില്ലെങ്കിൽ അയാൾക്കത് ലഭിക്കു കയില്ല.''[63]

ജാബിറുബ്നു അബ്ദില്ല(رضي الله عنه)യിൽ നിന്നും അബൂയഅ്ല ഉദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു. തന്റെ ചാരുകസേരയിലിരുന്ന് കൊണ്ട് എന്നെ കളവാക്കുന്ന ആളുകൾ ഉണ്ടായേക്കും. എന്നി ൽ നിന്നുള്ള ഹദീഥ് അയാളുടെ അടുക്കലെത്തിയാൽ അയാൾ പറയും, ''ഇത് നബി(ﷺ) പറഞ്ഞതല്ല ഇതൊഴിവാക്കിയിട്ട് ഖുർ ആനിലുള്ളത് കൊണ്ടുവാ.''

ഈ ഹദീഥിന്റെ അഞ്ചാമത്തെ വഴിയാണിത്.മുമ്പ് അബൂ റാഫിഅ്, മിഖ്ദാം, ഇർബാദു ബ്നുസാരിയ, അബൂഹുറൈയ്റ (رضي الله عنه)എന്നിവരിൽ നിന്നുദ്ധരിച്ചിട്ടുണ്ട്. ആറാമതായി മറ്റൊരു വഴി യിലൂടെയും ഇത് വന്നിട്ടുണ്ട്.

ഖാലിദുബ്നുൽ വലീദ്(رضي الله عنه)ൽ നിന്ന് ത്വബ്റാനി 'അൽക ബീറി'ൽ ഉദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു: ''ഖാലിദേ, നമസ്കാ

[62] ശൈഖ് അൽബാനി ഇത് ദുർബലമാണെന്ന് പ്രസ്താവിക്കുന്നു. (സിൽസില ളഈഫ ഹ:ന: 5219)

[63] ഇത് സുയൂത്വി ജാമിഉസ്സഗീറിൽ-8562-ഉദ്ധരിക്കുകയും ദുർബലമെന്ന് വ്യക്തമാക്കുക യും ചെയ്തിട്ടുണ്ട്. അൽബാനി ദഈഉൽ ജാമിഅ്: 5513ൽ നിർമിത ഹദീഥെന്നു പറയുക യും സിൽസില ദഈഫയിൽ : 453 ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്.



രത്തിന് ബാങ്കു വിളിക്കുക. പിന്നീട് ദുഹ്ർ നമസ്കരിച്ച ശേഷം ആളുകൾക്കു മുമ്പിൽ നിന്നുകൊണ്ട് നബി(ﷺ) പറഞ്ഞു.''മുആ ഹദീങ്ങളുടെ (കരാറിലുള്ളവരുടെ) ധനം അനർഹമായ രീതിയി ലെടുക്കൽ അനുവദനീയമല്ല. എന്നാൽ ഇനി ഒരാൾ വന്നുകൊ ണ്ട് തന്റെ ചാരു കസേരയിൽ കിടന്ന് ഇപ്രകാരം പറഞ്ഞേക്കും ''അല്ലാഹുവിന്റെ കിതാബിൽ ഹലാലായി നാം കണ്ടത് ഹലാലാ യി സ്വീകരിക്കുക. അതിൽ ഹറാമായി കണ്ടത് ഹറാമായും സ്വീ കരിക്കുക.'' അറിയുക! തീർച്ചയായും ഞാൻ നിങ്ങൾക്ക് മുആ ഹദീങ്ങളുടെ അർഹമല്ലാത്ത സമ്പത്ത് നിഷിദ്ധമാക്കുന്നു.

ഏഴാമത്തെ പരമ്പര : സിലഫി 'അൽമുൻതഖ'യിൽ ഉദ്ധ രിക്കുന്നു. അബൂത്വാഹിറുൽ ഹിന്നാഉ, ഹമ്മാദ്ബ്നു സൈദിൽ നിന്നും അദ്ദേഹം അബൂഹാറൂനിൽ അബ്ദിയിൽ നിന്നും അദ്ദേ ഹം അബൂസഈദിൽ ഖുദ്രി(رضي الله عنه)യിൽ നിന്നും റിപ്പോർട്ടു ചെയ്യു ന്നു.നബി(ﷺ) പറഞ്ഞു.''ഒരാൾ ചാരിക്കിടന്ന് എന്നെ കളവാക്കു ന്ന കാലം വരും. 'ഇത് നബി(ﷺ) പറഞ്ഞതല്ല' എന്ന് അയാൾ പ റയും.

അബൂഹാസിമിൽ നിന്നും ത്വബ്റാനി ഉദ്ധരിക്കുന്നു. അ ദ്ദേഹം സഹ്ലുബ്നു സഅദ് അസ്സാഇദി(رضي الله عنه)ൽ നിന്നും, ഒരിക്ക ൽ സഹ്ൽ(رضي الله عنه) ജനങ്ങളുടെ ഒരു സദസ്സിൽ അവരോട് നബി(ﷺ) യുടെ ഹദീഥ് പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.അപ്പോൾ അ വരിൽ ചിലർ പരസ്പരം സംസാരിക്കുന്നത് കണ്ടപ്പോൾ അദ്ദേ ഹം ദേഷ്യപ്പെട്ടു. എന്നിട്ടു പറഞ്ഞു ''അവരെ നോക്കൂ, ഞാനവ രോട് അല്ലാഹുവിന്റെ റസൂലി(ﷺ)ന്റെ ഹദീഥുകൾ പറയുമ്പോൾ അവർ പരസ്പരം തിരിഞ്ഞിരുന്ന് സംസാരിക്കുകയാണ്! അല്ലാ ഹുവാണെ, 'ഞാൻ നിങ്ങളുടെ അടുക്കൽ നിന്ന് പോവുകയാ ണ്.ഞാൻ ഇനി നിങ്ങളുടെ അടുക്കലേക്ക് വരുന്നതേയില്ല.''ഞാ

ൻ (അബൂഹാസിം) ചോദിച്ചു: ''താങ്കൾ എവിടേക്കാണ് പോകുന്നത്?'' അദ്ദേഹം പറഞ്ഞു: ''ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യാൻ പോവുകയാണ്.''

അബൂയഅ്ല, ഇബ്നു അബ്ബാസ്(ﷺ)ൽ നിന്ന് സ്വഹീഹായ പരമ്പരയോടെ ഉദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു. ''ആരെങ്കിലും ഖുർആന്റെ കാര്യത്തിൽ അറിവില്ലാത്തത് പറഞ്ഞാൽ ഖിയാമത്ത് നാളിൽ അയാൾ തീയിനാലുള്ള കടിഞ്ഞാണിട്ടവനായി വരുന്നതാണ്.''[64]

ഇബ്നു അബ്ബാസ്(ﷺ)ൽ നിന്ന് ത്വബ്റാനി 'അൽകബീറി'ൽ ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു. ഭൂമിയിൽ അല്ലാഹുവിന്റെ പ്രമാണത്തെ നിന്ദിക്കുവാനായി പോയാൽ അല്ലാഹു അവനുള്ള പരലോക ശിക്ഷ അവിടേക്ക്നീട്ടി വെക്കുന്നതോടൊപ്പം അവനെ ഭൂമിയിൽ നിന്ദിക്കുകയും ചെയ്യുന്നതാണ്.

മുസദ്ദദ്(ﷺ) പറയുന്നു:''ഭൂമിയിലെ അല്ലാഹുവിന്റെ പ്രമാണം(സുൽത്താൻ) എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ കിതാബും നബി(ﷺ)യുടെ സുന്നത്തുമാണ്.''

ഇബ്നു ഉമർ(ﷺ)ൽ നിന്ന് 'അൽഔസത്വി'ൽ ഉദ്ധരിക്കുന്നു.അദ്ദേഹം പറഞ്ഞു.'അറിവ് മൂന്നെണ്ണമാണ്; അല്ലാഹുവിന്റെ ഗ്രന്ഥം,നബി(ﷺ)യുടെ സുന്നത്ത്, അറിവില്ലായ്മ തിരിച്ചറിയൽ.'

ഹുദൈഫത്തുബ്നുൽ യമാൻ(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു.നബി(ﷺ)പറഞ്ഞു. നിങ്ങൾക്ക് ഒരു കാലഘട്ടം വരാനിരിക്കു

[64] ഇത് തിർമിദി, അബൂദാവൂദ്, നസാഈ മുതലായവരുദ്ധരിച്ചതാണ്. ജാമിഉസ്സഗീറിലും സുയൂത്വി ഇതുദ്ധരിച്ചിട്ടുണ്ട്. (ന:8899)



ന്നു. അന്ന് മൂന്ന് കാര്യങ്ങളേക്കാൾ വിശിഷ്ടമായി വേറെയൊന്നുമുണ്ടാവുകയില്ല. ഹലാലായ ദിർഹം, കൂട്ടുകൂടാവുന്ന സഹോദരൻ, പ്രവർത്തിക്കുന്നതിനുള്ള സുന്നത്തും[65]

## സലഫുകളുടെ രീതി

ഇംറാനുബ്നു ഹുസൈ്വൻ(ﷺ)ൽ നിന്ന് അഹമദ് ഉദ്ധരിക്കുന്നു.ഖുർആൻ അവതരിച്ചു. നബി(ﷺ)സുന്നത്ത് പഠിപ്പിച്ചു.എന്നിട്ട് പറഞ്ഞു: ''നിങ്ങളെന്നെ പിൻപറ്റുക. അല്ലാഹുവാണെ, ഇല്ലെങ്കിൽ നിങ്ങൾ വഴി പിഴക്കും''

മുജാഹിദ്(ﷺ)ൽ നിന്ന് അഹ്മദും ബസ്സാറും ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു. ''ഞങ്ങൾ ഇബ്നു ഉമർ(ﷺ)നോടൊപ്പം ഒരു യാത്രയിലായിരുന്നു. അങ്ങനെ ഒരു സ്ഥലത്തെത്തിയപ്പോൾ അദ്ദേഹം വഴി മാറി നടന്നു. അപ്പോൾ അദ്ദേഹത്തോട് അതിനെ കുറിച്ച് ചോദിച്ചു. അദ്ദേഹം പറഞ്ഞു ''നബി(ﷺ) ഇവിടെ വെച്ച് ഇങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ട് ഞാനും അങ്ങനെ ചെയ്തു.''

അനസ്(ﷺ)ൽ നിന്നും ഇബ്നു സീരീൻ(ﷺ)യിൽ നിന്നും അഹ്മദ് ഉദ്ധരിക്കുന്നു. അദ്ദേഹം (ഇബ്നുസീരീൻ) പറഞ്ഞു.ഞാൻ ഇബ്നു ഉമർ(ﷺ)നോടൊപ്പം അറഫയിലായിരിക്കുമ്പോൾ ഞങ്ങളൊരുമിച്ച് യാത്ര ചെയ്യുകയായിരുന്നു. അങ്ങനെ ഒരു ഇടുങ്ങിയ സ്ഥലത്തെത്തിയപ്പോൾ അദ്ദേഹത്തിന്റെ വാഹനം നിറുത്തി. ഞങ്ങളും നിന്നു. നമസ്കരിക്കാൻ വേണ്ടിയാണെന്നാണ്

[65] ഇത് ത്വബ്റാനി 'ഔസത്വി'ലും അബൂനുഐം 'ഹിൽയ്യ'യിലുമുദ്ധരിച്ചിട്ടുണ്ട്. ഹൈഥമി പറയുന്നു: ഇതിന്റെ പരമ്പരയിൽ ഇബ്നു ലഹീഅ: എന്ന വ്യക്തിയുണ്ട്. അയാൾ ദുർബലനാണ്. അൽബാനി ഈ റിപ്പോർട്ട് ദുർബലമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജാമിഉസ്സഗീർ 4734, ഫൈദുൽ ഖദീർ 4/117, സിൽസില ദഈഫ 3713, ദഈഫുൽ ജാമിഅ് 3296 എന്നിവ നോക്കുക.

ഞങ്ങൾ കരുതിയത്.അദ്ദേഹത്തിന്റെ യാത്രാമൃഗത്തെ പിടിച്ചിരുന്ന ഭൃത്യൻ പറഞ്ഞു.അദ്ദേഹം നമസ്കരിക്കാനുദ്ദേശിച്ച് ഇറങ്ങിയതല്ല ഇവിടെ. നബി(ﷺ) ഒരു യാത്രയിൽ ഇവിടെയിറങ്ങി മലമൂത്രവിസർജ്ജനം നടത്തിയിരുന്നു. അതിനാൽ അദ്ദേഹവും ഇവിടെ മലമൂത്രവിസർജനം നടത്താനാഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞിരുന്നു.

ഇബ്നു ഉമർ(رضي الله عنه)ൽ നിന്ന് ബസ്സാർ ഉദ്ധരിക്കുന്നു. അദ്ദേഹം മക്കയുടെയും മദീനയുടെയും ഇടയിൽ ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിക്കാൻ കിടക്കുമായിരുന്നു. നബി(ﷺ)ഇങ്ങനെ കിടന്നിരുന്നുവെന്നദ്ദേഹം പറയാറുണ്ടായിരുന്നു.

ബസ്സാറും അബൂയഅ്ലയും സൈദുബ്നു അസ്ലമി(رضي الله عنه)ൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു. ഇബ്നു ഉമർ(رضي الله عنه)നെ ഞാനൊരിക്കൽ വസ്ത്രത്തിന്റെ ബട്ടൺ അഴിച്ചിട്ട നിലയിൽ കണ്ടു. അദ്ദേഹം പറഞ്ഞു. നബി(ﷺ)യെ ഞാനിപ്രകാരം കണ്ടിട്ടുണ്ട്.[66]

ത്വബ്റാനി 'അൽകബീറി'ൽ അംറുബ്നു ശഗവി(رضي الله عنه)യിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു, നബി(ﷺ)പറഞ്ഞു. ഏഴ് വിഭാഗമാളുകളെ ഞാൻ ശപിക്കുന്നു.ഏതൊരു പ്രവാചകന്റെ പ്രാർത്ഥനയ്ക്കും ഉത്തരം ലഭിക്കുന്നതാണ്. (1) അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കൂട്ടിച്ചേർക്കുന്നവൻ (2) അല്ലാഹുവിന്റെ വിധിയെ (ഖദ്റിനെ) നിഷേധിക്കുന്നവൻ (3) അല്ലാഹു പവിത്രമാക്കിയവരുടെ പവിത്രത സംരക്ഷിക്കാത്തവൻ (4) എന്റെ കുടുംബക്കാരിലെ പവിത്രത സൂക്ഷിക്കാത്തവൻ (5) എന്റെ സുന്നത്തിനെ കയ്യൊഴിക്കുന്നവൻ (6) യുദ്ധസ്വത്ത് അപഹരിക്കുന്നവൻ (7) തന്റെ അധികാരമുപയോഗിച്ച്, അല്ലാഹു നിന്ദ്യമാക്കിയതിനെ ശ്രേഷ്ഠമാക്കാനും ശ്രേഷ്ഠമാക്കിയതിനെ നിന്ദിക്കാനും ഒരുങ്ങുന്നവൻ.[67]

[66] നബി(ﷺ)യെ അപ്പടി അനുകരിക്കാൻ സ്വഹാബത്ത് ശ്രദ്ധിച്ചിരുന്നുവെന്ന് വ്യക്തമാക്കുകയാണദ്ദേശം. പ്രത്യേക സുന്നത്തായി വരാത്ത കാര്യങ്ങളിൽ പോലും അവർ നബി(ﷺ) പിൻപറ്റിയിരുന്നു.



ഇബ്നു അബ്ബാസ്(رضي الله عنه)ൽ നിന്ന് ''മുഅജമിൽ കബീറി'ൽ ത്വബ്റാനി ഉദ്ധരിക്കുന്നു. അലി(رضي الله عنه) ചോദിച്ചു. ''അല്ലാഹുവിന്റെ റസൂലേ, ഖുർആനിലോ സുന്നത്തിലോ പ്രതിപാദിക്കാത്ത വല്ല വിഷയവും ഞങ്ങൾക്കുണ്ടായാൽ ഞങ്ങൾ എന്തു ചെയ്യണം? അവിടുന്ന് പറഞ്ഞു. ''ഭക്തന്മാരായ വിശ്വാസികൾക്കിടയിൽ നിങ്ങളത് കൂടിയാലോചനയ്ക്ക് വിധേയമാക്കുക.ഏതെങ്കിലും ഒരു പ്രത്യേകാഭിപ്രായം കൊണ്ട് മാത്രം നിങ്ങളതിന് തീർപ്പു കൽപിക്കരുത്.''

അലി(رضي الله عنه)ൽ നിന്ന് സ്വഹീഹായ പരമ്പരയോടെ 'ഔസത്വി'ൽ ഉദ്ധരിക്കുന്നു.അദ്ദേഹം ചോദിച്ചു. ''അല്ലാഹുവിന്റെ റസൂലേ, വ്യക്തമായ കൽപനയോ വിലക്കുകളോ ഇല്ലാത്ത വല്ല കാര്യവും ഞങ്ങൾക്കുണ്ടായാൽ എന്താണ് ഞങ്ങൾ ചെയ്യേണ്ടത്? അവിടുന്ന് പറഞ്ഞു.ഭക്തന്മാരോടും പണ്ഡിതന്മാരോടും നിങ്ങളത് കൂടിയാലോചിക്കുക.നിങ്ങളിതിനെ ഏതെങ്കിലും ഒരു പ്രത്യേകാഭിപ്രായം മാത്രമാക്കി മാറ്റരുത്.''

ഉമറുബ്നുൽ ഖത്വാബ്(رضي الله عنه)ൽ നിന്ന് ത്വബ്റാനി 'ഔസത്വി'ൽ ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു.എന്റെ കാലശേഷം എന്റെ ഉമ്മത്തിൽ ഞാൻ അധികമായി ഭയപ്പെടുന്നത് ഖുർആനെ

[67] ത്വബാറാനി 'കബീറി'ൽ, ജാമിഉസ്സഗീറിൽ (4648) ഫൈദുൽ ഖദീർ (4/91) സിൽസില ദഈഫ: 3689, ദഈഫുൽ ജാമിഅ്: 3237)

ശരിയല്ലാത്ത രീതിയിൽ വ്യാഖ്യാനിച്ച് അസ്ഥാനത്താക്കുന്നയാളുകളെയാണ്.''[68]

ഗുളൈഫ് ബ്നുൽ ഹാരിഥുഥുമാലി(رضي الله عنه)യിൽ നിന്നും അഹ്മദും സ്വബാറാനിയും ഉദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു: ''ഒരു ജനതയും ഒരു ബിദ്അത്തുമുണ്ടാക്കുന്നില്ല; സമാനമായ ഒരു സുന്നത്ത് നഷ്ടപ്പെടുത്തിയിട്ടല്ലാതെ''[69]

ബുഖാരി തന്റെ 'താരീഖി'ലും ത്വബ്റാനിയും ഇബ്നു അബ്ബാസ്(رضي الله عنه)ൽ നിന്നും ഉദ്ധരിക്കുന്നു.അദ്ദേഹം പറഞ്ഞു: ''ജനങ്ങൾ ഏതൊരു വർഷം വരുമ്പോഴും ഒരുപുതിയ ബിദ്അത്തുണ്ടാക്കുകയും സുന്നത്തിനെ മരിപ്പിക്കുകയും ചെയ്യുന്നതാണ്.അങ്ങനെ ബിദ്അത്ത് ജീവിക്കുകയും സുന്നത്ത് മരിക്കുകയും ചെയ്യുന്നതാണ്.''

മുആദ് ബ്നു ജബലി (رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു.

ആരെങ്കിലും വല്ല ബിദ്അത്തിന്റെയും വക്താവിനെ ആദരിക്കുന്നതിന് വേണ്ടി അയാളുടെ അടുക്കലേക്ക് പോയാൽ ഇസ്ലാമിനെ തകർക്കാൻ അയാളെ സഹായിക്കുകയാണ് ചെയ്യുന്നത്.''

ഹക്കമുബ്നു ഉമൈർ സ്സുമാലി(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു. ''ബിദ്അത്തുക്കളുടെ വിജയവും പ്രചാ

---

[68] ജാമിഉസ്സഗീറിൽ സുയൂത്വി ഇതുദ്ധരിക്കുകയും ദുർബലമെന്ന് വിധി പറയുകയും ചെയ്തിട്ടുണ്ട്. (ന:1383); മുനാവി ഫത്ഹുൽ ഖദീറിലും (2 /80), ശൈഖ് അൽബാനി ഇത് വളരെ ദുർബലമായ റിപ്പോർട്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.(ളഈഫുൽ ജാമിഅ്. ഹ:ന: 1100)

[69] ഇത് അഹ്മദ് 4/105ലും സുയൂത്വി ജാമി ഉസ്സഗീറിലും (7790) ഉദ്ധരിച്ചിട്ടുണ്ട്. ഫൈദുൽ ഖദീർ 5/412 കാണുക. ഈ റിപ്പോർട്ട്, ശൈഖ് അൽബാനി ദുർബലമെന്ന് വിധി പറഞ്ഞിട്ടുള്ള കോതാണ്.) (ദഈഫുൽ ജാമിഅ.ഹ:ന:4983)



രവും നിലക്കാത്ത തിന്മയും പ്രയാസകരമായ ഭാരവും നീചമായ കാര്യവുമാകുന്നു.''[70]

അനസ്(رضي الله عنه)ൽ നിന്ന് ത്വബ്റാനി 'അസ്സ്വഗീറി'ൽ ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു.''എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി പിരിയുന്നതാണ്. ഒന്നൊഴികെ ബാക്കിയെല്ലാം നരകത്തിലാണ്. അവർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഏതാണ് ആ(രക്ഷപ്പെടുന്ന) വിഭാഗം? നബി(ﷺ)പറഞ്ഞു:''ഞാനും എന്റെ സ്വഹാബത്തും ഇന്നേദിവസം ഏതു മാർഗത്തിലാണോ ആ മാർഗ്ഗം.''[71]

അബ്ദുല്ലാഹിബ്നു അംറ്(رضي الله عنه)ൽ നിന്ന് ഇതേ പോലൊരു ഹദീഥ് ഹാക്കിം ഉദ്ധരിക്കുന്നുണ്ട്. ദാരിമി തന്റെ മുസ്നദിൽ അബ്ദുല്ലാഹിബ്നു ദൈലമിയിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു.അദ്ദേഹം പറഞ്ഞു ''ദീനിൽ ആദ്യം ഉപേക്ഷിക്കപ്പെടുന്നത് സുന്നത്തായിരിക്കുമെന്ന കാര്യം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.''

ഇബ്നു മസ്ഊദ്(رضي الله عنه) പറഞ്ഞതായി ഉദ്ധരിക്കുന്നു.''അല്ലാഹുവിന്റെ കിതാബിൽ നാം മനസ്സിലാക്കിയ വല്ലതുമാണ് നിങ്ങൾ ചോദിക്കുന്നതെങ്കിൽ നാം പറഞ്ഞുതരാം. അതല്ല, നബി(ﷺ)യുടെ വല്ല സുന്നത്തിനെ കുറിച്ചാണ് ചോദിക്കുന്നതെങ്കിലും നാം നിങ്ങൾക്ക് പറഞ്ഞു തരാം. എന്നാൽ നിങ്ങൾ സ്വീകരിച്ചിരിക്കു

---

[70] ഇത് ത്വബ്റാനി 'കബീറി'ലും സുയൂത്വി ജാമിഉസ്സഗീറിലും (നം:3085) ഉദ്ധരിച്ചിട്ടുണ്ട്. ദുർബലമാണെന്ന് വിധിക്കുകയും ചെയ്തു. മുനാവിയും ഇതിന്റെ ദുർബലത അംഗീകരിച്ചിട്ടുണ്ട്.

[71] സുഹനുഅബീദാവൂദ് 4/276/സുനനത്തിർമിദീ 3/367, ഇബ്നുമാജ: 2/1322, മുസ്തദ്റക്ക്, 1/128, അദുററുൽ മുൻതാശിറ: 488, അൽമാഖിദുൽ ഹസ്ന ശൈഖ് അൽബാനി ഇത് ഹസനെന്ന് വിധിപറഞ്ഞു. (സ്വഹീഹുൽ ജാമിഇ സ്സഗീർ 5343)

ന്ന ഈ സംഗതിക്ക് (സ്വാഭിപ്രായങ്ങളെ സ്വീകരിക്കുന്നതിന്) ന മുക്ക് കഴിയുകയില്ല.

ആബൂസലമയിൽ നിന്ന് -മുർസലായിട്ട്- ഉദ്ധരിക്കുന്നു. നബി(ﷺ)യോട് ഖുർആനിലോ സുന്നത്തിലോ ഇല്ലാത്ത പുതിയ ഒരു വിഷയമുണ്ടായാൽ എന്തു ചെയ്യണമെന്ന് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു''സത്യവിശ്വാസികളായ ഭക്തന്മാർ അതിനെ കുറിച്ച് ഉറ്റാലോചിക്കണം.''

**ഖുർആനിന്റെ ആശയ വ്യക്തതയ്ക്ക് സുന്നത്ത്**

ഉമറുബ്നുൽ ഖത്വാബ്(ﷺ)ൽ നിന്ന് ലാലക്കാഇ 'അസ്സുന്ന'യിലും,ദാരിമി തന്റെ സുനനിലും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു.ഖുർആനിലെ ചില സംശയങ്ങളുമായി ഒരു വിഭാഗം ആളുകൾ നിങ്ങളോട് തർക്കിക്കുവാൻ വരുന്നതാണ്. അവരെ നിങ്ങൾ സുന്നത്തുകൊണ്ട് നേരിടുക. നിശ്ചയം, സുന്നത്തിന്റെ വക്താക്കളാണ് അല്ലാഹുവിന്റെ ഗ്രന്ഥത്തെ കുറിച്ച് കൂടുതലറിയുന്നവർ.

അലിയ്യുബ്നു അബീത്വാലിബ്(ﷺ)ൽ നിന്ന് ലാലക്കാഇ 'അസ്സുന്ന'യിലുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളോടു തർക്കിക്കുന്ന ഒരു വിഭാഗം വരുന്നതാണ്. അവരെ നിങ്ങൾ സുന്നത്തു കൊണ്ട് നേരിടുക.തീർച്ചയായും സുന്നത്തിന്റെ ആളുകളാണ് അല്ലാഹുവിന്റെ കിതാബിനെകുറിച്ച് നന്നായി അറിയുന്നവർ.

ഇബ്നുഅബ്ബാസ്(ﷺ)ൽ നിന്ന് ഇക്രിമ വഴിയായി ഇബ്നു സഅദ് 'ത്വബഖാത്തി'ൽ ഉദ്ധരിക്കുന്നു.

അലിയ്യുബ്നു അബി ത്വാലിബ്(ﷺ) അദ്ദേഹത്തെ ഖവാരിജുകളുടെ അടുക്കലേക്കയച്ചു. എന്നിട്ടു പറഞ്ഞു ''അവരിലേക്ക് ചെന്ന് അവരുമായി താങ്കൾ സംവദിക്കുക. ഖുർആൻ കൊണ്ടു



മാത്രമായി അവരോട് തർക്കിക്കണ്ട. കാരണം അതിന് പല വ്യാഖ്യാന സാധ്യതകളുള്ളതാണ്. അതിനാൽ താങ്കൾ അവരോട് സുന്നത്തുമായി നേരിടുക.''

മറ്റൊരു രീതിയിൽ ഇപ്രകാരം ഉദ്ധരിക്കുന്നു. ഇബ്നു അബ്ബാസ്(ﷺ) പറഞ്ഞു അല്ലയോ, അമീറുൽ മുഅ്മിനീൻ! ഞാൻ അവരേക്കാൾ ഖുർആൻ നന്നായി പഠിച്ച ആളാണ്. നമ്മുടെ നാട്ടിൽ നാം പതിതരാവുകയോ? അദ്ദേഹം പറഞ്ഞു. താങ്കൾ പറഞ്ഞത് സത്യമാണ്. പക്ഷെ, ഖുർആൻ ധാരാളം വ്യാഖ്യാന സാധ്യതകൾ ഉൾക്കൊള്ളുന്നതാണ്.നമ്മൾ ഒന്ന് പറയും അവർ വെറൊന്നും പറയും.അതിനാൽ താങ്കൾ അവരോട് സുന്നത്തുകൊണ്ട് സംവദിക്കുക.തീർച്ചയായും അവർക്കതിൽ രക്ഷപ്പെടാൻ കഴിയുകയില്ല. അങ്ങനെ അദ്ദേഹം അവരുടെ അടുക്കൽ ചെന്ന് സുന്നത്തുകൊണ്ട് സംവദിച്ചു. അങ്ങനെ അവരുടെ കയ്യിൽ യാതൊരു തെളിവും അവശേഷിച്ചില്ല.

സഈദുബ്നു മൻസൂർ ഉദ്ധരിക്കുന്നു.ഇംറാനുബ്നു ഹുസൈൻ(ﷺ) നിവേദനം. അവർ പരസ്പരം ഹദീഥ് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു.അപ്പോൾ ഒരാൾ പറഞ്ഞു ''വരൂ ഇതൊഴിവാക്കി നമുക്ക് വല്ല ഖുർആനും പഠിക്കാം''അപ്പോൾ ഉമർ(ﷺ) പറഞ്ഞു ''നീ വല്ലാത്തൊരു വിഡ്ഢി തന്നെയാണ്! അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നമസ്കാരത്തെ കുറിച്ച് വിശദീകരിക്കപ്പെട്ടത് നീ കണ്ടിട്ടുണ്ടോ? അല്ലാഹുവിന്റെ കിതാബിൽ നോമ്പിനെ കുറിച്ച് വിശദീകരിക്കപ്പെട്ടതായി നീ കണ്ടിട്ടുണ്ടോ? ഖുർആൻ അവയൊക്കെ സംക്ഷിപ്തമായി പറയുകയും സുന്നത്ത് അതിനെ വിശദീകരിക്കുകയുമാണ് ചെയ്യുന്നത്.''

മുസയ്യബ് ബ്നു റാഫിഇൽ നിന്ന് ദാരിമി ഉദ്ധരിക്കുന്നു. ''നബി(ﷺ)യിൽ നിന്നുള്ള റിപ്പോർട്ടുകളില്ലാത്ത വല്ല വിഷയവും

അവരുടെയടുക്കൽ (സലഫുകൾ) വന്നാൽ അവർ കൂടിയാലോചിച്ച് തീരുമാനത്തിലെത്തുമായിരുന്നു.അത് തന്നെയായിരിക്കും സത്യവും.''

മൈമൂനുബ്നു മഹ്റാനിൽ നിന്ന് ദാരിമി ഉദ്ധരിക്കുന്നു. അബൂബക്കർ(ﷺ)വിന്റെ അടുക്കൽ വല്ല തർക്കവുമെത്തിയാൽ അദ്ദേഹം അല്ലാഹുവിന്റെ കിതാബിൽ നോക്കും. അതിൽ അതിന്റെ വിധി കണ്ടെത്തിയാൽ അതനുസരിച്ചദ്ദേഹം വിധിക്കും. ഖുർആനിൽ ആ വിധി കണ്ടെത്താതിരിക്കുകയും, എന്നാൽ നബി(ﷺ)യിൽ നിന്നും അതിന്റെ വിധി മനസ്സിലാക്കുകയും ചെയ്താൽ ആ സുന്നത്തനുസരിച്ചദ്ദേഹം വിധിക്കും.അതിനും സാധിച്ചില്ലെങ്കിൽ അദ്ദേഹം വിശ്വാസികളായ സഹോദരങ്ങളോട് അതിനെ കുറിച്ച് ചോദിക്കും. ''എന്റെയടുക്കൽ ഇന്നിന്ന പ്രശ്നങ്ങൾ വന്നിരിക്കുന്നു. നബി(ﷺ) അതിൽ വല്ല വിധിയും പറഞ്ഞത് നിങ്ങൾക്കറിയുമോ?''ചിലപ്പോൾ അവരിൽ ചിലർ ആ വിഷയത്തിൽ നബി(ﷺ)യിൽ നിന്നുള്ള വിധി അദ്ദേഹത്തോട് പറയും. അപ്പോൾ അദ്ദേഹം പറയും: ''ഞങ്ങളുടെ കൂട്ടത്തിൽ ദീൻ സംരക്ഷിക്കുന്നവരെ ഉണ്ടാക്കിയ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.''

അബൂനദ്റയിൽ നിന്നുദ്ധരിക്കുന്നു. അബൂസലമ(ﷺ) ബസ്വറയിൽ വന്നപ്പോൾ ഞാനും ഹസനും അദ്ദേഹത്തിന്റെയടുക്കൽ ചെന്നു. അപ്പോൾ അദ്ദേഹം ഹസനി(ﷺ)നോട് പറഞ്ഞു. 'താങ്കൾ താങ്കളുടെ അഭിപ്രായമനുസരിച്ച് ഫത്വ നൽകുന്നതായി കേട്ടല്ലൊ,നബി(ﷺ)യുടെ സുന്നത്തോ,അല്ലാഹുവിന്റെ കിതാബോ അനുസരിച്ചല്ലാതെ സ്വാഭിപ്രായപ്രകാരം മത വിധി പറയാൻ പാടില്ല.''



ജാബിറുബ്നു സൈദ്(ﷺ)ൽ നിന്നുദ്ധരിക്കുന്നു. ഒരിക്കൽ ഇബ്നു ഉമർ(ﷺ) അദ്ദേഹത്തെ ത്വവാഫിനിടയിൽ വെച്ച് കണ്ടുമുട്ടി. അപ്പോൾ അദ്ദേഹത്തോടു ചോദിച്ചു. ''അല്ലയോ, അബൂശഅ്സാഅ്! താങ്കൾ ബസ്വറയിലെ പണ്ഡിതന്മാരിലൊരാളാണ്.ഖുർആനോ സുന്നത്തോ അനുസരിച്ചല്ലാതെ താങ്കൾ മതവിധി പറയരുത്.അപ്രകാരമല്ല താങ്കൾ ചെയ്യുന്നതെങ്കിൽ സ്വയം നശിക്കുകയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യും.''

ശുറൈഹിൽ നിന്നുമുദ്ധരിക്കുന്നു. ''അഥർ (ഹദീഥ്) താങ്കൾ സ്വീകരിക്കുന്നേടത്തോളം വഴിപിഴക്കുകയേ ഇല്ല തന്നെ.''

ഹസൻ(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു. ''സുന്നത്തിന്റെ വക്താക്കൾ കഴിഞ്ഞ കാലങ്ങളിൽ തുച്ഛമായിരുന്നു. ഭാവിയിലും അവർ ന്യൂനപക്ഷമായിരിക്കും. അതായത്, ആഢംബരക്കാരുടെ കൂടെ കൂടി ആർഭാടങ്ങളിലൂടെ പോകാതെയും ബിദ്അത്തുകാരോടൊപ്പം ബിദ്അത്തുകളിൽ ചേരാതെയും സുന്നത്തിൽ തന്നെ അടിയുറച്ച്, സഹിച്ച് തങ്ങളുടെ റബ്ബിനെ കണ്ടുമുട്ടുന്നതുവരെ നിലകൊണ്ടവർ.''

ഇബ്നു മസ്ഊദ്(ﷺ)ൽ നിന്ന് റിപ്പോർട്ടു ചെയ്യുന്നു.

''ബിദ്അത്തിലുള്ള പരിശ്രമത്തേക്കാൾ എത്രയോ ഉത്തമമാണ് സുന്നത്തിൽ പരിമിതപ്പെടുത്തൽ.'' ഇത് ഹാക്കിം ഉദ്ധരിച്ചിട്ടുണ്ട്.

അത്വാഇൽ നിന്നും ഈ ആയത്തിന്റെ

فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ (سورة النساء : 59)

''നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക'' (അ

ന്നിസാഅ്: 59) വിശദീകരണത്തിൽ ദാരിമി ഉദ്ധരിക്കുന്നു.''റസൂലിനെ അനുസരിക്കൽ ഖുർആനും സുന്നത്തും പിൻപറ്റലാണ്.''

അബൂഹുറൈയ്റ(﵁)യിൽ നിന്ന് ഉദ്ധരിക്കുന്നു.ഞാൻ രാത്രിയെ മൂന്നായി ഭാഗിക്കും. അതിലൊന്ന് ഞാനുറങ്ങും, മറ്റൊന്നിൽ ഞാൻ നിന്നു നമസ്കരിക്കും. മറ്റൊന്നിൽ ഞാൻ നബി(ﷺ)യുടെ ഹദീഥുകൾ പഠിച്ചത് ഓർത്തു നോക്കും.''

ഇബ്നു അബ്ബാസ്(﵁)ൽ നിന്ന് റിപ്പോർട്ടു ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ ശിക്ഷിക്കപ്പെടുന്നതും ഭൂമിയിലാഴ്ത്തപ്പെടുത്തുന്നതും ഭയപ്പെടുന്നില്ലേ; നബി(ﷺ) ഇപ്രകാപം പറയുന്നു, ഇന്നയാൾ ഇങ്ങനെ പറയുന്നു എന്ന് നിങ്ങൾ പറയുന്നതിനാൽ? [72]

ഉമറുബ്നു അബ്ദിൽ അസീസ്(﵁)ൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹമെഴുതി. അല്ലാഹുവിന്റെ കിതാബിലോ, നബി(ﷺ)യുടെ സുന്നത്തിലോ ആരെയെങ്കിലും പിന്തുണയ്ക്കണമെന്ന് ഞാൻ കാണുന്നില്ല.പ്രത്യുത ഖുർആനിലോ സുന്നത്തിലോ വരാത്ത കാര്യങ്ങളിലാണ് ഉമ്മത്തിന്റെ അഭിപ്രായം പരിഗണിക്കേണ്ടത്.''

**സുന്നത്തിനെതിരാവുന്നതിന്റെ ഗൗരവം**

സഈദുബ്നുൽ മുസയ്യബ്(﵁)ൽ നിന്നുദ്ധരിക്കുന്നു.ഒരാൾ രണ്ടുറകഅത്തിനു ശേഷം അധികരിപ്പിച്ചു നമസ്കരിക്കുന്നതായി അദ്ദേഹം കണ്ടു. എന്നിട്ടയാൾ അദ്ദേഹത്തോട് ചോദിച്ചു. ''അല്ലയോ അബൂമുഹമ്മദ്! ഞാൻ നമസ്കരിച്ചതിന്റെ പേരിൽ

[72] അതായത്, നബി(ﷺ)യുടെ വാക്കു കൊണ്ട് നിങ്ങൾ മതിയാക്കാതെ മറ്റു പലതിലേക്കും പോകുന്നത് ശിക്ഷാർഹമായ അപരാധമത്രെ.''(വി.വ)



എന്നെ അല്ലാഹു ശിക്ഷിയ്ക്കുമോ? അദ്ദേഹം പറഞ്ഞു. സുന്നത്തിനെതിരു പ്രവർത്തിച്ചതിനാൽ താങ്കളെ അല്ലാഹു ശിക്ഷിക്കും.''

ഖിറാസുബ്നു ജുബൈർ(﵁)ൽ നിന്ന് റിപ്പോർട്ടു ചെയ്യുന്നു. അദ്ദേഹം പറഞ്ഞു പള്ളിയിൽ വെച്ച് കല്ലെറിഞ്ഞു കളിക്കുന്ന ഒരു ചെറുപ്പക്കാരനെ ഞാൻ കണ്ടു.അപ്പോൾ അയാളോട് പറഞ്ഞു മനുഷ്യാ, കല്ലെറിയല്ലേ! നബി(ﷺ)ഇത് വിരോധിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നിട്ടും അയാൾ കല്ല് എറിഞ്ഞു. അപ്പോൾ അദ്ദേഹം അയാളോടു ചോദിച്ചു. ''ഞാൻ നിന്നോട് നബി(ﷺ)യുടെ ഹദീഥ് പറഞ്ഞിട്ടും നീപിന്നെയും കല്ലെറിയുകയാണോ? അല്ലാഹുവാണെ, ഞാൻ നിന്റെ ജനാസ കാണുകയോ നീ രോഗിയായാൽ സന്ദർശിക്കുകയോ ചെയ്യുകയില്ല. ഞാൻ നിന്നോട് ഒരിക്കലും മിണ്ടുകയില്ല.''

ഖതാദയിൽ നിന്നുദ്ധരിക്കുന്നു. ഇബ്നു സീരീൻ(﵁) ഒരാളോട് നബി(ﷺ)യുടെ ഒരു ഹദീഥ് പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു. ''ഇന്നയാൾ ഇങ്ങനെയൊക്കെയും പറഞ്ഞിട്ടുണ്ട്'' അപ്പോൾ ഇബ്നു സീരീൻ(﵁)പറഞ്ഞു. ഞാൻ നിന്നോട് നബി(ﷺ)യുടെ ഹദീഥ് പറയുന്നു. നീയാകട്ടെ മറ്റ് ഓരോ വ്യക്തികളുടെ വാക്കു പറയുന്നു! അല്ലാഹുവാണെ, ഞാൻ നിന്നോട് ഒരിക്കലും സംസാരിക്കുകയില്ല.

**നബി(ﷺ) യിൽ നിന്നുള്ള ഹദീഥ് ലഭിച്ചിട്ട് അതിനെ ആദരിക്കുകയോ ബഹുമാനിക്കുകയോ ചെയ്യാത്തവർക്ക് ശിക്ഷ**

അബൂ ഹുറൈയ്റ(﵁)ൽ നിന്ന് അജ്ലാനി വഴിയ്ക്ക് ഉദ്ധരിക്കുന്നു.നബി(ﷺ) പറഞ്ഞു ''ഒരാൾ രണ്ടു വസ്ത്രങ്ങൾക്കുള്ളിൽ അഹങ്കാരത്തോടുകൂടി നടക്കുന്നതിനിടയിൽ അല്ലാഹു അ

യാളെ ഭൂമിയിലേക്കാഴ്ത്തിക്കളഞ്ഞു.ഖിയാമത്തുനാൾ വരെ അയാൾ അവിടെ അട്ടഹസിച്ചു കൊണ്ടിരിക്കുന്നതാണ്.''[73]

അപ്പോൾ ഒരു ചെറുപ്പക്കാരൻ തന്റെ വസ്ത്രത്തിലായിരിക്കെ പറഞ്ഞു. അബൂഹുറയ്റേ, ഇങ്ങനെയാണോ ആ ഭൂമിയിലാഴ്ത്തപ്പെട്ടയാൾ നടന്നത്? എന്നിട്ടയാൾ തന്റെ കയ്യടിച്ചു. അപ്പോഴയാൾ കാലിടറി വീണു. അപ്പോൾ അബൂഹുറയ്റ(ﷺ) പറഞ്ഞു: ''പരിഹാസത്തിനു മതിയായത് അല്ലാഹു കൊടുത്തു''

അബ്ദുർറഹ്മാനുബ്നു ഹർമല(ﷺ)യിൽ നിന്നുദ്ധരിക്കുന്നു. സഈദുബ്നുൽ മുസയ്യബിനെ ഹജ്ജിനോ ഉംറയ്ക്കോ യാത്രയയക്കുവാനായി ഒരാൾ അദ്ദേഹത്തിന്റെയടുക്കൽ വന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു''നമസ്കരിച്ചിട്ടല്ലാതെ നീ പോകരുത്. നിശ്ചയം നബി(ﷺ) ഇപ്രകാരം പറഞ്ഞിട്ടുണ്ട്. ബാങ്കു വിളിച്ച ശേഷം മുനാഫിഖല്ലാതെ പള്ളിയിൽ നിന്നു പുറത്തുപോവുകയില്ല.''അപ്പോൾ അയാൾ പറഞ്ഞു.''എന്റെ സുഹൃത്തുക്കൾ 'ഹർറ'യിൽ നിൽക്കുകയാണ്.അങ്ങനെ അയാൾ പുറപ്പെട്ടു.സഈദ്(ﷺ) അയാളുടെ കാര്യത്തിൽ മുഴുകി അത് ആവർത്തിച്ചു കൊണ്ടേയിരുന്നു. എത്രത്തോളമെന്നാൽ അയാൾ തന്റെ വാഹനപ്പുറത്തു നിന്നു വീണ് തുടയെല്ല് പൊട്ടിയെന്ന വാർത്ത അദ്ദേഹത്തെ അറിയിക്കുന്നതു വരെ.[74]

**ഹദീഥ് സംരക്ഷണത്തിൽ പൂർവ്വികരുടെ ത്യാഗ പരിശ്രമങ്ങൾ**

ബുഖാരി അബൂദർറ്(ﷺ)യിൽ നിന്ന് ഉദ്ധരിക്കുന്നു. നിങ്ങൾ വാൾ ഇവിടെ വെക്കുകയും എന്നിട്ടദ്ദേഹം തന്റെ പിരടിയി

[73] ബുഖാരി, കിതാബുല്ലിബാസ് (5343) മുസ്ലിം - കിതാബുല്ലിബാസ് (5434)

[74] അബ്ദുർറസാഖ് തന്റെ മുസ്വനഫിലും ഇത് ഉദ്ധരിച്ചിട്ടുണ്ട്. ശൈഖുൽബാനി ഇത് ഹസനാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. (ഥമറുൽ മുസ്തതാബ് 2/645)



ലേക്ക് ചൂണ്ടി. ശേഷം നബി(ﷺ)യിൽ നിന്ന് ഞാൻ കേട്ട ഒരു വചനം നഷ്ടപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുകയും ചെയ്താൽ. നിങ്ങളെന്നെ 'യാത്രയാക്കുന്നതി'ന് മുമ്പ് ഞാനത് സംരക്ഷിക്കുന്നതാണ്. (ബുഖാരി - കിതാബുൽ ഇൽമ്, ദാരിമി - മുഖദിമ)

ബിശ്റുബ്നു അബ്ദില്ലാ(ﷺ)യിൽ നിന്ന് ദാരിമി ഉദ്ധരിക്കുന്നു. ഒരു ഹദീഥിനു വേണ്ടി ഒരു നാട്ടിലേക്ക് യാത്ര പോകേണ്ടി വന്നാലും ഞാനത് ചെയ്യുമായിരുന്നു.

സഈദുബ്നു ജുബൈർ(ﷺ)ൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹം ഒരിക്കൽ നബി(ﷺ)യുടെ ഒരു ഹദീഥ് പറയുകയായിരുന്നു. അപ്പോൾ ഒരാൾ അദ്ദേഹത്തോടു പറഞ്ഞു. അല്ലാഹുവിന്റെ കിതാബിലുള്ളത് ഇതിന് എതിരാണല്ലോ? അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ താങ്കളോട് നബി(ﷺ)യിൽ നിന്ന് ഹദീഥു പറയുകയും താങ്കളത് ഖുർആനുമായി ഒത്തു നോക്കുകയും ചെയ്യുന്നതിനെ നല്ലതായി ഞാൻ കാണുന്നില്ല.നബി(ﷺ)താങ്കളേക്കാൾ അല്ലാഹുവിന്റെ കിതാബു നന്നായി അറിയുന്നവനായിരുന്നു.

ഇത് ഞാൻ (സുയൂത്വി) ദാരിമിയുടെ മുസ്നദിൽ നിന്നെടുത്തതാണ്:

ലാലക്കാഇയുടെ 'അസ്സുന്ന' എന്ന ഗ്രന്ഥത്തിൽ നിന്നും ഈ ആശയത്തിൽ വന്ന ഏതാനും റിപ്പോർട്ടുകൾ.

ഉബയ്യ്ബ്നു കഅബി(ﷺ)ൽ നിന്ന് തന്റെ സനദിലൂടെ അദ്ദേഹം ഉദ്ധരിക്കുന്നു. ''സുന്നത്തിന് വിരുദ്ധമായ കഠിനപ്രയത്നത്തേക്കാൾ എത്രയോ ഉത്തമമാണ് സുന്നത്തിൽ മിതത്വം പാലിക്കൽ.''

അബുദർദാഅ്(ﷺ)ൽ നിന്നും ഇതേപോലെ ഉദ്ധരിക്കുന്നുണ്ട്.

ഇബ്നു അബ്ബാസ്(ﷺ)ൽ നിന്നുദ്ധരിക്കുന്നു.അദ്ദേഹം പറഞ്ഞു.''സുന്നത്തിന്റെ വക്താക്കളിൽപ്പെട്ട ആളെ അന്വേഷിക്കുന്നതും സുന്നത്തിലേക്ക് ക്ഷണിക്കുന്നതും ബിദ്അത്ത് വിലക്കുന്നതും ഇബാദത്താണ്.''

ഇബ്നു അബ്ബാസ്(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു. ''അല്ലാഹുവാണെ സത്യം! ഇന്ന് ഭൂമുഖത്തുള്ളവരിൽ വെച്ച് എന്റെ നാശമായിരിക്കും പിശാചിന് ഏറ്റവും ഇഷ്ടമുള്ളത്.

അദ്ദേഹത്തോട് ചോദിച്ചു. ''എന്തുകൊണ്ട്?''

അദ്ദേഹം പറഞ്ഞു: കാരണം അവൻ കിഴക്കോ പടിഞ്ഞാറോ ഒരു ബിദ്അത്തുണ്ടാക്കും അതുമായി ആളുകൾ എന്റെ അടുത്തെത്തിയാൽ സുന്നത്തുകൊണ്ട് ഞാനതിനെ തരിപ്പണമാക്കും. അങ്ങനെ അത് അവനുണ്ടാക്കിയ നിലയിൽ തന്നെ അവനിലേക്ക് തന്നെ മടങ്ങും.

അബുൽ ആലിയയിൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു.'നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെചര്യയും അദ്ദേഹത്തിന്റെ അനുചരന്മാർ നിലകൊണ്ട മാർഗവും മുറുകെ പിടിക്കുക.'

ഹസൻ(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു.

''ഒരു വാക്കും പ്രവർത്തിയുടെ അഭാവത്തിൽ നന്നല്ല. നിയ്യത്തില്ലാതെ വാക്കും പ്രവർത്തിയും നന്നാവില്ല.വാക്കും പ്രവർത്തിയും നിയ്യത്തും സുന്നത്തുകൊണ്ടല്ലാതെ ശരിയാവുകയുമില്ല.

സഈദുബ്നുജുബൈർ(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു.''

പ്രവർത്തനമില്ലാത്ത വാക്ക് സ്വീകരിക്കപ്പെടുകയില്ല. വാക്കും പ്രവർത്തിയും നിയ്യത്തില്ലാതെയും സ്വീകരിക്കപ്പെടുകയില്ല.



വാക്കും പ്രവർത്തിയും നിയ്യത്തും സുന്നത്തിനോടു യോജിച്ചു വന്നാലല്ലാതെ സ്വീകരിക്കപ്പെടുകയില്ല.''

ഹസനുൽബസ്വരി(ﷺ)യിൽ നിന്നുദ്ധരിക്കുന്നു.''അല്ലയോ, സുന്നത്തിന്റെ വക്താക്കളേ, നിങ്ങൾ ആളുകളിലേക്ക് വ്യാപരിക്കുക, കാരണം നിങ്ങൾ ന്യൂനപക്ഷമാണ്.

യൂനുസുബ്നു ഉബൈദിൽ നിന്നുദ്ധരിക്കുന്നു.''സുന്നത്തിനേക്കാൾ അപരിചിതമായൊന്നുമില്ല. അതിനോട് അപരിചിതത്വം പുലർത്തിയത് അതിനെ മനസ്സിലാക്കാത്തവരാണ്.''

അയ്യൂബ്(ﷺ)ൽ നിന്നുദ്ധരിക്കുന്നു.''സുന്നത്തിന്റെ വക്താക്കളിൽപ്പെട്ട ഒരാളുടെ മരണവിവരണം എന്നെ അറിയിച്ചു. അപ്പോഴെനിക്ക് എന്റെ ചില അവയവങ്ങൾ നഷ്ടപ്പെടുന്നതുപോലെ തോന്നി.''

അദ്ദേഹത്തിൽ നിന്നു തന്നെ ഉദ്ധരിക്കുന്നു. ''ചെറുപ്രായക്കാർക്കും അറബിഭാഷ വശമില്ലാത്തവർക്കും കിട്ടുന്ന മഹാഭാഗ്യമാണ് സുന്നത്തിനെ കുറിച്ചറിയുന്ന പണ്ഡിതനെ അല്ലാഹു അവർക്ക് ലഭ്യമാക്കുക എന്നത്.''

ഇബ്നു ശൗദബിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു.

''ഒരു യുവാവിന് ലഭിക്കുന്ന മികച്ച നേട്ടമാണ് അയാൾ ഹജ്ജ് ചെയ്യുമ്പോൾ സുന്നത്തറിയുന്ന ഒരാളെ അയാളുടെ കൂടെ കിട്ടുക എന്നത്.''

ഹമ്മാദുബ്നു സൈദ്(ﷺ)ൽ നിന്നുദ്ധരിക്കുന്നു. ഹദീഥിന്റെ വക്താക്കളിൽപ്പെട്ട ഒരാളുടെ മരണവാർത്തയറിഞ്ഞാൽ അതിന്റെ അസഹ്യത അദ്ദേഹത്തിൽ കാണുമായിരുന്നു. എന്നാൽ

ഇബാദത്തുമായി കഴിയുന്ന ഒരു ഭക്തന്റെ മരണവിവരമറിഞ്ഞാൽ അത്ര തന്നെ അത് പ്രകടമാകുമായിരുന്നില്ല.

അയ്യൂബിൽ നിന്നും ഉദ്ധരിക്കുന്നു.''സുന്നത്തിന്റെ വക്താക്കളുടെ മരണം കൊതിക്കുന്നവർ സ്വന്തം വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശം ഊതിക്കെടുത്താൻ ഉദ്ദേശിക്കുന്ന ഇസ്ലാമിന്റെ ശത്രുക്കളാണ്.''

ഇബ്നു ഔഫിൽ നിന്നുമുദ്ധരിക്കുന്നു.''മൂന്ന് കാര്യങ്ങൾ എനിക്കും എന്റെ സ്നേഹിതന്മാർക്കും ഞാൻ ഇഷ്ടപ്പെടുന്നു. ഖുർആനും സുന്നത്തും പഠിക്കലും അനാവശ്യങ്ങിൽ ജനങ്ങളിൽ നിന്നും തിരിഞ്ഞു കളയലും.

ഔസാഇയിൽ നിന്നുദ്ധരിക്കുന്നു. ''സുന്നത്ത് ചരിക്കുന്നതനുസരിച്ച് നീയും ചരിക്കുക.''

അദ്ദേഹത്തിൽ നിന്നു തന്നെ വീണ്ടും ഉദ്ധരിക്കുന്നു. ''നബി(ﷺ)യുടെ സ്വഹാബത്തും നന്മയിൽ അവരെ പിൻപറ്റിയവരും അഞ്ചു കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നുവെന്ന് പറയാറുണ്ട്. സുന്നത്ത് പിൻപറ്റലും സംഘത്തോടുകൂടെ നിൽക്കലും പള്ളി പരിപാലിക്കലും ഖുർആൻ പാരായണവും അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദും.''

സുഫ്യാനുഥ്ഥൗരി(﵀)യിൽ നിന്നുദ്ധരിക്കുന്നു. ''സുന്നത്തിന്റെ വക്താക്കളുടെ കാര്യത്തിൽ നിങ്ങൾ നല്ല ഉപദേശം സ്വീകരിക്കുക. തീർച്ചയായും അവർ 'ഗുറബാഉ' (അപരിചിതർ) കളാണ്– അഥവാ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്ന, നബി(ﷺ) പരിചയപ്പെടുത്തിയ –



ഫുദൈലുബ്നു ഇയാദിൽ നിന്നും ഉദ്ധരിക്കുന്നു. ''നാടുകൾ ജീവസുറ്റതാക്കുന്ന അല്ലാഹുവിന്റെ ചില ദാസന്മാരുണ്ട്,അവരത്രെസുന്നത്തിന്റെ ആളുകൾ''

അബൂബക്കർബ്നു അയ്യാശിൽ നിന്നുമുദ്ധരിക്കുന്നു. ''മറ്റു മതങ്ങളിൽ ഇസ്ലാമിനുള്ള മഹത്വത്തേക്കാൾ കൂടുതലാണ് ഇസ്ലാമിൽ സുന്നത്തിനുള്ള മഹത്വം''

ഇബ്നു ഔഫിൽ നിന്നുമുദ്ധരിക്കുന്നു. ''ആരെങ്കിലും ഇസ്ലാമിലും സുന്നത്തിലുമായിക്കൊണ്ട് മരണപ്പെട്ടാൽ അയാൾക്ക് സർവ്വ നന്മകൾ കൊണ്ടുമുള്ള സന്തോഷ വാർത്തയുണ്ട്.''

ഹസൻ(﵁)ൽ നിന്നും ഈ ആയത്തിന്റെ

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ (سورة آل عمران : 31)

(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക.എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്.അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. (ആലുഇംറാൻ:31) വിവരണത്തിൽ ഇപ്രകാരം ഉദ്ധരിക്കുന്നു.''അവർക്ക് അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ അടയാളമാണ് നബി(ﷺ)യുടെ സുന്നത്ത് അവർ പിൻപറ്റുക എന്നത്.'

ആയത്തിന്റെ തഫ്സീറിൽ

يَوْمَ تَبْيَضُّ وُجُوهٌ وَتَسْوَدُّ وُجُوهٌ (سورة آل عمران : 106)

ചില മുഖങ്ങൾ വെളുക്കുകയും, ചില മുഖങ്ങൾ കറുക്കുകയും ചെയ്യുന്ന ഒരു ദിവസത്തിൽ. എന്നാൽ മുഖങ്ങൾ കറുത്തു പോയവരോട് പറയപ്പെടും: വിശ്വാസം സ്വീകരിച്ചതിന് ശേ

ഷം നിങ്ങൾ അവിശ്വസിക്കുകയാണോ ചെയ്തത്? എങ്കിൽ നിങ്ങൾ അവിശ്വാസം സ്വീകരിച്ചതിന്റെ ഫലമായി ശിക്ഷ അനുഭവിച്ചു കൊള്ളുക.(ആലുഇംറാൻ:106) ''ചില മുഖങ്ങൾ പ്രകാശപൂരിതമാകുന്ന ദിവസം'' എന്നതിനെക്കുറിച്ച് ഇബ്നു അബ്ബാസ് (ﷺ)ൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നു. ''അതായത്, സുന്നത്തിന്റെ ആളുകളുടെ മുഖങ്ങൾ'' ''ചില മുഖങ്ങൾ കറുത്തിരുണ്ടിരിക്കും'' അതായത്, ''ബിദ്അത്തിന്റെ ആളുകളുടെ മുഖങ്ങൾ''

അലാഉബ്നുൽ മുസയ്യബ് തന്റെ പിതാവിൽ നിന്നുദ്ധരിക്കുന്നു. അബ്ദുല്ലാ(ﷺ)പറഞ്ഞു.''നമ്മൾ പിൻപറ്റുകയാണ് പുതുതായിയുണ്ടാകുകയല്ല. സുന്നത്ത് അനുധാവനം ചെയ്യുകയല്ലാതെ ബിദ്അത്തുണ്ടാക്കുകയില്ല.നമ്മൾ ഹദീഥ് മുറുകെ പിടിക്കുന്നിടത്തോളം വഴിപിഴക്കുകയേയില്ല.''

ശാദ്ദ്ബ്നു യഹ്‌യയിൽ നിന്നുമുദ്ധരിക്കുന്നു. ''സുന്നത്ത് പിൻപറ്റുന്നതിനേക്കാൾ സ്വർഗത്തിലേക്ക് വേറെ നല്ല എളുപ്പ വഴി ഇല്ല.''

ഫുദൈല്ബ്നു ഇയാദ്(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു. ''ഇസ്ലാമിലും സുന്നത്തിലുമായി മരണപ്പെട്ടവർക്ക് മംഗളം! അങ്ങനെയാണ് സംഭവിക്കുന്നതെങ്കിൽ 'മാശാ അല്ലാഹുകാന' (അല്ലാഹു ഉദ്ദേശിക്കുന്നത് സംഭവിക്കുന്നു)എന്ന വാക്ക് അധികരിപ്പിക്കുക.

അഹ്മദുബ്നു ഹമ്പലി(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു.''നമ്മുടെയടുക്കൽ സുന്നത്ത് എന്നത് നബി(ﷺ)യുടെ കാൽപാടുകളാണ്. സുന്നത്ത് ഖുർആനിന്റെ വിവരണവും അതിന്റെ അടയാളങ്ങളും വഴി കാട്ടിയുമാണ്.''

ചില ഹദീഥു പണ്ഡിതന്മാർ പാടിയതായി ഉദ്ധരിക്കുന്നു.



''മുഹമ്മദിന്റെ മതം ഹദീഥുകളാകുന്നു.
'അഥറു'കൾ എത്ര സുന്ദരമായ വാഹനമാണ്!

ഹദീഥിൽ നിന്നും അതിന്റെ വക്താക്കളിൽ, നിന്നും നീ അകന്നുപോകരുത്,അഭിപ്രായങ്ങൾ രാവും ഹദീഥ് പകലുമാകുന്നു.

**ആളുകൾ ചിലപ്പോൾ സന്മാർഗത്തിൽ നിന്ന് തെറ്റിയേക്കാം, എന്നാൽ സൂര്യൻ അതിന്റെ പ്രകാശം പരത്തികൊണ്ടിരിക്കുകയാണ്.**

ശൈഖ് നസ്ദുൽ മഖ്ദിസീ(ﷺ)യുടെ ''അൽഹുജ്ജത്തു അലാ താരികിൽ മഹജ്ജ:'' (തെളിഞ്ഞ വഴി ഉപേക്ഷിക്കുന്നവർക്കെതിരിലുള്ള തെളിവുകൾ) എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ഏതാനും വാചകങ്ങളാണ് ചുവടെ.

അബൂദർദാഅ്(ﷺ)ൽ നിന്ന് തന്റെ സനദിലൂടെ അദ്ദേഹം (ശൈഖ് നസ്ർ) ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു. ''സുന്നത്തു നഷ്ടപ്പെടുന്നത് ഭയന്നുകൊണ്ട് രാവിലെയോ,വൈകുന്നേരമോ സുന്നത്തന്വേഷിച്ചു പുറപ്പെടുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ (യുദ്ധത്തിന്) രാവിലെയും വൈകുന്നേരവും പുറപ്പെടുന്നവനെ പോലെയാണ്. അല്ലാഹു പഠിപ്പിച്ചുകൊടുത്ത വല്ല അറിവും ആരെങ്കിലും മറച്ചുവെച്ചാൽ ഖിയാമത്തു നാളിൽ തീയിനാലുള്ള ഒരു കടിഞ്ഞാൺ അല്ലാഹു അയാളെ ധരിപ്പിക്കുന്നതാണ്.

മുആദ് ബ്നു ജബൽ(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു. നബി (ﷺ)പറഞ്ഞു.''എന്റെ ഉമ്മത്തിൽ ബിദ്അത്തുകൾ രംഗപ്രവേശം ചെയ്യുകയും എന്റെ സ്വഹാബത്തിനെ ചീത്ത വിളിക്കുകയും ചെയ്യുമ്പോൾ പണ്ഡിതൻ വിജ്ഞാനം പ്രകടമാക്കിക്കൊള്ളട്ടെ, അപ്രകാരം അയാൾ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും മല

ക്കുകളുടെയും സർവ്വ മനുഷ്യരുടെയും ശാപം അയാളുടെമേൽ ഉണ്ടായിരിക്കുന്നതാണ്.''[75]

വലീദുബ്നുൽ മുസ്‌ലിമിനോട് 'വിജ്ഞാനം പ്രകടമാക്കുക' എന്നതിന്റെ വിവക്ഷയെന്തെന്ന് ചോദിച്ചപ്പോൾ ''സുന്നത്ത് പ്രകടമാക്കുക'' എന്നാണ് അദ്ദേഹം പറഞ്ഞത്.

അബൂഹറയ്റ(ﷺ)യിൽ നിന്നുദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു ''ആരെങ്കിലും എന്റെ ഉമ്മത്തിന്,അവരുടെ ദീനികാര്യത്തിൽ ഉപകരിക്കുന്ന നാൽപത് ഹദീഥുകൾ ഹൃദിസ്ഥമാക്കിയാൽ ഖിയാമത്തു നാളിൽ പണ്ഡിതന്മാരുടെ കൂട്ടത്തിൽ അയാൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതാണ്.''[76]

ഞാൻ (സുയൂത്വി) പറയട്ടെ, ഈ ഹദീഥിന് ധാരാളം സനദുകളുണ്ട്.

അബൂഹുറയ്റ(ﷺ)ൽ നിന്ന് തന്നെ മറ്റൊരു രീതിയിലുദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും എന്നിൽ നിന്ന് നാൽപത് ഹദീഥുകൾ റിപ്പോർട്ടു ചെയ്താൽ അയാൾ ഖിയാമത്തു നാളിൽ അമ്പിയാക്കന്മാരോടൊപ്പം ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്.'

ബറാഅ് ബ്നു (ആസിബ്(ﷺ)ൽ) നിന്നുമുദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു.

[75] ദൈയ്‌ലമി 'ഫർദൗസി'ലും സുയൂത്വി 'ജാമിഉൽകബീറി'ലും ഉദ്ധരിച്ചിട്ടുണ്ട്.ശൈഖ് അൽബാനി ഇത് ദുർബലമാണെന്ന് പ്രസ്താവിക്കുന്നു.)(സിൽസില ദഈഫ:വാ:4 പേ:14 ന: 1506)

[76] ഈഹദീഥ് ദുർബലമാണ്. മീസാനുൽ ഇഅ്തിദാൽ 3/253, മഖാസ്വിദുൽ ഹസന ശൈഖ് അൽബാനി ഇത് മൗളൂ ആണെന്ന് പ്രസ്താവിക്കുന്നു. ളഈഫുൽ ജാമിഇസ്സ്വഗീർ) (ന: 5568) സിൽസില ദഈഫ (4589)



''ആരെങ്കിലും സ്വന്തം ആസിബ്ൽ ഉപകാരത്തിനോ, മറ്റുള്ളവരെ പഠിപ്പിക്കുന്നതിനോ വേണ്ടി രണ്ട് ഹദീഥുകൾ പഠിക്കുകയും എന്നിട്ടവ പ്രയോജനപ്പെടുകയും ചെയ്താൽ അറുപത് വർഷം ഇബാദത്തെടുക്കുന്നതിനേക്കാൾ ഉത്തമമാണത്.''[77]

കഥീറുബ്നു അബ്ദില്ല തന്റെ പിതാവിൽ നിന്നും അദ്ദേഹം പിതൃവ്യനിൽ നിന്നുമായി ഉദ്ധരിക്കുന്നു.നബി(ﷺ) പറഞ്ഞു. ''നിശ്ചയം, ഇസ്‌ലാം അപരിചിതാവസ്ഥയിലാണ് ആരംഭിച്ചത്. അത് അപരിചിതാവസ്ഥയിലേക്ക് തന്നെ മടങ്ങുന്നതാണ്.അപ്പോൾ ആ അപരിചിതർക്ക് (غرباء) മംഗളം.'' നബി(ﷺ)യോട് ചോദിച്ചു.''അല്ലാഹുവിന്റെ റസൂലേ,ആരാണ് ആ അപരിചിതർ?'' അവിടുന്ന് പറഞ്ഞു: ''എന്റെ ശേഷം എന്റെ സുന്നത്തിനെ ജീവിപ്പിക്കുകയും അത് അല്ലാഹുവിന്റെ ദാസന്മാർക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നവർ''[78]

ഇതേ വഴിയിലൂടെ നബി(ﷺ)യിൽ നിന്നുമുദ്ധരിക്കുന്നു. ''എനിക്ക് ശേഷം മരിപ്പിക്കപ്പെട്ട എന്റെ വല്ല സുന്നത്തും ആരെങ്കിലും ജീവിപ്പിച്ചാൽ, അതനുസരിച്ച് പ്രവർത്തിക്കുന്നവരുടേതിന് തുല്യമായ പ്രതിഫലം അയാൾക്കുമുണ്ടായിരിക്കുന്നതാണ്. അവരുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറയാതെ തന്നെ.''[79]

[77] ദൈലമി 'മുസ്നദുൽ ഫിർദൗസി'ലും സുയൂത്വി 'ജാമിഉൽകബീറി'ലും ഉദ്ധരിച്ചിട്ടുണ്ട്.

[78] മുസ്‌ലിം തന്റെ സ്വഹീഹിലും 1/90, തിർമിദി സുനനിലും 3/363, ഇബ്നുമാജ: (2/1319)ലും ദാരിമി 'സുനനി'ൽ (2/311)ലും അഹ്മദ് 1/398ലും ഉദ്ധരിച്ചത്. മജ്മഉസ്സവാഇദ് 7/8 മഖാസ്വിദുൽ ഹസന 143, ജാമിഉൽകബീർ 1/458 എന്നിവ നോക്കുക.)

[79] ശൈഖ് അൽബാനി ഈ റിപ്പോർട്ട് ദുർബലമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ദഈഫുൽ ജാമിഅ് ഹ:ന:965,5359)

അലി(رضي الله عنه)യിൽ നിന്നുമുദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു 'ആരെങ്കിലും എന്റെ ഉമ്മത്തിന് വേണ്ടി, അവരുടെ ദീനികാര്യത്തിലെ നാൽപത് ഹദീഥുകൾ സംരക്ഷിച്ചാൽ ഖിയാമത്തുനാളിൽ അല്ലാഹു അയാളെ പണ്ഡിതനായിട്ട് ഉയിർത്തെഴുന്നേൽപ്പിക്കുന്നതാണ്. ഞാനയാൾക്ക് സാക്ഷിയും ശുപാർശകനുമായിരിക്കും.''(ഈ ഹദീഥും ദുർബലമാണ്.)

നബി(ﷺ) പറഞ്ഞതായി അബുദുർദാഅ്(رضي الله عنه)ൽ നിന്ന് ഉദ്ധരിക്കുന്നു.നബി(ﷺ)പറഞ്ഞു''ആരെങ്കിലും എന്റെ ഉമ്മത്തിന് വേണ്ടി നാൽപത് ഹദീഥുകൾ സംരക്ഷിച്ചാൽ ഞാനയാൾക്ക് ഖിയാമത്തു നാളിൽ ശുപാർശകനാകുന്നതാണ്.''

അലി(رضي الله عنه)ൽ നിന്നുദ്ധരിക്കുന്നു. നബി(ﷺ)പറഞ്ഞു''അമ്പിയാക്കന്മാരുടെയും എന്റെ സ്വഹാബത്തിന്റെയും പിൻഗാമികളായ എന്റെ ഉമ്മത്തിലെ ആളുകളെ കുറിച്ച് ഞാൻ നിങ്ങളെ അറിയിക്കട്ടെയോ? അല്ലാഹുവിന്റെ മാർഗത്തിൽ എന്നിൽനിന്നും ഖുർആനും ഹദീഥും വഹിക്കുന്നവരാണ് അവർ.''[80]

അലി(رضي الله عنه)യിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. ''ഒരു സംഗതിയുമില്ല;അതിന്റെ അറിവ് ഖുർആനിലുണ്ടായിട്ടല്ലാതെ. എന്നാൽ ആളുകളുടെ ബുദ്ധി അത് കണ്ടെത്തുന്നതിൽ പരാജയപ്പെടുന്നുവെന്ന് മാത്രം.''

ജുനൈദ്(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു.''നബി(ﷺ)യുടെ കാൽപാടുകൾ പിൻപറ്റുന്നവരോ പ്രവാചക വചനങ്ങൾ അനുധാ

[80] സുയൂത്വി 'ജാമിഉൽ കബീറി'ൽ ഉദ്ധരിക്കുകയും അബൂനസ്റുസ്സിജ്സി 'ഇബാന'യിലുദ്ധരിച്ചതായി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്.ശൈഖ് അൽബാനി ഇത് മൗളൂആണെന്ന് പ്രസ്താവിക്കുന്നു. (ദഈഫുൽ ജാമിഇസ്സഗീർ ന:2163)



വനം ചെയ്യുന്നവരോ അല്ലാത്ത സൃഷ്ടികൾക്കു മുമ്പിൽ സന്മാർഗ പാത അടയ്ക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ (سورة الأحزاب: 21)

''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്.'' (അൽ അഹ്സാബ്:21)

അബ്ദുർറഹ്മാനു ബ്നു മഹ്ദിയിൽ നിന്നുമുദ്ധരിക്കുന്നു. ''ഒരാൾക്ക് തന്റെ ഭക്ഷണ പാനീയങ്ങളേക്കാൾ അത്യാവശ്യമാണ് ഹദീഥ് വിജ്ഞാനീയം. കാരണം ഹദീഥാണ് ഖുർആനിനെ വിശദീകരിക്കുന്നത്.''

ഒരു സ്വഹാബിയിൽ നിന്നുമുദ്ധരിക്കുന്നു.

നബി(ﷺ) പറഞ്ഞു ''തീർച്ചയായും എന്റെ ഉമ്മത്തിന്റെ അവസാനത്തിൽ ചിലയാളുകളുണ്ട്. അവരിലെ ആദ്യ കാലക്കാർക്ക് നൽകപ്പെട്ടപോലെ അവർക്കും പ്രതിഫലം നൽകപ്പെടുന്നതാണ്. അവർ തിന്മ വിരോധിക്കുന്നവരും കുഴപ്പമുണ്ടാക്കുന്നവരെ നേരിടുന്നവരുമാണ്.

ആരാണ് അവരെന്ന് ഇബ്റാഹീമുബ്നു മൂസാ(رضي الله عنه)യോട് ചോദിച്ചു.

അദ്ദേഹം പറഞ്ഞു. ''ഹദീഥിന്റെ ആളുകൾ. നബി(ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു അതിനാൽ നിങ്ങളിപ്രകാരം ചെയ്യുക. നബി(ﷺ) ഇപ്രകാരം പറഞ്ഞിരിക്കുന്നു അതിനാൽ നിങ്ങളിങ്ങനെ ചെയ്യരുത് എന്നാണ് അവർ പറയുന്നത്.

അഹ്മദ്ബ്നു ഹമ്പലി(رضي الله عنه)ൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു. അദ്ദേഹത്തോടു ചോദിക്കപ്പെട്ടു. ''ഭൂമിയിൽ അല്ലാഹുവിന് അബ്ദാലുകളുണ്ടോ?'' അദ്ദേഹം പറഞ്ഞു. ''അതെ'' ചോദിച്ചു:

‘‘ആരാണവർ?’’ അദ്ദേഹം പറഞ്ഞു: ‘‘ഹദീഥിന്റെ ആളുകൾ അബ്ദാലുകളല്ലെങ്കിൽ വേറെ അബ്ദാലുകളെ കുറിച്ചെനിക്കറിയില്ല.’’

ഇബ്നുൽ മുബാറക്ക് ഇങ്ങനെ ഒരു ഹദീഥ് പറഞ്ഞു.‘‘ഖിയാമത്ത് നാൾ വരെ എന്റെ ഉമ്മത്തിൽ നിന്നൊരു സംഘം സത്യത്തിലായിക്കൊണ്ടേയിരിക്കും.അവരെ എതിർക്കുന്നവർ അവർക്കൊരു ഉപദ്രവവും ഏൽപിക്കുകയില്ല.’’ എന്നിട്ടദ്ദേഹം പറഞ്ഞു: ‘അവർ ഹദീഥിന്റെ ആളുകളാണ്.’’

ഇബ്നുൽ മദീനിയിൽ നിന്നുമുദ്ധരിക്കുന്നു.മുകളിൽ പറഞ്ഞ ഹദീഥിനെ കുറിച്ച് അദ്ദേഹം പറയുന്നു. ‘‘അവർ ഹദീഥിന്റെ ആളുകളും നബി(ﷺ)യുടെ മദ്ഹബ് സ്വീകരിക്കുന്നവരും വിജ്ഞാനത്തെ സംരക്ഷിക്കുന്നവരുമാണ്. അവരില്ലായിരുന്നെങ്കിൽ ജഹ്മിയാക്കളും സ്വാഭിപ്രായക്കാരും മുർജിആക്കളും റാഫിദികളും മുഅ്തസിലിയാക്കളുമെല്ലാം ജനങ്ങളെ നശിപ്പിച്ചു കളയുമായിരുന്നു.’’

ഇബ്നു മസ്ഊദ്(رضي الله عنه)ൽ നിന്നും അബൂദർറ്(رضي الله عنه)ൽ നിന്നും ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു ‘‘നിങ്ങൾക്കു പിന്നിൽ സഹനത്തിന്റെ നാളുകളാണുള്ളത്. അപ്പോൾ നിങ്ങൾ നിലകൊണ്ട മാർഗത്തെ അവലംബിക്കുന്നവർക്ക് അമ്പതു പേരുടെ പ്രതിഫലമുണ്ട്.’’ അവർ (സ്വഹാബത്ത്) ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, ഞങ്ങളിൽ നിന്നോ? അതല്ല, അവരിൽ നിന്നോ?’’ അവിടുന്ന് പറഞ്ഞു ‘‘നിങ്ങളിൽ നിന്നു തന്നെ.’’[81]

[81] ശൈഖ് അൽബാനി ഈ റിപ്പോർട്ട് സ്വഹീഹാണെന്ന് പ്രസ്താവിക്കുന്നു. (സ്വഹീഹുത്തർഗീബ് 3172, സിൽസില സ്വഹീഹ : 494



ഇബ്നു ഉമർ(رضي الله عنه)ന്റെ ഹദീഥായും ഇതുപോലെ റിപ്പോർട്ടു ചെയ്യുന്നുണ്ട്.

അബൂൽ ജലദിൽ നിന്ന് ഉദ്ധരിക്കുന്നു. ‘‘ഓരോ നാൽപതു വർഷത്തിന്റെയും തുടക്കത്തിൽ ‘ഖമ്ഖമ്’ എന്ന് വിളിക്കപ്പെടുന്ന ഓരോ പിശാചിനെ മനുഷ്യരിലേക്ക് അയക്കപ്പെടുന്നതാണ്. അങ്ങനെ അത് അവർക്ക് ബിദ്അത്തുകളുണ്ടാക്കി കൊടുക്കും.’’

ഇമാം ബുഖാരിയിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ‘ഞങ്ങൾ മൂന്നോ നാലോ പേർ ഇബ്നു അബ്ദില്ലയുടെ വാതിൽക്കൽ നിൽക്കുകയായിരുന്നു. അപ്പോഴദ്ദേഹം പറഞ്ഞു. നിശ്ചയം‘‘എന്റെ ഉമ്മത്തിൽ നിന്നൊരു വിഭാഗം സത്യത്തിൽ തന്നെ ആയിക്കൊണ്ടേയിരിക്കും.അവരെ കയ്യൊഴിയുന്നവർ അവർക്ക് യാതൊരുപദ്രവും ഏൽപിക്കുകയില്ല.’’ എന്ന ഈ ഹദീഥിന്റെ വിവക്ഷ നിങ്ങൾ തന്നെയായിരിക്കുമെന്ന് ഞാൻ കരുതുന്നു. കാരണം, കച്ചവടക്കാർ കച്ചവടവുമായും തൊഴിലാളികൾ തൊഴിലുമായും രാജാക്കന്മാരും ഭരണാധികളും അവരുടെ അധികാരവുമായും വ്യാപൃതരായിരിക്കുകയാണ്.നിങ്ങളാകട്ടെ, നബി(ﷺ)യുടെ സുന്നത്ത് ജീവിപ്പിക്കുകയും ചെയ്യുന്നു.

ഇബ്നു വഹബിൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു. എന്നോട് മാലിക്ബ്നു അനസ്(رضي الله عنه)പറഞ്ഞു;‘‘നിങ്ങൾ സുന്നത്തിനോട് എതിരിടരുത്. മറിച്ച്, നിങ്ങളിതിന് കീഴ്പ്പെടുക.’’

കഹ്മസുൽ ഹമദാനിയിൽ നിന്നുമുദ്ധരിക്കുന്നു. ‘‘സുന്നത്തിന്റെ വക്താക്കൾ ദീനിന്റെ സംരക്ഷകരാണെന്ന് മനസ്സിലാക്കിയിട്ടില്ലാത്തവർ അല്ലാഹുവിന്റെ മതമനുസരിക്കാത്ത സാധു

ക്കളിലെ ദുർബലരാണ്. അല്ലാഹു തആലാ തന്റെ പ്രവാചക(ﷺ) നോട് പറയുന്നു.

اللَّهُ نَزَّلَ أَحْسَنَ الْحَدِيثِ (سورة الزمر: 23)

''അല്ലാഹു ഏറ്റവും നല്ല വൃത്താന്തമവതരിപ്പിച്ചിരിക്കുന്നു.''(അസ്സുമർ:23) നബി(ﷺ) പറയുന്നത് ''അല്ലാഹുവിൽ നിന്ന് ജിബ്രീൽ(ﷺ) എന്നോട് പറഞ്ഞു.'' എന്നുമാണ്.

സുഫ്യാനുഥ്ഥൗരി പറഞ്ഞതായുദ്ധരിക്കുന്നു.

''മലക്കുകളാണ് വാനലോകത്തെ കാവൽക്കാർ; ഹദീഥിന്റെ ആളുകൾ ഭൂമിയിലെ കാവൽക്കാരും''

വക്കീഅ്(ﷺ)ൽ നിന്നുമുദ്ധരിക്കുന്നു. ''ഒരാൾ ഹദീഥിൽ എത്ര ശ്രദ്ധിക്കുന്നുവോ അത്രകണ്ട് ദേഹേഛയിൽ നിന്ന് അത് അയാളെ തടയുന്നതാണ്.

അഹമ്മദ് ബ്നു സിനാനിൽ നിന്നും ഉദ്ധരിക്കുന്നു. വലീദുൽ കറാബീസി എന്റെ അമ്മാവനായിരുന്നു. അദ്ദേഹത്തിന് മരണമാസന്നമായപ്പോൾ തന്റെ മക്കളോട് ചോദിച്ചു.''എന്നെക്കാൾ അറിവുള്ള ആരെയെങ്കിലും നിങ്ങൾക്കറിയുമോ?''അവർ പറഞ്ഞു. ''ഇല്ല.'' അദ്ദേഹം ചോദിച്ചു. ''നിങ്ങളെന്നെ സംശയിക്കുമോ?' അവർ പറഞ്ഞു ''ഇല്ല.'' അദ്ദേഹം ചോദിച്ചു. ''ഞാൻ നിങ്ങളോട് വസ്വിയത്തു ചെയ്യുന്നു.നിങ്ങൾ സ്വീകരിക്കുകയില്ലേ?'' അവർ പറഞ്ഞു. ''അതെ.'' അദ്ദേഹം പറഞ്ഞു: ''ഹദീഥിന്റെ ആളുകൾ എന്തൊരു നിലപാടിലാണോ അതാണ് നിങ്ങൾ സ്വീകരിക്കേണ്ടത്. തീർച്ചയായും സത്യം അവരുടെ കൂടെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.''



ഇമാം അഹമദ് തന്റെ 'സുഹ്ദി'ൽ ഉദ്ധരിക്കുന്നു. ഖതാദ (ﷺ)പറഞ്ഞു. 'അല്ലാഹുവാണെ സത്യം! സുന്നത്തിനെ ആർ വെറുത്തുവോ അവൻ നശിച്ചു. അതിനാൽ നിങ്ങൾ സുന്നത്ത് സ്വീകരിക്കുക.ബിദ്അത്തിനെ സൂക്ഷിക്കുക. നിങ്ങൾ അറിവു നേടുക. ഊഹാപോഹങ്ങളെ കയ്യൊഴിക്കുകയും ചെയ്യുക.''

ഹാക്കിം 'മുസ്തദ്റക്കി'ൽ ഉദ്ധരിക്കുന്നു.അബ്ദുർറഹ്മാനുബ്നു അബ്സി പറയുന്നു: ''ഉഥ്മാൻ(ﷺ)ന്റെ പ്രശ്നത്തിൽ ആളുകൾ മുഴുകിയപ്പോൾ ഞാൻ ഉബയ്യ്ബ്നു കഅ്ബ്(ﷺ)നോട് ചോദിച്ചു. ''എന്താണ് ഇതിനൊരു പരിഹാരം?'' അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിന്റെ കിതാബും നബി(ﷺ)യുടെ സുന്നത്തും. നിങ്ങൾക്ക് വ്യക്തമായതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുക. നിങ്ങൾക്ക് സംശയമുണ്ടാക്കുന്നത് അതിനെ കുറിച്ചറിയുന്നവരിലേക്ക് ഏൽപിച്ചു കൊടുക്കുക.''

ഹാക്കിം, അലിയ്യുബ്നു അബീത്വാലിബ്(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു. കുറച്ചാളുകൾ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് ഇബ്നു മസ്ഊദ്(ﷺ)നെ പുകഴ്ത്തിപ്പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു ''അദ്ദേഹത്തിന്റെ കാര്യത്തിൽ നിങ്ങൾ പറഞ്ഞതു തന്നെയാണ് എനിക്കും പറയാനുള്ളത്.എന്നാൽ ഞാൻ കൂടുതലായിക്കാണുന്നത്; അദ്ദേഹം ഖുർആൻ പഠിച്ചു. അതിലെ ഹലാലുകളും ഹറാമുകളും മനസ്സിലാക്കി പ്രവർത്തിച്ചു. മതത്തിലെ പണ്ഡിതനും സുന്നത്ത് മനസ്സിലാക്കിയ ആളുമാണ് അദ്ദേഹം.''

അബൂഹുറൈറ(ﷺ)യിൽ നിന്നുദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു ''ഗിഫാറു ഗോത്രക്കാർക്ക് അല്ലാഹു പൊറുത്തു കൊടുക്കട്ടെ! അസ്ലമു ഗോത്രക്കാർക്ക് അല്ലാഹു ശാന്തി നൽകട്ടെ! ഞാൻ അത് പറഞ്ഞിട്ടില്ല. പ്രത്യുത അല്ലാഹുവാണ് പറഞ്ഞത്.

**‘രിസാലത്തുൽ ഖുശൈരി’യിൽ നിന്നുമെടുത്ത ഏതാനും വാചകങ്ങൾ**

ദുന്നൂനിൽ മിസ്‌രി പറയുന്നു.

‘‘അല്ലാഹുവിനെ സ്നേഹിക്കുന്ന വ്യക്തിയുടെ അടയാളത്തിൽപ്പെട്ടതാണ് അല്ലാഹുവിന്റെ ഹബീബായ നബി(ﷺ)യെ,അവിടുത്തെ സ്വഭാവങ്ങളിലും പ്രവർത്തികളിലും കൽപനകളിലും ചര്യകളിലുമൊക്കെ അനുധാവനം ചെയ്യുക എന്നത്.’’

അബൂസുലൈമാനുദ്ദാറാനി പറയുന്നു.‘‘ജനങ്ങളുടെ സംസാരങ്ങളിൽ നിന്ന് ചിലത് ചിലപ്പോൾ ദിവസങ്ങളോളം എനിക്ക് ആകർഷകമായി തോന്നും. പക്ഷെ, ഖുർആനും സുന്നത്തുമാകുന്ന നീതിമാന്മാരായ സാക്ഷികളുടെ സാക്ഷ്യമില്ലാത്തത് ഞാൻ സ്വീകരിക്കുകയില്ല.’’

അഹ്മദുബ്നുൽ ഹവാരി പറയുന്നു.

‘‘സുന്നത്ത് പിൻപറ്റികൊണ്ടല്ലാതെ ആരെങ്കിലും വല്ലതും പ്രവർത്തിച്ചാൽ അയാളുടെ പ്രവർത്തനം നിഷ്ഫലമാണ്.’’

അബൂ ഹഫ്സ് ഉമർബ്നു സാലിമുൽ ഹദ്ദാദ് പറയുന്നു. ‘‘വാക്കുകളെയും പ്രവർത്തികളെയും സ്ഥിതിഗതികളെയും സദാസമയവും ഖുർആനും സുന്നത്തും കൊണ്ട് തൂക്കിക്കണക്കാക്കാത്തവനും സ്വന്തം തോന്നലുകളെ സംശയിക്കാതിരിക്കുകയും ചെയ്യുന്നവനെ ആണുങ്ങളുടെ പട്ടികയിൽ നിങ്ങൾ കണക്കാക്കേണ്ട.’’

ജുനൈദ് പറയുന്നു. ‘‘നബി(ﷺ)യുടെ കാൽപാടുകൾ പിൻപറ്റിയവരല്ലാത്ത സർവ്വരുടെയും മുമ്പിൽ സന്മാർഗത്തിന്റെ വഴികൾ അടഞ്ഞു കിടക്കുകയാണ്.’’ അദ്ദേഹം പറയുന്നു. ‘‘ഖുർആൻ മനഃപ്പാഠമാക്കുകയും സുന്നത്ത് രേഖപ്പെടുത്തുകയും ചെയ്തിട്ടില്ലാത്ത ആരെയും ഇക്കാര്യത്തിൽ പിൻപറ്റാവതല്ല. കാരണം നമ്മുടെ ദീനി വിജ്ഞാനം ഖുർആൻ, സുന്നത്ത് എന്നിവ കൊണ്ട് ബന്ധിതമാണ്.’’



അദ്ദേഹം വീണ്ടും പറയുന്നു. ‘‘നമ്മുടെ ഈ അഭിപ്രായം നബി(ﷺ)യുടെ ഹദീഥുകളുടെ പിൻബലത്താൽ പടുത്തുയർത്തപ്പെട്ടതാണ്.’’

അബൂ ഉഥ്മാനുൽ ഹീരി പറയുന്നു. ‘‘അല്ലാഹുവിനോടുള്ള സഹവാസം നല്ല മര്യാദകളും ഗാംഭീര്യവും സൂക്ഷ്മതയും പാലിച്ചു കൊണ്ടാണ്. നബി(ﷺ)യോടുള്ള സഹവാസമാകട്ടെ, അവിടുത്തെ സുന്നത്തുകൾ പിൻപറ്റിക്കൊണ്ടും അറിവിന്റെ താൽപര്യമനുസരിച്ചുമാണ്.’’

അദ്ദേഹം പറയുന്നു.‘‘ആരെങ്കിലും വാക്കിലും പ്രവർത്തിയിലും സ്വന്തത്തോട് സുന്നത്തു കൊണ്ട് കൽപിക്കന്നുവെങ്കിൽ തത്വജ്ഞാനമാണയാൾ പറഞ്ഞത്. സ്വന്തമായ മാർഗം കൊണ്ടാണ് കൽപിച്ചതെങ്കിൽ ബിദ്അത്താണയാൾ പറഞ്ഞത്.’’

അല്ലാഹു പറയുന്നു.

وَإِن تُطِيعُوهُ تَهْتَدُوا (سورة النور: 54)

‘‘നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്ന പക്ഷം സന്മാർഗത്തിലാവുന്നതാണ്.’’ (അന്നൂർ:54) അബൂഉഥ്മാന് മരണമാസന്നമായപ്പോൾ മകൻ അബൂബക്കർ തന്റെ വസ്ത്രം വലിച്ചുകീറി. അപ്പോൾ അബൂ ഉഥ്മാൻ കണ്ണുതുറന്നിട്ട് പറഞ്ഞു. ‘‘സുന്നത്തിനെതിരായ പ്രവർത്തനം പ്രകടന പരതയുടെ (രിയാഇന്റെ) ലക്ഷണമാണ്.’’

അബുൽ ഫവാരിസ് ശാഹുബ്നു ശുജാഅ് അൽകർമാനി പറയുന്നു. ‘‘ആരെങ്കിലും ഹറാമുകളിൽ നിന്ന് തന്റെ ദൃഷ്ടി

തിരിക്കുകയും ഇഛകളിൽ നിന്ന് മനസ്സിനെ നിയന്ത്രിക്കുകയും അല്ലാഹുവിന്റെ നിരീക്ഷണത്തെ കുറിച്ചുള്ള ബോധത്താൽ മനസ്സിനെ അലങ്കരിക്കുകയും സുന്നത്ത് പിൻപറ്റി ജീവിക്കുകയും ഹലാലായ ഭക്ഷണം കൊണ്ട് സ്വന്തത്തെ ശീലിപ്പിക്കുകയും ചെയ്താൽ അയാൾക്ക് വഴിപിഴക്കുകയില്ല.''

അബുൽ അബ്ബാസ് അഹ്മദ് ബ്നു സഹ്ൽ ബ്നു അത്വാഉൽ ആദമി പറയുന്നു:

ആരെങ്കിലും സ്വന്തത്തെ സുന്നത്തിന്റെ മര്യാദകൾ കൊണ്ട് നിയന്ത്രിച്ചാൽ വിജ്ഞാനത്തിന്റെ പ്രകാശംകൊണ്ട് അയാളുടെ ഹൃദയത്തെ അല്ലാഹു പ്രശോഭിതമാക്കും. നബി(ﷺ)യുടെ കൽപനകളും പ്രവർത്തികളും സ്വഭാവങ്ങളും പിൻപറ്റുന്നതിനേക്കാൾ ഉൽകൃഷ്ടമായ മറ്റൊരു സ്ഥാനമില്ല.''

അബൂ ഹംസതുൽ ബഗ്ദാദി പറയുന്നു. ''സത്യമാർഗം മനസ്സിലാക്കിയവന് അതിൽ പ്രവേശിക്കൽ പ്രയാസകരമല്ല.നബി(ﷺ)യുടെ വാക്കുകളും പ്രവർത്തികളും സ്ഥിതികളും അനുധാവനം ചെയ്യുകയെന്നതല്ലാത്ത (സുന്നത്ത് പിൻപറ്റുന്നതല്ലാത്ത) ഒന്നും അല്ലാഹുവിലേക്കുള്ള വഴി കാണിക്കുന്നതല്ല.''

അബൂഇസ്ഹാഖ് ഇബ്റാഹീമുബ്നു ദാവൂദ് ദ്ദഖീ പറയുന്നു. ''അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ലക്ഷണമാണ് അവനെ അനുസരിക്കുന്നതിന് മുൻഗണന നൽകലും നബി(ﷺ)യെ അനുധാവനം ചെയ്യലും.''

**സ്വഹാബത്തിന്റെ മഹത്വം**

അബൂബക്കറുത്വമസ്താനി പറയുന്നു.''വഴി വ്യക്തമാണ്. ഖുർആനും സുന്നത്തും നമ്മുടെ മുമ്പിലുണ്ട്. സ്വഹാബത്തിന്റെ



മഹത്വം, അവരുടെ ഹിജ്റ, നബി(ﷺ)യോടുള്ള സഹവാസം എന്നിവയിലൂടെയെല്ലാം അറിയപ്പെട്ടതാണ്. അതിനാൽ ആരെങ്കിലും ഖുർആനും സുന്നത്തിനുമൊപ്പം സഹവസിക്കുകയും സ്വന്തം ഇഛകളിൽ നിന്നു അകന്ന് ജീവിക്കുകയും സ്വന്തം ഹൃദയം കൊണ്ട് അല്ലാഹുവിലേക്ക് ഹിജ്റ പോവുകയും ചെയ്താൽ അവനാണ് സന്മാർഗം പ്രാപിച്ചവനും സത്യസന്ധനും.''

അബുൽ ഖാസിമുനസ്റാബാദി പറയുന്നു. ''തസ്വവ്വുഫിന്റെ അടിസ്ഥാനം, ഇഛകളും ബിദ്അത്തുകളം വെടിഞ്ഞ്, ഖുർആനും സുന്നത്തുമനുസരിച്ച് ജീവിക്കുക എന്നതാണ്. പണ്ഡിതന്മാരുടെ പവിത്രത കാത്തുസൂക്ഷിക്കുക. സൃഷ്ടികളുടെ ഒഴിവുകഴിവുകൾ കാണുക. 'ദിക്റി'കളും പ്രാർഥനകളും പതിവാക്കുക എന്നതുമാണ്.ദുർവ്യാഖ്യാനങ്ങളും അനാവശ്യമായ ഇളവുകൾ സ്വീകരിക്കലും ഒഴിവാക്കുകയും ചെയ്യുക.'' ഖവ്വാസ്സ് പറയുന്നു. ''സഹനം (സ്വബ്ർ) എന്നത്, ഖുർആനിന്റെയും സുന്നത്തിന്റെയും വിധി വിലക്കുകളിൽ ഉറച്ചുനിൽക്കലാണ്.''

സഹ്ലുബ്നു അബ്ദില്ല പറയുന്നു. ''മതവിധി സുന്നത്തിനെ പിൻപറ്റിക്കൊണ്ടാവണം.''

അബൂഅലിയ്യുദ്ദഖാഖ് പറയുന്നു. ''അബൂയസീദുൽ ബുസ്ത്വാമി ചില നേതാക്കളെ (അധികാരികളെ) കാണാൻ പോയി. അവർ പള്ളിയ്ക്കകത്ത് ഇരിക്കുന്നത് കണ്ടപ്പോൾ പുറത്ത് വരുന്നതും പ്രതീക്ഷിച്ച് അദ്ദേഹം ഇരുന്നു. പള്ളിയിൽ മൂക്കു ചീറ്റിക്കൊണ്ട് അയാൾ പുറത്തുവരുന്നത് കണ്ടപ്പോൾ അബൂയസീദ് സലാം പോലും പറയാതെ പിരിഞ്ഞുപോയി.

എന്നിട്ടദ്ദേഹം പറഞ്ഞു. ''ഇയാൾ നബി(ﷺ) പഠിപ്പിച്ച ഒരു മര്യാദയുടെ കാര്യത്തിൽ പോലും വിശ്വസ്തനല്ലെങ്കിൽ പിന്നെ

എങ്ങനെയാണ് സൃഷ്ടികളുടെ (അവകാശത്തിന്റെ) കാര്യത്തിൽ വിശ്വസ്തനാവുക?''

അബൂഹഫ്സ് പറയുന്നു. ''ഒരു അടിമയ്ക്ക് തന്റെ നാഥനിലേക്ക് എത്തിപ്പെടാനുള്ള ഏറ്റവും നല്ല മാർഗം, സദാ സമയവും താൻ അല്ലാഹുവിന്റെ സഹായങ്ങൾക്ക് ആവശ്യമുള്ളവനാണെന്ന് തിരിച്ചറിയുകയും സർവ്വ പ്രവർത്തികളിലും സുന്നത്ത് കണിശമായി പിന്തുടരലും ഹലാലായ മാർഗത്തിലൂടെ മാത്രം ഉപജീവനം തേടലുമാണ്.''

അബൂനുഐം 'അൽഹിൽയ'യിൽ സഹ്ല്ബ്നു അബ്ദില്ല(رضي الله عنه) പറഞ്ഞതായി ഉദ്ധരിക്കുന്നു. ''നമ്മുടെ അടിസ്ഥാന സിദ്ധാന്തങ്ങൾ ആറ് കാര്യങ്ങളാണ്. (1) ഖുർആൻ മുറുകെ പിടിക്കൽ (2) നബി(ﷺ)യുടെ സുന്നത്ത് പിൻപറ്റൽ (3) ഹലാൽ മാത്രം ഭക്ഷിക്കൽ (4) ഉപദ്രവിക്കാതിരിക്കൽ (5) പാപങ്ങൾ വെടിയൽ (6) ബാധ്യതകൾ നിർവഹിക്കൽ.''

അദ്ദേഹത്തിൽ നിന്നു തന്നെ ഉദ്ധരിക്കുന്നു.''ആരെങ്കിലും മാതൃകയാക്കുന്നത് നബി(ﷺ)യെയാണെങ്കിൽ സ്വാഭിപ്രായ പ്രകാരം അയാൾ ഒന്നും തെരഞ്ഞെടുക്കുകയില്ല.''

**ഉപസംഹാരം**

ദീനവരി 'അൽമുജാലസ'യിൽ ഉദ്ധരിക്കുന്നു. അബ്ദുർറഹ്മാനുബ്നു അബ്ദിലാഹിൽ ഖിറഖി പറയുന്നു. ''റാഫിദിയാക്കളുടെ തുടക്കം, ഒരു പറ്റം നിർമതവാദികൾ ഒരുമിച്ചു കൂടിയിട്ട് പറഞ്ഞതാണ്. ''നമുക്കവരുടെ പ്രവാചകനെ ചീത്ത വിളിക്കാം''അപ്പോൾ അവരിലെ നേതാവ് പറഞ്ഞു.''എങ്കിൽ നമ്മളെ കൊന്നുകളയും''അപ്പോൾ അവർ പറഞ്ഞു. ''എന്നാൽ അദ്ദേഹത്തിന്റെ അനുചരന്മാരെ നമുക്ക് ചീത്ത വിളിക്കാം; കാരണം, ഇ



ങ്ങനെ പറയാറുണ്ടല്ലോ 'നീ നിന്റെ അയൽവാസിയെ ശല്യം ചെയ്യാനുദ്ദേശിച്ചാൽ അവന്റെ നായയെ നീ എറിയുക. എന്നിട്ട് നീ അവിടുന്ന് മാറിക്കൊള്ളുക.അപ്പോഴത് അവരെ ശല്യം ചെയ്തുകൊള്ളും.' അപ്പോൾ അവർ പറഞ്ഞു. ''അലി ഒഴികെയുള്ള എല്ലാ സ്വഹാബികളും നരകത്തിലാണ്.'' പിന്നീട് അവർ പറഞ്ഞു. ''അലിയായിരുന്നു നബി.എന്നിട്ട് ജിബ്രീലിനു പിഴവു പറ്റിയതാണ്.''

ഇമാം ബുഖാരി തന്റെ 'താരീഖി'ൽ ഇബ്നു മസ്ഊദ്(رضي الله عنه)ൽ നിന്നുമുദ്ധരിക്കുന്നു. ''അല്ലാഹു നൂഹ് നബി(عليه السلام)യെ നിയോഗിച്ചു. അദ്ദേഹത്തിന്റെ സമുദായത്തെ നശിപ്പിച്ചത് നിർമതവാദികളാണ്.പിന്നീട് പ്രവാചകന്മാർ തുടരെ തുടരെ വന്നു. അല്ലാഹുവാണെ, നിരീശ്വര-നിർമത വാദികളാണ് ഈ ഉമ്മത്തിനെ നശിപ്പിച്ചത്. മതങ്ങളെയും കക്ഷികളെയും കുറിച്ച് ഗ്രന്ഥം രചിച്ച ചിലർ റാഫിദിയാക്കളുടെ കക്ഷികളെ പന്ത്രണ്ട് കക്ഷികൾ വരെയാക്കി തിരിച്ചത് ഞാൻ കണ്ടിട്ടുണ്ട്.

എന്നിട്ട് അലി(رضي الله عنه) പ്രവാചകനാണെന്ന് വാദിക്കുന്ന ഒന്നാമത്തെ കക്ഷിക്ക് ,-'അലവില്ല' എന്ന് പറയുന്നു. അവർ 'അശ്ഹദു അന്ന അലിയ്യൻ റസൂലുല്ലാ' എന്ന് അവരുടെ ബാങ്കുകളിൽ അവർ പറയുമായിരുന്നു.

രണ്ടാമത്തേത് 'അൽ അമവിയ്യ':അലി മുഹമ്മദ് നബി(ﷺ)യുടെ പ്രവാചകത്വത്തിൽ പങ്കാളിയാണെന്നാണവർ വാദിച്ചത്.

മൂന്നാമത്തേത് 'അശ്ശാ ഇയ്യ' : അവരുടെ വാദം അലി(رضي الله عنه) നബി(ﷺ)യുടെ 'വസ്വിയ്യ്'(നോമിനി) ആണെന്നും നബി(ﷺ)യ്ക്ക് ശേഷമുള്ള ഭരണാധികാരി അദ്ദേഹമാണ് എന്നുമാണ്. സ്വഹാബികൾ അദ്ദേഹത്തെ നിന്ദിക്കുകയും അല്ലാഹുവിന്റെയും റസൂ

ലിന്റെയും നിർദേശം തള്ളിക്കളയുകയും അവിടുത്തെ 'നോമിനി'യെ (വസ്വിയ്യ്)കൈവിട്ടുകൊണ്ട് മറ്റൊരാളെ ബൈഅത്ത് ചെയ്യുകയായിരുന്നുവത്രെ! ഇക്കൂട്ടർ കളവാണ് പറഞ്ഞത്.അല്ലാഹു അവരെ ശപിക്കട്ടെ! സ്വഹാബത്തിനെ അല്ലാഹു തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. ഈ വിഭാഗത്തെ കുറിച്ചാണ് ആദ്യത്തിൽ നാം സൂചിപ്പിച്ചതും ഇടയ്ക്ക് ഇമാം അബൂഹനീഫ(ﷺ)യുടെ വാക്കുദ്ധരിച്ചതും(പേ:2,3) ഇവരുടെ കാര്യത്തിലെ അത്ഭുതം മറ്റൊന്നാണ്, സ്വഹാബത്ത് പിഴച്ചവരാണെന്ന് പറഞ്ഞു ഹദീഥുകൾ തള്ളുന്നു.കാരണം അവരാണല്ലൊ അത് റിപ്പോർട്ട് ചെയ്തത്. എന്നാലത് ഖുർആന്റെ കാര്യത്തിലും ബാധകമല്ലേ? കാരണം ഹദീഥു നമുക്ക് റിപ്പോർട്ടു ചെയ്തുതന്ന സ്വഹാബികൾ തന്നെയാണ് ഖുർആനും നമുക്ക് എത്തിച്ചു തന്നത്. അത് സ്വീകരിക്കുകയാണെങ്കിൽ ഹദീഥുകൾ സ്വീകരിക്കാനും ഇവർ നിർബന്ധിതരാണ്. കാരണം രണ്ടിന്റെയും റിപ്പോർട്ടർമാർ ഒന്നാണ്.

നാലാമത്തെ വിഭാഗം 'ഇസ്ഹാഖിയ്യ' അവരുടെ വാദം: പ്രവാചകത്വമെന്നത് ആദം(ﷺ) മുതൽ ഖിയാമത്തു നാൾ വരെ തുടരുന്നതാണ്. വേദഗ്രന്ഥത്തിന്റെയും അഹ്ലുൽ ബൈത്തിന്റെയും അറിവ് നേടുന്നവൻ നബിയാണ്.

അഞ്ചാമത്തേത് ''അന്നാവസിയ്യ'.അബൂബക്കറിനും ഉമറിനും അലിയ്യിനേക്കാൾ ശ്രേഷ്ഠത കൽപിക്കുന്നവർ കാഫിറാണെന്നാണ് ഇവരുടെ വാദം.

ആറാമത്തേത് 'ഇമാമിയ്യ'. ഹുസൈൻ(ﷺ)ന്റെ സന്തതികളിൽ നിന്നുള്ള ഇമാം ഇല്ലാത്ത ഒരവസ്ഥ ഭൂമിയിലുണ്ടാവുകയില്ല.ഒന്ന് പ്രകടവും പ്രത്യക്ഷവുമായിരിക്കും. അല്ലെങ്കിൽ ആന്തരിക വിവരണമായിരിക്കും.അദ്ദേഹത്തിൽ (ജിബ്രീ)ലിൽ നിന്നല്ലാ



ത്ത ഒരാളിൽ നിന്നും വിജ്ഞാനം നേടുകയില്ല. അയാൾ മരിച്ചാൽ അതേ സ്ഥാനത്ത് അതുപോലൊരാൾ പകരം ഉണ്ടാകും.

ഏഴാമത്തേത് 'സൈദിയ്യ'. ഹുസൈൻ(ﷺ)ന്റെ മക്കളെല്ലാവരും നമസ്കാരത്തിലെ ഇമാമീങ്ങളാണ്. അവരിലാരെങ്കിലും ഉണ്ടായിരിക്കെ മറ്റാരുടെയും പിന്നിൽ നിന്ന് നമസ്കരിക്കാൻ പാടില്ലെന്നാണ് ഇവർ പറയുന്നത്.

എട്ടാമത്തേത് 'റജഇയ്യ'. അവർ പറയുന്നത് അലിയും അനുചരന്മാരും എല്ലാം ദുൻയാവിലേക്ക് മടങ്ങി വരുമെന്നാണ്.എന്നിട്ട് തന്റെ ശത്രുക്കളിൽ നിന്ന് പ്രതികാരമെടുക്കും. മറ്റാർക്കും ലഭിച്ചിട്ടില്ലാത്തത്ര ആധിപത്യവും അധികാരവും അവർക്ക് ലഭിക്കുമത്രെ! എന്നിട്ട് അനീതിയും അക്രമവും നിറഞ്ഞത് പോലെ ഭൂമി മുഴുവൻ നീതി നിറക്കുകയും ചെയ്യും.

ഒമ്പതാമത്തേത്, 'ലാഇന'. സ്വഹാബത്തിനെ ശപിക്കൽ മതാചാരമായിക്കാണുന്നവരാണിവർ. അല്ലാഹു ഈ വിഭാഗത്തെ ശപിക്കട്ടെ! നബി(ﷺ)യുടെ സ്വഹാബത്തിനെ തൃപ്തിപ്പെടുകയും ചെയ്യട്ടെ!

പത്താമത്തേത് 'സാഇയ്യ' അവർ അലി(ﷺ) 'ഇലാഹ്' (ആരാധനക്കർഹൻ) ആണെന്ന വാദക്കാരാണ്. കള്ളവാദികൾ പറയുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ ഉന്നതനും മഹാനുമാണ്!

പതിനൊന്നാമത്തെ വിഭാഗം 'നാസിഖിയ്യ'-ആത്മാവുകൾ രൂപം മാറിവരുമെന്ന് പറയുന്നവരാണിവർ.

പന്ത്രണ്ടാമത്തേത് 'മുതറബ്ബിസ്വ.' ഓരോ കാലഘട്ടത്തിലും മഹ്ദിയെന്ന പേരിൽ ഒരു നേതാവിനെ നിശ്ചയിക്കും. അയാൾക്കെതിരു പ്രവർത്തിക്കുന്നവൻ 'കാഫിർ' ആണത്രെ!

ആ ഗ്രന്ഥകാരൻ ഓരോ വിഭാഗത്തിനും വിശദമായ മറുപടി നൽകുന്നുണ്ട്. അദ്ദേഹം ഹാഫിള് അബുൽ ഫദ്ൽ ബ്നു നാസ്വിറിന്റെ ഗുരുനാഥന്മാരിലൊരാളാണ്. അദ്ദേഹം ആ ഗ്രന്ഥത്തിൽ തന്റെ സനദോടുകൂടി അബൂ സഈദുൽ ഖുദ്‌രി(﵁)യിൽ നിന്നുമുദ്ധരിക്കുന്നു. ‘‘നബി(ﷺ)യുടെ സ്വഹാബത്തിന്റെ ഉപമ കണ്ണുകൾ പോലെയാണ്. കണ്ണിനുള്ള ചികിത്സ അതിൽ സ്പർശിക്കാതിരിക്കുക എന്നതാണ്.’’

ഇബ്നുവഹബിൽ നിന്ന് തന്റെ സനദോടു കൂടി അദ്ദേഹം ഉദ്ധരിക്കുന്നു.

‘‘ഞങ്ങൾ മാലിക്ബ്നു അനസിന്റെ അടുക്കൽ സുന്നത്ത് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ മാലിക്ക്(﵁) പറഞ്ഞു.

‘‘സുന്നത്ത് നൂഹ് നബി(﵇)ന്റെ കപ്പൽ പോലെയാണ്. ആർ അതിൽ കയറുന്നുവോ അവൻ രക്ഷപ്പെടും. ആർ അതിൽ നിന്ന് വിട്ടു നിൽക്കുന്നുവോ അവൻ മുങ്ങി നശിക്കും.’’

ഇമാം ശാഫിഈ(﵁)യിൽ നിന്നുദ്ധരിക്കുന്ന, ആമുഖത്തിൽ സൂചിപ്പിച്ച റിപ്പോർട്ട്(പേ: 2) അബുനുഐം ‘ഹിൽയ്യ’യിൽ തന്റെ സനദ് സഹിതം ഹുമൈദിയിൽ നിന്നുദ്ധരിക്കുന്നുണ്ട്. അഹുമൈദി പറയുന്നു. ‘‘ഞാൻ ഈജിപ്തിലായിരിക്കെ ഇമാം ശാഫിഈ നബി(ﷺ)യുടെ ഒരു ഹദീഥുദ്ധരിക്കുകയുണ്ടായി. അപ്പോൾ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു. ‘‘അല്ലയോ, അബൂ അബ്ദില്ല! നിങ്ങൾ ഇത് (ഹദീഥിൽ പരാമർശിച്ച വിധി) സ്വീകരിക്കുന്നുണ്ടോ? അപ്പോൾ ആദ്ദേഹം പറഞ്ഞു. ‘‘ഞാൻ ക്രൈസ്തവ ദേവാലയത്തിൽ നിന്ന് വന്നതാണെന്നാണോ നീ വിചാരിച്ചത്?



(അരപ്പട്ട ധരിച്ച പാതിരിയാണ് ഞാനെന്ന് നീ കരുതിയോ) ഞാൻ ആ ഹദീഥിന്റെ വിധി സ്വീകരിക്കാതിരിക്കാൻ?!’’(പേ:2 നോക്കുക)

റബീഅ് ബ്നു സുലൈമാൻ(﵁)ൽ നിന്നുദ്ധരിക്കുന്നു.

ഒരാൾ ഇമാം ശാഫിഈ(﵁)യോട് ഒരു ഹദീഥിനെ കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം അത് സ്വഹീഹാണ് എന്നു പറഞ്ഞു. അപ്പോൾ അയാൾ ഇമാം ശാഫിഈയോട് ചോദിച്ചു ‘‘എന്നാൽ നിങ്ങളുടെ അഭിപ്രായയെന്താണ്?’’

ദേഷ്യത്താൽ വിറച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: നബി(ﷺ)യി ൽ നിന്ന് ഞാനൊരു ഹദീഥു പഠിക്കുകയും എന്നിട്ട് എന്റെ അഭിപ്രായമായി മറ്റൊന്ന് പറയുകയും ചെയ്താൽ ഏത് ആകാശമാണ് എനിക്ക് തണലിട്ടു തരിക? ഏതു ഭൂമിയാണ് എന്നെ വഹിക്കുക?

റബീഇൽ നിന്നുമുദ്ധരിക്കുന്നു. ഇമാം ശാഫിഈ ഒരു ഹദീഥുദ്ധരിച്ചു. അപ്പോൾ ഒരാൾ ചോദിച്ചു. ‘‘ഈ ഹദീഥ് താങ്കൾ സ്വീകരിക്കുന്നുണ്ടോ? അപ്പോൾ അദ്ദേഹം പറഞ്ഞു നബി(ﷺ)യുടെ ഒരു ഹദീഥ് എന്റെയടുക്കൽ സ്ഥിരപ്പെട്ടു വന്നിട്ട് ഞാനത് സ്വീകരിക്കുന്നില്ലെങ്കിൽ എനിക്ക് ബുദ്ധിഭ്രംശം സംഭവിച്ചതായി നിങ്ങൾ സാക്ഷ്യപ്പെടുത്തുക.’’

ഇബ്നുൽ വലീദു ബ്നു അബിൽ ജാവൂദി(﵁)ൽ നിന്നുമുദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു.

ഇമാം ശാഫിഈ പറഞ്ഞു ‘‘നബി(ﷺ)യിൽ നിന്ന് ഹദീഥ് സ്ഥിരപ്പെടുകയും ഞാൻ അതല്ലാത്ത മറ്റൊരഭിപ്രായം പറയുക

യും ചെയ്തിട്ടുണ്ടെങ്കിൽ ഞാൻ എന്റെ അഭിപ്രായത്തിൽ നിന്നും മടങ്ങി സുന്നത്തനുസരിച്ച് പറയുന്നതാണ്.''

സഅ്ഫറാനി(ﷺ)യിൽ നിന്നുദ്ധരിക്കുന്നു.

ഇമാം ശാഫിഈ(ﷺ) പറഞ്ഞു. ''നബി(ﷺ)യുടെ വല്ല സുന്നത്തും (ചര്യ) നിങ്ങൾ കണ്ടാൽ, നിങ്ങളത് സ്വീകരിക്കുക. പിന്നെ മറ്റൊരാളുടെ അഭിപ്രായത്തിലേക്കും നിങ്ങൾ തിരിഞ്ഞു നോക്കേണ്ടതില്ല.''

അല്ലാഹുവാണ് കൂടുതലറിയുന്നവൻ

പൂർവ്വസൂരികളായ ഇമാമീങ്ങളുടെയും പണ്ഡിതന്മാരുടെയും വാക്കുകൾ നാം കണ്ടുകഴിഞ്ഞു. പ്രമാണങ്ങളോടല്ലാതെ മറ്റാരോടും പ്രതിബദ്ധതയില്ലാത്ത ആ ധീരമായ നിലപാട് പുലർത്തി സത്യസന്ധമായി ജീവിക്കാനും നാളെ പരലോകത്ത് അമ്പിയാകളുടെയും സ്വാലിഹീങ്ങളുടെയും ശുഹദാക്കളുടെയും കൂടെ 'ജന്നാത്തുൽ ഫിർദൗസിൽ' സമ്മേളിക്കാനും നമ്മെയും നമ്മുടെ ഇമാമീങ്ങളെയും അല്ലാഹു അനുഗ്രഹിക്കട്ടെ!

ആമീൻ (വിവർത്തകൻ)

****